# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2020 ജൂലൈ 23 | ദീപം 53 | നാളം 12 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.com


## വിശുദ്ധ അൽഫോൻസാമ്മ
## സന്ന്യാസധീരതയുടെ സാക്ഷ്യം



■ മാർ തോമസ് തറയിൽ

**അ**ൽഫോൻസാമ്മ എന്ന നാമം നമ്മുടെയെല്ലാമുള്ളിൽ സ്നേഹമുണർത്തുന്നതാണ്. ബാല്യകാലം മുതൽത്തന്നെ ആ നാമം കൂടുതലായി കേട്ടുവളർന്ന അനുഭവമായിരുന്നു എന്റേത്. എന്റെ വല്യപ്പൻ ശ്രീ റ്റി.ജെ. ജോസഫ് തറയിൽ സാർ വി. അൽഫോൻസാമ്മ വാഴപ്പള്ളിയിൽ പഠിച്ചിരുന്നപ്പോൾ അവിടെ ഹെഡ്മാസ്റ്ററായിരുന്നു. വല്യപ്പച്ചനോടൊപ്പം അൽഫോൻസാമ്മയും മറ്റു വിദ്യാർത്ഥിനികളും ഇരിക്കുന്ന ഫോട്ടോ വീട്ടിലെ ഒരമൂല്യവസ്തുവായിരുന്നു. വി. അൽഫോൻസാമ്മയുടെ നാമകരണനടപടികളോടനുബന്ധിച്ച് അന്നത്തെ വൈസ് പോസ്റ്റുലേറ്റർ ബഹു. തോമസ് മൂത്തേടനച്ചൻ വീട്ടിൽ വന്നതും മായാത്ത ഓർമ്മയാണ്. വി. ജോൺപോൾ രണ്ടാമൻ പാപ്പാ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചപ്പോൾ ചങ്ങനാശ്ശേരിയിൽനിന്നു പ്രത്യേക ട്രെയിനിൽ പത്തുരൂപ ടിക്കറ്റിൽ യാത്ര ചെയ്തതും ആവേശപൂർവ്വം ആ ചടങ്ങുകളിൽ പങ്കെടുത്തതും ഓർക്കുന്നു. പിന്നീട് 2008 ഒക്ടോബർ 12 ന് റോമിലെ സെന്റ് പീറ്റേഴ്സിൽ അൽഫോൻസാമ്മ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട ചടങ്ങിൽ പങ്കെടുക്കാൻ അനുഗ്രഹം ലഭിച്ചു. അന്നു ഞാനവിടെ വിദ്യാർത്ഥിയായിരുന്നു. തികച്ചും ദുസ്സാധ്യമായിരുന്ന സ്കോളർഷിപ്പ്, ഡോക്ടറേറ്റ്പഠനത്തിന് ആ ദിവസംതന്നെ ലഭിച്ചതും വി. അൽഫോൻസാമ്മയുടെ അനുഗ്രഹമായി ഞാൻ കരുതുന്നു. ഏറ്റവും കൂടുതൽ പ്രാവശ്യം സന്ദർശിച്ചു പ്രാർത്ഥിച്ച കബറിടവും അമ്മയുടേതാണ്. മെത്രാൻപട്ടം സ്വീകരിച്ചതിനുശേഷം പിറ്റേന്നുതന്നെ ഭരണങ്ങാനത്തെത്തി അമ്മയുടെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചിരുന്നു. അനേകായിരങ്ങൾക്ക് ഇന്നും അനുഗ്രഹസാന്നിധ്യമാണ് വി. അൽഫോൻസാമ്മ.

**ജൂലൈ 28**
**വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ**


കേരളത്തിൽ കത്തോലിക്കാസന്ന്യാസത്തെക്കുറിച്ച് ഊതിപ്പെരുപ്പിച്ച അബദ്ധങ്ങൾ പ്രചരിപ്പിക്കുന്നവർ മനഃപൂർവ്വം വിസ്മരിക്കുന്ന ഒരു യാഥാർത്ഥ്യം വി. അൽഫോൻസാ ഒരു ഫ്രാൻസിസ്കൻ കന്യാസ്ത്രീയായിരുന്നു എന്നതാണ്. കേരളത്തിൽനിന്നു വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടവരെല്ലാംതന്നെ സന്ന്യസ്തരാണ്. സന്ന്യാസം വിശുദ്ധിയിലേക്കുള്ള വഴിയാണ് എന്നതിനു വേറേ തെളിവുകളുടെ ആവശ്യമില്ല.

**സ്വാതന്ത്ര്യത്തിന്റെ ജീവിതം**

യഥാർത്ഥ സന്ന്യാസി ആന്തരികസ്വാതന്ത്ര്യം അനുഭവിക്കുന്നു. ഉള്ളിൽ സ്വാതന്ത്ര്യം ഇല്ലാതെ ആർക്കും സമർപ്പിതജീവിതത്തിലേക്കു കടന്നുവരാൻ സാധിക്കില്ല. സ്നേഹം നൽകുന്ന സ്വാതന്ത്ര്യമാണ് ജീവിതസമർപ്പണത്തിന്റെ അടിസ്ഥാനം. ചിലപ്പോഴൊക്കെ മാധ്യമങ്ങളിൽ നൽകപ്പെടുന്ന ആശയങ്ങൾ പ്രത്യേകിച്ചും കന്യാസ്ത്രീകൾ നിർബന്ധിക്കപ്പെട്ടു സന്ന്യാസം സ്വീകരിക്കുന്നു എന്നതാണ്. മാതാപിതാക്കൾ നിർബന്ധിച്ച് മഠത്തിൽ ചേർക്കുന്നു, സാഹചര്യങ്ങളുടെ നിർബന്ധംമൂലം സന്ന്യാസത്തിൽ വരുന്നു എന്നൊക്കെയുള്ള ആശയങ്ങൾ ആരുടെയൊക്കെയോ മനസ്സിൽ കയറിക്കൂടുന്ന അബദ്ധധാരണകളും ഭാവനകളുമാണ്. വിശുദ്ധ അൽഫോൻസാമ്മയുടെ ജീവിതം ദൈവവിളിയോടു പ്രത്യുത്തരിക്കുന്നതിൽ അവൾ പുലർത്തിയ ആന്തരികസ്വാതന്ത്ര്യം വിളിച്ചോതുന്നുണ്ട്.

അൽഫോൻസാമ്മ മഠത്തിൽ ചേരുന്നതിന്റെ പശ്ചാത്തലം പല ജീവചരിത്രകാരന്മാരും വിവരിച്ചിട്ടുണ്ട്. ശാരീരികവും ആത്മീയവുമായ സൗന്ദര്യത്താൽ നിറഞ്ഞ അന്നക്കുട്ടിയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ച ചെറുപ്പക്കാർ പലരുണ്ടായിരുന്നു.

▶12



## ദൈവസ്നേഹത്തിന്റെ
## പനിമലർ



■ ജസ്റ്റീസ് കുര്യൻ ജോസഫ്

**ആ**വൃതിയിൽ ഒരു നിർവൃതി കണ്ടെത്താൻ സാധിച്ച അൽഫോൻസാമ്മയുടെ ജീവിതരഹസ്യമെന്നു പറയുന്നത്, തന്നെ വിളിച്ചവനോടുള്ള സ്നേഹത്താൽ നിറഞ്ഞു ജീവിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. തന്നെ വിളിച്ചവന്റെ സ്നേഹത്തിലായിരിക്കാൻവേണ്ടി മാത്രമാണ് താൻ വിളിക്കപ്പെട്ടതെന്നും ആ വിളിച്ചവന്റെ സ്നേഹത്തിൽ നിറഞ്ഞിരിക്കുമ്പോൾ മറ്റാരുടെയും സ്നേഹത്തിനു പ്രസക്തിയില്ല, കൊതിയില്ല, ഒരാഗ്രഹംപോലുമില്ല എന്ന അവസ്ഥയിലേക്കും അൽഫോൻസാമ്മ വളർന്നു. സന്ന്യാസത്തിന്റെ ആത്മനിർവൃതി ഇതാണ്. അൽഫോൻസാമ്മയും കൊച്ചുത്രേസ്യായും ഒക്കെ അനുഭവിച്ച, ഇന്നും എത്രയോ സന്ന്യാസിമാരും സന്ന്യാസിനിമാരും അനുഭവിക്കുന്ന ആത്മനിർവൃതിയാണത്.

ആവൃതിയിൽ നിർവൃതിയില്ലാതെ വരുന്നത്, സ്നേഹം കിട്ടുന്നില്ല എന്ന പരാതിയും പരിഭവവും വരുമ്പോഴാണ്. ഈ പരിഭവം വരുന്നതു പലവിധത്തിലാണ്. അംഗീകാരം കിട്ടുന്നില്ല, വേണ്ടത്ര പരിഗണന കിട്ടുന്നില്ല, വേണ്ടത്ര പരിലാളന കിട്ടുന്നില്ല. അങ്ങനെ പരിഭവങ്ങളുടെ ഒരു അസ്വസ്ഥതയാണ് സന്ന്യാസത്തിലെ അസംതൃപ്തി എന്നു പറയുന്നത്. അൽഫോൻസാമ്മയ്ക്കു പിറുപിറുപ്പുണ്ടായിരുന്നില്ല. എപ്പോഴെങ്കിലും എന്തിനെയെങ്കിലും കുറിച്ച് പരിതപിച്ചതായോ പിറുപിറുത്തതായോ അൽഫോൻസാമ്മയുടെ ജീവിതത്തിൽ വായിക്കുന്നില്ല. കാരണം, എല്ലാത്തിനെയും ഉൾക്കൊള്ളാനുള്ള ഒരു ജ്ഞാനത്തിന്റെ അടയാളമായി സഹനത്തെ സ്വീകരിക്കാനുള്ള കൃപ ദൈവസ്നേഹത്തിന്റെ നിറവിലൂടെ അൽഫോൻസാമ്മ അനുഭവിച്ചിരുന്നു.

മനുഷ്യസ്നേഹം മാറാം; പക്ഷേ, ദൈവസ്നേഹം മാറില്ല. മാറുന്ന മനുഷ്യസ്നേഹത്തിന്റെ കൊതിയുള്ളവളായിരുന്നില്ല അൽഫോൻസാമ്മ. അത് ഈ ലോകജീവിതത്തിലാണ്, ഈ ലോകജീവിതത്തിന്റെ ശൈലിയിൽ ജീവിക്കുമ്പോഴാണ്. മാറാത്ത ദൈവസ്നേഹത്തിന്റെ നിറവാണ് സന്ന്യാസത്തിലുള്ളത്. കുടുംബജീവിതത്തിൽ സന്ന്യാസമോ, സന്ന്യാസജീവിതത്തിൽ കുടുംബമോ വിജയിക്കാത്തതിന്റെ കാരണമതാണ്. രണ്ടിന്റെയും ശൈലിയും സിദ്ധിയും വേറേയാണ്.

എനിക്കറിയാവുന്ന ഒരു സന്ന്യാസസമൂഹത്തെ ഒരു വൃദ്ധദമ്പതികൾ അവരുടെ വീട്ടിൽ മഠത്തിന്റെ ശാഖ തുടങ്ങാനായി വിളിച്ചു. ഒരു കണ്ടീഷൻ മാത്രമേയുള്ളൂ; അപ്പാപ്പനെയും അമ്മാമ്മയെയും നോക്കണം. അവർ സന്തോഷത്തോടെ വന്നു, ഭവനം ആരംഭിച്ചു. പക്ഷേ, ആ സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. കാരണം, ഒരു കുടുംബത്തിനകത്തു സന്ന്യാസവും, സന്ന്യാസത്തിനകത്ത് കുടുംബവും ഒരുമിച്ചു പോവില്ല. രണ്ടിന്റെയും ശൈലികൾ വേറേയാണ്. രണ്ടിന്റെയും സിദ്ധികളും വേറേയാണ്. അവസാനം അപ്പാപ്പനും അമ്മാമ്മയും പറഞ്ഞു: ഞങ്ങൾക്ക് ഒരു സന്തോഷവുമില്ല, സംതൃപ്തിയുമില്ല.

▶09

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



Provincial Superior & Sisters

FRANCISCAN CLARIST CONGREGATION (F.C.C.)

# ALPHONSA JYOTHI PROVINCE BHARANANGANAM

PROVINCIAL HOUSE, ARUVITHURA

Ph: 04822- 273417, Fax: 04822-275061 Email:bhmaruvithura@yahoo.co.in

---

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



Provincial Superior & Sisters

FRANCISCAN CLARIST CONGREGATION (F.C.C.)

# ALPHONSA PROVINCE PALA

SAN DAMIANO, PULIYANNOOR, PALA

Ph: 04822- 206019, 206552 Email:fccpalaprovince@yahoo.co.in, Web: fccpala.org

---

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

*Principal, Staff & Students*

# ALPHONSA COLLEGE, PALA



ARUNAPURAM P.O., KOTTAYAM DIST., KERALA-686574

Ph: *04822-212447, Fax : 04822-216447*

NAAC Re-accredited (4th Cycle) with 'A' grade (CGPA-3.24) in 2019

AFFILIATED TO MG UNIVERSITY, KOTTAYAM

A Minority Educational Institution approved by National Commission for Minority Educational Institutions, Government of India

Email : *principal@alphonsacollege.in, aicspala@rediffmail.com alphonsaoffice@gmail.com* Website : *www.alphonsacollege.in*

---

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



SUPERIOR GENERAL & COMMUNITY

DAUGHTERS OF ST. THOMAS

# DST GENERALATE

BHARANANGANAM PHONE: 04822-236387

---

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ...

# വൈപ്പന ദന്താശുപത്രി, പാലാ



PHONE : 04822-212015 (Off.)
205168, 205282 (Res.)

Dr. ALEX ABRAHAM BSc. B.D.S.
Dr. Mrs. THRESIAMMA ALEX B.D.S.
Dr. JOSEPH SEBASTIAN B.D.S., MDS (Ortho)

# മതേതരത്വത്തിന്റെ നട്ടെല്ലൂരി എന്തിനീ സിലബസ് ?



പ്രഫ. റോണി കെ. ബേബി

ഏകാധിപത്യസർവാധിപത്യ ഭരണകൂടങ്ങളുടെയെല്ലാം പൊതുസ്വഭാവം കപടദേശീയതയാണ്. ഇതിന് ചരിത്രത്തിലെ ഏറ്റവും നല്ല ഉദാഹരണം ജർമ്മനിയിലും ഇറ്റലിയിലും അധികാരത്തിലുണ്ടായിരുന്ന ഫാസിസ്റ്റ്, നാസി ഭരണകൂടങ്ങളാണ്. ഇവർ ഉപയോഗിച്ച കപടദേശീയതയുടെ ഏറ്റവും വലിയ ആയുധം കപടപ്രചാരണതന്ത്രങ്ങളാണ്. അഡോൾഫ് ഹിറ്റ്ലർ പറയുന്നതു ശ്രദ്ധിക്കുക: "ബുദ്ധിപരവും നിരന്തരവുമായ പ്രചാരണത്തിലൂടെ ജനങ്ങൾക്ക് സ്വർഗ്ഗത്തെ നരകമായും നരകത്തെ സ്വർഗ്ഗമായും കാണിച്ചുകൊടുക്കാനാവും." ഹിറ്റ്ലറുടെ പ്രചാരണവിഭാഗം മേധാവിയായിരുന്ന ഗീബൽസ് പറഞ്ഞതും ഇതാണ്: "ഒരു നുണ നൂറു പ്രാവശ്യം ആവർത്തിച്ചാൽ അതു സത്യമായി മാറും."

ഇന്ത്യയിൽ അധികാരത്തിലിരിക്കുന്ന ഭരണകൂടവും അതിന്റെ പ്രത്യയശാസ്ത്രവും ഇപ്പോൾ നിർലജ്ജം ചെയ്തുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. രാജ്യത്തെ കോടിക്കണക്കിനാളുകൾ കോവിഡ് രോഗംമൂലവും അതുമായി ബന്ധപ്പെട്ട സാമ്പത്തികപ്രതിസന്ധിയിലും വലഞ്ഞുകൊണ്ടിരിക്കുമ്പോൾ അതൊന്നും വകവയ്ക്കാതെ കേന്ദ്രഭരണത്തെ നിയന്ത്രിക്കുന്ന സംഘപരിവാർ അവരുടെ വർഗീയ അജണ്ടകളുമായി മുന്നോട്ടുപോവുന്നുവെന്നാണ് സി.ബി.എസ്.ഇ.യുമായി ബന്ധപ്പെട്ട പാഠപുസ്തകവിവാദങ്ങൾ സൂചിപ്പിക്കുന്നത്.



**വിവാദങ്ങളുടെ പശ്ചാത്തലം**

കോവിഡും ലോക്ഡൗണും കാരണം നഷ്ടപ്പെട്ട അദ്ധ്യയനദിനങ്ങൾ വിദ്യാർത്ഥികളിൽ അമിതഭാരമുണ്ടാക്കാതിരിക്കാൻ എന്ന പേരിൽ സ്കൂൾ സിലബസിൽനിന്നു 30 ശതമാനം ഭാഗങ്ങൾ ഒഴിവാക്കാൻ സി.ബി.എസ്.ഇ. തീരുമാനിച്ചതോടെയാണ് വിവാദങ്ങൾ ആരംഭിച്ചത്. ഒഴിവാക്കാൻ തീരുമാനിച്ച പാഠഭാഗങ്ങൾ ഏതെന്നു പരിശോധിക്കുമ്പോൾ ഇന്ത്യയുടെ സമകാലികരാഷ്ട്രീയത്തെ സാകൂതം നിരീക്ഷിക്കുന്ന ഒരാളുടെ മനസ്സിൽ സ്വാഭാവികമായും ചില ചോദ്യങ്ങൾ ഉയരും. എക്കാലവും രാഷ്ട്രീയതാത്പര്യങ്ങൾക്കു വിധേയപ്പെടുന്ന സാമൂഹികപാഠപുസ്തകങ്ങളിലെ പ്രധാന ഒഴിവാക്കലുകൾ ഇവയാണ്:

ഒമ്പതാം ക്ലാസ്–സാമൂഹികപാഠത്തിൽ ജനാധിപത്യാവകാശങ്ങൾ, ഇന്ത്യൻ ഭരണഘടനയുടെ സ്വഭാവം, ഇന്ത്യയിലെ ഭക്ഷ്യസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ.

പത്താം ക്ലാസ് – സാമൂഹികപാഠത്തിൽ ജനാധിപത്യവും നാനാത്വവും, ജാതി, മതം, ലിംഗം, ജനാധിപത്യത്തിനുള്ള വെല്ലുവിളികൾ, വനം – വന്യജീവി എന്നിവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ.

പതിനൊന്നാം ക്ലാസ് – പൊളിറ്റിക്കൽ സയൻസിൽ ഫെഡറലിസം, പൗരത്വം, ദേശീയത, മതനിരപേക്ഷത, ലോക്കൽ ഗവൺമെന്റ്, ബിസിനസ് സ്റ്റഡീസിൽ ജിഎസ്ടി, കറൻസി പിൻവലിക്കൽ മുതലായ പാഠഭാഗങ്ങൾ.

പന്ത്രണ്ടാം ക്ലാസ് – പൊളിറ്റിക്കൽ സയൻസിൽ സമകാലിക ലോകത്തിലെ സുരക്ഷ, പാരിസ്ഥിതിക പ്രകൃതിവിഭവങ്ങൾ, ഇന്ത്യയിലെ സാമൂഹികവും നവീനവുമായ മുന്നേറ്റങ്ങൾ, കൊളോണിയലിസം, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, നേപ്പാൾ, ശ്രീലങ്ക, മ്യാൻമർ എന്നീ അയൽക്കാരുമായുള്ള ഇന്ത്യയുടെ ബന്ധം, ബിസിനസ് സ്റ്റഡീസിൽ നോട്ട് നിരോധനം എന്നിവ.

സംഘപരിവാറിന് അസ്വീകാര്യവും അസ്വസ്ഥത ഉണ്ടാക്കുന്നതുമായ മതനിരപേക്ഷത, ജനാധിപത്യം, ദേശീയത, പൗരത്വം, പഞ്ചവൽസരപദ്ധതികൾ, പ്ലാനിംഗ് കമ്മീഷൻ, കറൻസി പിൻവലിക്കൽ തുടങ്ങിയ പാഠഭാഗങ്ങളുടെ കടയ്ക്കൽ കത്തിവച്ചു എന്ന വലിയ വിമർശനമാണ് പല ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. 'കോവിഡ്പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ കഴിഞ്ഞ നാലു മാസമായി അടഞ്ഞുകിടക്കുകയാണ്. ഈ സാഹചര്യത്തിലാണ് സി.ബി.എസ്.ഇ. സ്കൂൾ സിലബസ് കാര്യമായി പരിഷ്കരിക്കാൻ തീരുമാനിച്ചത്' എന്നാണ് സി.ബി.എസ്.ഇ. സെക്രട്ടറി അനുരാഗ് ത്രിപാഠി വിവാദങ്ങളോടു പ്രതികരിച്ചത്. 'പഠനഭാരവും പഠിപ്പിക്കാൻ അധ്യാപകരുടെ മേൽ വരുന്ന ഭാരവും കുറയ്ക്കാനാണ് തീരുമാനമെന്ന്' കേന്ദ്രമാനവവിഭവശേഷിമന്ത്രി രമേശ് പൊക്രിയാൽ നിഷാങ്ക് തീരുമാനത്തോടു പ്രതികരിക്കുന്നു. അദ്ദേഹം ഒരുപടികൂടി കടന്ന് ഇങ്ങനെ പറയുന്നു: "പ്രധാന പാഠഭാഗങ്ങളും വിഷയങ്ങളും സിലബസിൽ നിലനിർത്തും. ഉപരിപഠനത്തിനു തടസ്സമുണ്ടാകാത്ത രീതിയിലാകും സിലബസ് പരിഷ്കരണം."

മന്ത്രിയുടെ വാക്കുകൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന സ്വാഭാവികമായ സംശയം മതേതരത്വം, ദേശീയത, ജനാധിപത്യം, പൗരത്വം എന്നിവ ഒന്നും വിദ്യാർത്ഥികൾ പഠിക്കേണ്ട സുപ്രധാന ഭാഗങ്ങൾ അല്ലേ എന്നാണ്? അല്ല എന്നാണ് സംഘപരിവാർ ബുദ്ധിജീവികൾ കാലങ്ങളായി പറഞ്ഞുവരുന്നത്. അധികാരത്തിലെത്തിയപ്പോഴൊക്കെ അവരുടെ ശ്രമങ്ങൾ ഈ ഭാഗങ്ങൾ എങ്ങനെയും പാഠ്യപദ്ധതിയിൽനിന്നു പുറത്താക്കുന്നതിനുവേണ്ടിയായിരുന്നു.

എന്തുകൊണ്ടാണ് മതേതരത്വം, ദേശീയത, ജനാധിപത്യം തുടങ്ങിയ ഇന്ത്യയുടെ ബഹുസ്വരതയും ആത്മാവുമായി ബന്ധപ്പെട്ട വാക്കുകൾ തുടർച്ചയായി സംഘപരിവാറിനെ അസ്വസ്ഥമാക്കുന്നത്?

**ഒഴിവാക്കലുകൾ എന്തിനുവേണ്ടി?**

സംഘപരിവാർ വിഭാവനം ചെയ്യുന്ന ദേശീയതയിൽ മതേതരത്വത്തിനും ബഹുസ്വരതയ്ക്കും സ്ഥാനമില്ല എന്ന് ആർഎസ്എസ് പലതവണ വ്യക്തമാക്കിയിട്ടുള്ളതാണ്. ഭാരതം ഒരു ഹിന്ദുരാഷ്ട്രമാണെന്ന കാഴ്ചപ്പാടിൽ രാഷ്ട്രീയസ്വയംസേവകസംഘം ഉറച്ചുനിൽക്കുന്നതായി ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത് കഴിഞ്ഞ വിജയദശമിദിവസത്തിലും ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്നു.

ശേഷം 11–ാം പേജിൽ

# ശുചിത്വം സമൂഹത്തിന്റെ അവകാശവും കടമയും


**ഹരിതപാഠം 28**



മാർ ജേക്കബ് മുരിക്കൻ

ജീവിതത്തിന്റെ വേഗവും സ്വഭാവവും മാറിയപ്പോൾ മാലിന്യങ്ങളുടെ അളവിൽ വലിയ വർദ്ധനയുണ്ടായി. ജീവിതശൈലിയിലും ആഹാരരീതിയിലും വന്ന മാറ്റങ്ങളും മാലിന്യം വർദ്ധിക്കുവാനിടയാക്കി. ആധുനികജീവിതക്രമത്തിൽ മാലിന്യസംസ്കരണത്തിനു വലിയ വെല്ലുവിളികളുയരുന്നുണ്ട്. യുന്ന തരത്തിലുള്ള ചുറ്റുപാടുകളാണ് നാം സൃഷ്ടിക്കുന്നത്. മണ്ണിൽ നിക്ഷേപിക്കപ്പെടുന്ന അജൈവവസ്തുക്കളുടെ സാന്നിധ്യംമൂലം മണ്ണു മരിക്കുന്ന സ്ഥിതിയും സംജാതമാകുന്നു. നമ്മുടെ ജലസ്രോതസ്സുകളിലേക്കു മണ്ണിലെ സ്വാഭാവികലവണങ്ങൾ മാത്രം അലിഞ്ഞുചേരുന്നതിനുപകരം ജൈവഅജൈവമാലിന്യങ്ങൾ നദികളിലും പുഴകളിലും മറ്റും വലിച്ചെറിയുന്നതുമൂലം ജലസ്രോതസ്സുകൾ അപകടകരമായ വിധത്തിൽ മലിനപ്പെടുന്നു. ഫാക്ടറികളിൽനിന്നു വരുന്ന രാസവസ്തുക്കളും ജലസ്രോതസ്സുകളെ അപകടകരമാക്കുന്നു. ഇവയെല്ലാം പരിസ്ഥിതിപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉളവാക്കുന്നു.

മാലിന്യപ്രശ്നം കൈകാര്യം ചെയ്യുന്നതിനു ശക്തമായ നിയമനടപടികൾ എല്ലാ രാജ്യങ്ങളിലുമുണ്ട്. ഭാരതത്തിലും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടു ശക്തമായ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. എന്നാൽ, അവ നടപ്പിലാക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നതാണ് പ്രധാന പ്രശ്നം. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടുള്ള നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്കു വ്യക്തമായ അവബോധം നൽകണം. പൊതുജനങ്ങൾക്ക് ഇവ സംബന്ധിച്ചുള്ള നിയമങ്ങൾ ബോധ്യപ്പെടുത്തി നിയമലംഘനം ഗൗരവാവഹമായ ശിക്ഷകൾക്കു കാരണമാകുന്നതാണെന്നു വ്യക്തമായ അറിവു നൽകണം. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സ്കൂൾതലംതൊട്ട് പഠിപ്പിക്കണം. ഉദാഹരണമായി, ഭക്ഷണപദാർത്ഥങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ പാചകം ചെയ്യുകയോ സൂക്ഷിക്കുകയോ ചെയ്യുന്നത് ഒരു ലക്ഷം രൂപവരെ പിഴ ചുമത്താവുന്ന കുറ്റമാണ്. അതുപോലെ കൃത്യമായ നിയമങ്ങളും നടപടികളും നിലവിലുണ്ട്.



ഇന്ത്യയിലെതന്നെ പല നഗരങ്ങളിലെയും മാലിന്യങ്ങൾ ചില പ്രത്യേകസ്ഥലങ്ങളിൽ കുന്നുപോലെ നിക്ഷേപിച്ചു വലിയ മാലിന്യമലകൾതന്നെ രൂപപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യവളർച്ച പരമാവധി കുറയ്ക്കുകയും മാലിന്യസംസ്കരണം വിപുലപ്പെടുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. കേരളജീവിതക്രമം പരിശോധിച്ചാൽ ജനങ്ങളുടെ വ്യക്തിശുചിത്വബോധം വികസിതരാജ്യങ്ങളുടെ ഒപ്പം നിൽക്കുന്നതാണ്. എന്നാൽ, ദയനീയമായ ഒരു മറുവശം പൊതുശുചിത്വത്തിന്റെ കാര്യത്തിലാണ്. സ്വന്തം വീടുപോലെതന്നെയായിരിക്കണം നാടും എന്ന ചിന്ത വളർന്നുവരണം. പൊതുസ്ഥലങ്ങളിലെ ടോയ്‌ലറ്റുകളും മറ്റും വളരെ ദയനീയമായ സ്ഥിതിയിലാണ്. ഇവിടെ കാര്യമായ പുനർചിന്തനം മലയാളിക്കാവശ്യമാണ്. നമ്മുടെ മണ്ണും ജലവും വായുവും മലിനമാകാതെ സൂക്ഷിക്കുന്നതിന് ഓരോ വ്യക്തിക്കും സുപ്രധാന പങ്കുണ്ട്.

മണ്ണിനെ ഫലപുഷ്ടമാക്കുന്നതിൽ ജൈവവസ്തുക്കളുടെ സാന്നിധ്യം സുപ്രധാനമാണ്. ജൈവവസ്തുക്കൾ മണ്ണിലലിഞ്ഞുചേരാനുള്ള സാധ്യത അട

□

# ചാരിതാർത്ഥ്യത്തോടെ വള്ളോംപുരയിടത്തിലച്ചൻ കൃതജ്ഞതയോടെ ജിനിലും മാതാപിതാക്കളും



അൽഫോൻസാമ്മയെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നതിനു ശാസ്ത്രീയമായി തെളിയിക്കപ്പെട്ട അദ്ഭുതം സംഭവിച്ചത് കുറുപ്പന്തറ ഒഴുതൊട്ടിയിൽ ഷാജി - ലിസി ദമ്പതികളുടെ മകനായ ജിനിൽ മെറിൻ ഷാജിയിലാണ്. ജിനിലിന്റെ രണ്ടു പാദങ്ങളും ജന്മനാ അകത്തേക്കു വളഞ്ഞ നിലയിലായിരുന്നു. അൽഫോൻസാമ്മയുടെ മധ്യസ്ഥതയാൽ കാലുകളുടെ ഈ വൈകല്യം മാറിയെന്നതാണ് ജിനിലിൽ സംഭവിച്ച അദ്ഭുതം. ഈ അദ്ഭുതത്തിനു കാരണക്കാരനായതു താനാണല്ലോ എന്ന സംതൃപ്തിയാണ് ഇപ്പോൾ ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടറായി സേവനമനുഷ്ഠിക്കുന്ന ഫാ. ജോസ് വള്ളോംപുരയിടത്തിനുള്ളത്.

ഫാത്തിമാപുരം പള്ളിയിൽ വികാരിയായിരിക്കുമ്പോഴാണ് ആ ഇടവകക്കാരിയായിരുന്ന പനച്ചിക്കൽ ലിസിയിൽനിന്നു മകൻ ജിനിലിന്റെ ദുഃഖകഥ ഫാ. വള്ളോംപുരയിടം അറിയുന്നത്.

ജിനിൽ പിറന്നു പിറ്റേന്നു തന്നെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊണ്ടുപോയി പ്ലാസ്റ്ററിട്ടു. വേദനയെത്തുടർന്ന് പ്ലാസ്റ്റർ മാറ്റി. അപ്പോഴേക്കും കാലിൽ വ്രണം പടർന്നിരുന്നു. ശസ്ത്രക്രിയ മാത്രമാണ് ഇനി പ്രതിവിധിയെന്ന് ഡോക്ടർമാർ വിധിച്ചു. പക്ഷേ, ഇതു സംബന്ധിച്ച് പെട്ടെന്നൊരു തീരുമാനമെടുക്കാൻ മാതാപിതാക്കൾക്കു കഴിയുമായിരുന്നില്ല.

ഈ സാഹചര്യത്തിൽ ജിനിലിനെയുംകൊണ്ട് ഭരണങ്ങാനത്ത് അൽഫോൻസാമ്മയുടെ കബറിടത്തിലെത്തി പ്രാർത്ഥിക്കാൻ വള്ളോംപുരയിടത്തിലച്ചൻ മാതാപിതാക്കളെ ഉപദേശിക്കുകയായിരുന്നു.



മാതാപിതാക്കളോടൊപ്പം സുഖപ്പെട്ട പാദങ്ങളോടെ മധ്യത്തിൽ നിൽക്കുന്നത് ജിനിൽ (ഫയൽ ചിത്രം)



വൈദികവിദ്യാർത്ഥിയായ ജിനിൽ

1999 ലെ ഒരു ആദ്യവെള്ളിയാഴ്ച ജിനിലിനെയും കൂട്ടി അവർ അൽഫോൻസാമ്മയുടെ അടുക്കലെത്തി. കബറിൽ കുഞ്ഞിനെ കിടത്തിയപ്പോൾ അവൻ കൈകാലുകളിട്ട് അടിക്കുകയും പിടയ്ക്കുകയും ചെയ്തത് അമ്മ ലിസി ഇപ്പോഴും ഓർക്കുന്നു. അൽഫോൻസാമ്മയോടു പ്രാർത്ഥിച്ച് നേർച്ചകാഴ്ചകൾ സമർപ്പിച്ച് അവർ മടങ്ങി.



ഫാ. ജോസ് വള്ളോംപുരയിടം
(റെക്ടർ, വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം, ഭരണങ്ങാനം)

ഷാജിയും ലിസിയും ജിനിലുമായി അന്ന് ഫാത്തിമാപുരത്തുള്ള ലിസിയുടെ വീട്ടിലേക്കാണ് പോയത്. അന്ന് സന്ധ്യാപ്രാർത്ഥനയുടെ സമയത്ത് ജിനിൽ 'പപ്പാ' എന്നു വിളിച്ച് നാലഞ്ചടി നടന്നു. പിറ്റേന്നു രാവിലെതന്നെ ഷാജിയും ലിസിയും ഫാത്തിമാപുരം പള്ളിയിലെത്തി അൽഫോൻസാമ്മവഴി ജിനിലിൽ സംഭവിച്ച അദ്ഭുതം വള്ളോംപുരയിടത്തിലച്ചനെ അറിയിക്കുകയായിരുന്നു.

ജിനിൽ വളർന്നു. കർത്താവ് തന്നെ പൗരോഹിത്യത്തിലേക്കു വിളിക്കുന്നതായി അവന് അനുഭവപ്പെട്ടു. പാലാ രൂപതയ്ക്കു വേണ്ടി ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ പഠനമാരംഭിച്ചു.

ഇപ്പോൾ തലശ്ശേരിയിലുള്ള കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരിയിൽ ഒന്നാം വർഷ തത്ത്വശാസ്ത്രവിദ്യാർത്ഥിയാണ് ജിനിൽ. വി. അൽഫോൻസാമ്മവഴി തനിക്കു ലഭിച്ച അദ്ഭുതസൗഖ്യത്തിന് അളവില്ലാത്ത കടപ്പാടുകളുമായി, ദൈവാനുഗ്രഹത്തിന്റെ നിറസാക്ഷ്യമായി കൂടുതൽ വിനയാന്വിതനാകുന്നു ജിനിൽ.

സഹോദരൻ ജൂബിൻ മെറിൻ ഷാജി ബി.ടെകിനുശേഷം യു.കെ.യിൽ മാസ്റ്റേഴ്സ് ബിരുദം ചെയ്യുകയാണിപ്പോൾ.

ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രം റെക്ടറായ വള്ളോംപുരയിടത്തിൽ ബഹുമാനപ്പെട്ട ജോസച്ചൻ നടന്നതെല്ലാം ഒരു ദൈവനിയോഗമായി കാണുന്നു.

-ജോയി മുത്തോലി

---

കവിത

ജോസ് പോളയ്ക്കൽ

# ഒരു പിന്നാമ്പുറക്കഥ



വീരേതിഹാസകഥകൾ രചിച്ചീല,
താരപരിവേഷധാടിയണിഞ്ഞീല,
കാതങ്ങൾ താണ്ടി വിജാതീയനാടെത്തി
വേദപ്രചാരണവേല നടത്തീല;
'നേരറ്റ ധ്യാനപ്രഘോഷക'യാവക
പേരും പെരുമയും നേടിയെടുത്തീല,
കൊമ്പിച്ച സേവന കാണ്ഡപ്പൊലിമക-
ളെണ്ണിപ്പറയാനുമില്ലവൾക്കൊന്നുമേ.
ആകെ സ്വകീയമായുള്ളതു കേവല-
മാരുമറിയാത്തൊരജ്ഞാതജീവിതം.
ഗ്രാമീണകന്യാലയത്തിലെച്ചാണകം
വാരിമെഴുകിയൊരാവൃതിക്കുള്ളിലായ്
കന്യമാർ പാലിച്ചിടേണ്ടോരനുദിന
ചര്യപോലും നിറവേറ്റിടാനാവാതെ
രോഗീമുറിയിൽപ്പരുക്കൻകിടക്കയി
ലാജീവനാന്തം കഴിഞ്ഞവളാണവൾ.
ആപാദചൂഡം കൊടുംപീഡതൻകനൽ-
ച്ചൂടേറ്റു പാരം പരവശയായവൾ.
നിന്ദാപമാനശ്ശരമുന കൊൾകയാൽ
നന്നേയകക്കാമ്പിൽ വൻമുറിവേറ്റവൾ.
പൊന്നും വിലയിടാൻ കൊള്ളുംഗുണഗണ-
മൊന്നുമേയില്ലെന്നു ലോകം വിധിച്ചവൾ.
കാണുന്നു നാമിന്നവളെയൾത്താരയിൽ
വാഴുന്നു സാക്ഷാൽ വിശുദ്ധയൽഫോൻസയായ്,
കന്യയാളെങ്ങനെ നേടി പദവിയി-
തെന്നറിവേകുമാ പിന്നാമ്പുറക്കഥ,
തേജോമയം പുണ്യരൂപം വണങ്ങിടാൻ
പാദാന്തികം തേടിയെത്തീടുമാശ്രിതർ.
തെല്ലൊന്നു നില്ക്കുകിൽ, നിന്നാമുഖാംബുജം
നല്ലതിൻവണ്ണം നിരീക്ഷിച്ചുകൊള്ളുകിൽ,
മിന്നും മിഴിയിണയാലവൾ നമ്മോടു
ചൊല്ലാതെ ചൊൽവതു കേൾക്കാം നിശ്ശബ്ദമായ്,
നിർല്ലീനമാമതിൻ നിർമ്മായസന്ദേശ-
മുൾത്താരിലൊപ്പംകുറിച്ചുമെടുത്തിടാം.
"ക്രൂശിൽ കഠോരമാം പീഡകളേറ്റതാ-
മേശുവെ ഞാൻ വരിച്ചീടുന്ന വേളയിൽ
മോഹിച്ചതില്ല മറ്റൊന്നും മണാളന്റെ
പീഡതന്നോഹരിയെന്യേ പകരമായ്
സാധിച്ചുതന്നവനാഗ്രഹം പൂർണമായ്
സ്ഥാപിച്ചു ക്രൂശിൻ മറുവശത്തെന്നെയും.
കാണികൾ, ചിത്രം! ധരിച്ചുവശായെനി-
ക്കാഹാ, ദുരന്തം ഭവിച്ചുവെന്നന്യഥാ!
ക്രൂശിൽക്കിടന്നു പിടയും പ്രിയൻ പ്രേമ-
ഭൂഷതന്നെന്നെയരികത്തണച്ചതും,
ആ പ്രേമവായ്പിൻ ലഹരി സഹനമായ്
ഞാനാവഹിച്ചതും കണ്ടീലൊരാളുമേ.
ക്രൂശിൽക്കിടക്കേണ,മഗ്നിസ്ഫുടം ചെയ്തു
വേണം വിശുദ്ധപദവി വരിക്കുവാൻ."
ഇക്കഥനത്തിന്നകംപൊരുളാഴമ-
ങ്ങുൾക്കൊണ്ടുവെങ്കിൽ വണങ്ങാം വിശുദ്ധയെ.
നേർവരും ക്ലേശങ്ങൾ താങ്ങാൻ കരുത്തിനായ്-
ച്ചേവടിയിങ്കലപേക്ഷയും നൽകിടാം.

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്ക് അത് അറിവു പകരുന്നു.**

സങ്കീർത്തനങ്ങൾ 119:130

## എഡിറ്റോറിയൽ

# കരുതലും കാവലുമൊരുക്കാം നമ്മുടെ ചെറുമക്കൾക്ക്

**കൊ**വിഡൊരുക്കുന്ന പ്രതിസന്ധിയിൽ മനുഷ്യകുലമാകെ നട്ടംതിരിയുമ്പോൾ, ജീവിതം മടുത്ത് മരണം തിരഞ്ഞെടുക്കുന്ന കുട്ടികളുടെ എണ്ണം സംസ്ഥാനത്തു വർദ്ധിച്ചുവരുന്നത് ഒട്ടും ആശാസ്യമല്ല. മാത്രമല്ല, സാമൂഹികപ്രതിബദ്ധതയുള്ള ഒരു സർക്കാരിനും സമൂഹത്തിനും അത് അവഗണിക്കാവുന്നതുമല്ല. ജീവിതമെന്തെന്നറിയുന്നതിനും ആസ്വദിക്കുന്നതിനുംമുമ്പേ, നശീകരണപ്രവണതകളിലേക്കും സ്വയംഹത്യയിലേക്കും വഴുതിവീഴുന്ന നമ്മുടെ ബാല്യകൗമാരങ്ങളെക്കുറിച്ച് ഉത്തരവാദിത്വത്തോടെ ചിന്തിക്കാൻ പ്രബുദ്ധകേരളം ഇനിയും തയ്യാറായിട്ടുണ്ടോ എന്ന് ആത്മപരിശോധന നടത്തുകയും വേണം.

മാർച്ച് 25 മുതലുള്ള റിപ്പോർട്ടുകളനുസരിച്ച്, 18 വയസ്സിനു താഴെയുള്ള 66 കുട്ടികളാണ് സംസ്ഥാനത്ത് വിവിധയിടങ്ങളിലായി ആത്മഹത്യ ചെയ്തത്. രോഗബാധയുടെ പശ്ചാത്തലത്തിൽ, അനിശ്ചിതമായി നീളുന്ന 'അവധിക്കാല'വും, സഹപാഠികളെയും അധ്യാപകരെയും നേരിൽക്കാണാനും മിണ്ടാനും പറ്റാത്തതിന്റെ വീർപ്പുമുട്ടലുമൊക്കെ മാനസികാസ്വാസ്ഥ്യത്തിലേക്ക് അവരെ തള്ളിവിടുന്നുണ്ടാവും. പകലു മുഴുവൻ സംഭവബഹുലമായ സ്കൂളന്തരീക്ഷത്തിൽ ആടിപ്പാടിനടന്ന ന്യൂജെൻകുട്ടികൾക്ക് വീടിന്റെ പരിമിതികളിൽ ദിവസങ്ങളും മാസങ്ങളും ഒതുങ്ങിക്കൂടാൻ കഴിയണമെന്നില്ല. മാതാപിതാക്കളുടെ ഉപദേശങ്ങളും ശകാരങ്ങളും സ്ഥാനത്തും അസ്ഥാനത്തുമായാൽ പിന്നെ പറയേണ്ടതുമില്ലല്ലോ. സൈബർ അടിമത്തങ്ങളും ബാലപീഡനങ്ങളും പരീക്ഷാഭീതിയും പരാജയങ്ങളുമൊക്കെ ഈ കാലഘട്ടത്തിൽ കുട്ടികളനുഭവിക്കുന്ന മാനസികസംഘർഷങ്ങൾക്കു കാരണമാകുന്നുവെന്നതും ബന്ധപ്പെട്ടവർ ഓർത്തിരിക്കേണ്ടതാണ്.

ജോലിത്തിരക്കും ജീവിതവ്യഗ്രതയുംകൊണ്ടു വീർപ്പുമുട്ടുന്ന മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളുടെ മനസ്സു മനസ്സിലാക്കാൻ കഴിയാതെ പോകുന്നതാണ് ഏറ്റവും ദയനീയം. നമ്മുടെ പൊന്നോമനമക്കളെ കേൾക്കാനോ അവരോടൊപ്പമിരിക്കാനോ സമയമില്ലാത്ത മാതാപിതാക്കൾക്ക് തങ്ങളുടെ കുട്ടികൾ നഷ്ടപ്പെട്ടുപോകുന്നതിൽ അതിശയിക്കാനൊന്നുമില്ല. വിശ്വാസധാർമ്മികരൂപവത്കരണത്തിന്റെ പഠനക്കളരി നമ്മുടെ കുടുംബങ്ങളാണെന്നും അവിടുത്തെ വിദ്യാദായകർ മാതാപിതാക്കളാണെന്നും ഓരോ അപ്പനും അമ്മയും തിരിച്ചറിഞ്ഞ് വീടിനെ സ്വർഗ്ഗമാക്കാൻ പരിശ്രമിക്കുകയാണ് കരണീയം.

ലോക്ഡൗൺകാലത്തും തുടർന്നുമുണ്ടായ വിദ്യാർത്ഥികളുടെ ആത്മഹത്യാകാരണങ്ങളെക്കുറിച്ചും മാനസികസമ്മർദ്ദങ്ങളെക്കുറിച്ചും സർക്കാരും വിദ്യാഭ്യാസവകുപ്പും വിവിധ ഏജൻസികളും സഗൗരവം പഠിച്ചുവരികയാണ്. ആർ. ശ്രീലേഖയുടെ നേതൃത്വത്തിൽ വിദഗ്ധരടങ്ങിയ സമിതിയുടെ പ്രവർത്തനം സർക്കാർതലത്തിൽ തുടങ്ങിക്കഴിഞ്ഞു. മാനസികസംഘർഷം അനുഭവിക്കുന്ന കുട്ടികൾക്കാശ്വാസം പകരുന്ന 'ചിരി' പദ്ധതിയും ടെലികൗൺസെലിംഗും സ്വാഗതാർഹമാണ്. മാനസികാഘാതമേല്ക്കുന്ന കുട്ടികൾക്കു 'ദിശ' നമ്പറായ 1056 ലും ജില്ലാ മാനസികാരോഗ്യകേന്ദ്രങ്ങളിലും നിർഭയം വിളിക്കാനുള്ള സൗകര്യവും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്.

കൊവിഡ്കാലം കുട്ടികളുടെ ശാരീരികമാനസികാരോഗ്യത്തിനു പ്രാധാന്യം കൊടുക്കുന്നതിനൊപ്പം, ആത്മീയമായ കരുത്തു പ്രദാനം ചെയ്യുന്നതിലും ഉത്തരവാദിത്വപ്പെട്ടവർ ദത്തശ്രദ്ധരാവേണ്ടതുണ്ട്. കുടുംബത്തിലെ അടിസ്ഥാനവേദപാഠങ്ങൾക്കും സ്കൂൾ തലത്തിൽ പകരേണ്ട ധാർമ്മികോപദേശങ്ങൾക്കും വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ട്. മതപഠനങ്ങളും ട്രെയിനിംഗുകളും കൗൺസെലിംഗുകളും വലിയ അളവിൽ കുട്ടികൾക്കു കൊടുക്കാൻ മതസ്ഥാപനങ്ങളും സംഘടനകളും ജാഗരൂകരാകേണ്ടതാണ്. നമ്മുടെ കുഞ്ഞോമനകൾക്കു കരുതലും കാവലും ഒരുക്കി ജീവിതത്തിന്റെ അർത്ഥവും ഭംഗിയും ആസ്വദിക്കാൻ അവരെ പ്രാപ്തരാക്കാം. പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കുമപ്പുറം, അതിജീവനത്തിന്റെ കരുത്തുള്ളവരായി നല്ല നാളേക്കായി അവരെ നമുക്കു വാർത്തെടുക്കാം. ■



## പ്രതികരണം

അഡ്വ. ഫിലിപ്പ് പഴേമ്പള്ളി, പെരുവ

**ജ**നസേവനത്തിന് ഒരു കസേരയിൽ ഒന്നിരിക്കാനുള്ള അവസരത്തിനുവേണ്ടി പാർട്ടികളുടെയും പാർട്ടിയംഗങ്ങളുടെയും അധികാരം പങ്കുവയ്ക്കൽ, നാടിനെ നാറ്റിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.

# അധികാരം പങ്കുവയ്ക്കൽ അവസാനിപ്പിക്കണം

ത്രിതലപഞ്ചായത്തു സംവിധാനത്തിൽ ഒരു ഭരണസമിതിയുടെ അഞ്ചു വർഷക്കാലത്തു നടക്കുന്ന മുഴുവൻ സമയ പ്രക്രിയ പാർട്ടിപ്രതിനിധികൾ തമ്മിലും കുടുംബാംഗങ്ങൾ തമ്മിലും ഭാര്യാഭർത്താക്കന്മാർ തമ്മിലും നടക്കുന്ന അധികാരം പങ്കുവയ്ക്കലാണ്. വോട്ടുചെയ്യുന്ന പൗരന്മാരെ വിഡ്ഢികളാക്കുന്ന അറുതറ കച്ചവടമാണിത്.

നാടിന്റെ വികസനപ്രവർത്തനങ്ങളെല്ലാം ഈ മുതലെടുപ്പിനുള്ള അവസരങ്ങൾ മാത്രമാക്കി മാറ്റുകയാണ്. ഈ പങ്കുവയ്ക്കൽ എത്ര വലിയ വിഷയമെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു!

മൂന്നു മാസക്കാലത്തെ ജില്ലാ പഞ്ചായത്തു പ്രസിഡണ്ടുസ്ഥാനത്തിനുവേണ്ടി നാലു പതിറ്റാണ്ടു വളർന്ന ഒരു മുന്നണിപ്രസ്ഥാനത്തെ തകർക്കാൻ മുതിരണമെങ്കിൽ ഈ സ്ഥാനങ്ങൾ നൽകുന്ന വമ്പൻ ആകർഷണം എത്രയെന്നു മനസ്സിലാക്കുക. കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ നാടിനെ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്.

രാഷ്ട്രീയാടിസ്ഥാനത്തിൽ ഭരണസ്ഥാനങ്ങളിലിരിക്കുന്ന ആരുംതന്നെ മാന്യരല്ലെന്നു കരുതേണ്ടിവരുന്നതിൽ സങ്കടമുണ്ട്. അവരെയൊന്നും സജ്ജനങ്ങൾക്കു ബഹുമാനിക്കാൻ കഴിയില്ല.

കൊറോണയെക്കാൾ നാടിനാപത്ത് ഇന്നത്തെ ഈ നേതൃസമൂഹമാണ്. ഈ നാടിനൊരു രക്ഷ ആരു തരും?

# കാന്താരിമുളക് അരയ്ക്കൂ, ശൈലീരോഗങ്ങൾ അകറ്റൂ

65 വയസ്സിന്റെ നിരോധനത്തിനുശേഷം ചന്തയ്ക്കു പോക്കു കുറച്ചു. വീട്ടിലുള്ള അതുമിതും പറിച്ചു കറിവയ്പു തുടങ്ങി, കൂട്ടത്തിൽ അവഗണിച്ചിട്ടിരുന്ന മുറ്റത്തെ കാന്താരിമുളകു പറിച്ചു പച്ചക്കറിത്തോരനും ചമ്മന്തിയുമൊക്കെ ഉണ്ടാക്കിത്തുടങ്ങി. വ്യത്യാസം ബോധ്യപ്പെട്ടു, ഇനി പറയാതിരിക്കാൻ വയ്യ. കറികൾക്കും ചമ്മന്തിക്കും വീട്ടുമുറ്റത്തെ നാടൻ പച്ചക്കാന്താരിമുളകു പാകത്തിനു ചേർത്ത് അരപ്പുണ്ടാക്കിയാൽ എന്തു സ്വാദ്! ഒന്ന് ഉപയോഗിച്ചുനോക്കുക. ചെണ്ടൻകപ്പയ്ക്കും ഉണക്കുകപ്പ വാട്ടിയതിനും കാന്താരിക്കൂട്ടിനെക്കാൾ നല്ല കറി എന്തിരിക്കുന്നു, അല്ലേ! മാത്രമോ, കാന്താരിമുളകിന്റെ ഔഷധഗുണങ്ങൾ എത്ര വലുത്!

തിരുവനന്തപുരത്തു മ്യൂസിയത്തിന്റെ മെയിൻഗേറ്റിനു മുമ്പിൽ പണ്ട്, അതിരാവിലെ ഒരു പച്ചിലക്കൂട്ടു ജൂസ് കിട്ടുമായിരുന്നു ഇപ്പോഴുണ്ടോ, ആവോ! അതിലെ പ്രധാന ഘടകം പച്ചക്കാന്താരിമുളകായിരുന്നു. ആഴ്ചയിലൊരിക്കൽ വീട്ടിൽ വന്നു പോകുമ്പോൾ പച്ചക്കാന്താരി പറിച്ചുകൊണ്ടുപോയി ആ നല്ല മനുഷ്യനു ഞാൻ വെറുതേ കൊടുക്കുമായിരുന്നു.

അരനൂറ്റാണ്ടുമുമ്പുവരെ വീട്ടുവളപ്പിൽ പടുമുളയായി എന്തു മാത്രം കാന്താരിച്ചീനികൾ തഴച്ചുവളർന്നു, നിറയെ മുളകുമായി നിൽക്കുമായിരുന്നു. അന്നു നാട്ടിൻപുറങ്ങളിൽ ഏതു പറമ്പിലും നാടൻചീനികൾ ധാരാളമുണ്ടായിരുന്നു. കൂടാതെ കൊമ്പൻ ചീനിയിനങ്ങൾ ചെറിയ തോതിൽ കൃഷിയുമുണ്ടായിരുന്നു.

ഈ കൊവിഡുകാലത്തു കാന്താരിയിലേക്കൊന്നു മടങ്ങിനോക്കാം. രണ്ടു കാന്താരിച്ചീനി മുറ്റത്തു പിടിപ്പിക്കാൻ ആർക്കാണു കഴിയാത്തത്! നല്ല മൂത്ത കാന്താരിമുളകു പറിച്ചു ഫ്രഷായി കറികൾക്കും കപ്പ - ചക്ക പുഴുക്കുകൾക്കും മാങ്ങാച്ചമ്മന്തിക്കും പിന്നെ മത്തിവറുക്കാനും ഉപയോഗിച്ചുനോക്കൂ. സ്വാദ് ഇരട്ടി കിട്ടുന്നതു കൂടാതെ വലിയ ഔഷധമേന്മയും ലഭിക്കും. കൊറോണ പോലും മാറിനിന്നേക്കും.

# ട്രഷറി നിക്ഷേപങ്ങൾ പത്രപ്പരസ്യം വേണം

വിവിധ കാരണങ്ങളാൽ, അവകാശികൾ ആരെന്നറിയാത്ത കോടിക്കണക്കിനു രൂപയുടെ നിക്ഷേപങ്ങൾ ട്രഷറികളിലും ബാങ്കുകളിലുമുണ്ട്.

ലഭ്യമായ വിലാസങ്ങളിൽ കത്തുകളയച്ചിട്ട്, ആരും അവകാശപ്പെട്ടു വരുന്നില്ലെങ്കിൽ ഈ ട്രഷറിനിക്ഷേപങ്ങൾ കണ്ടുകെട്ടി സർക്കാർ എടുക്കുമെന്ന് ഒരു വാർത്ത കണ്ടു. ഇങ്ങനെ കത്തുകൾ അയച്ചു സമാധാനിച്ചിട്ടു കണ്ടുകെട്ടുന്നതു ശരിയല്ല.

ഈ കത്തുകളെക്കുറിച്ച് അറിവു ലഭിക്കാത്ത യഥാർത്ഥ അവകാശികൾ ഉണ്ടാവാം. നിക്ഷേപങ്ങളെക്കുറിച്ചും അവർക്ക് അറിവുണ്ടാകില്ല. പിന്നെ അവർ എങ്ങനെ അറിയും, അവകാശപ്പെടും? അതിന് ഇത്തരം നിക്ഷേപങ്ങളുടെ പൂർണവിവരങ്ങളുള്ള പത്രപ്പരസ്യങ്ങൾതന്നെ വേണം..

പത്രപ്പരസ്യങ്ങൾക്കുശേഷം ഒരു പ്രഖ്യാപിത കാലാവധിക്കുള്ളിൽ അവകാശികൾ എത്തുന്നില്ലെങ്കിൽ സർക്കാരിനു കണ്ടുകെട്ടൽപോലുള്ള നടപടിയാകാം.

ഇതു ഗൗരവമുള്ള ഒരു കാര്യമാണ്. ജനങ്ങളെ ഒരു സൗകര്യം കണ്ട് ബാങ്കുകളും സർക്കാരും ദ്രോഹിക്കരുത്.

## ഇന്റഗ്രേറ്റഡ് കോഴ്സ്

# അഭിരുചി അളക്കേണ്ടതു കൗമാരത്തിൽ



ഡോ. തോമസ് മൂലയിൽ

ദേശീയവിദ്യാഭ്യാസനയം-2019 നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കേന്ദ്രസർക്കാർ നിർദ്ദേശാനുസൃതം കേരളസർക്കാർ നിയോഗിച്ച, എം. ജി. സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് ചെയർമാനായുള്ള പഠനസമിതിയുടെ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ഒന്നാണ് ഇന്റഗ്രേറ്റഡ് കോഴ്സ്.

ഈ പാഠ്യപദ്ധതി ആത്യന്തികമായി ലക്ഷ്യംവയ്ക്കുന്നത് 'പൂർണ്ണത'യാണ്. അതായത്, വിദ്യാർത്ഥി തന്റെ അഭിരുചിയുടെ അടിസ്ഥാനത്തിൽ ഒരു വിഷയം തിരഞ്ഞെടുത്ത്, തനിക്കുള്ള എല്ലാ സിദ്ധികളും സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി, വിഷയത്തിൽ ആധികാരികതയും സമഗ്രതയും കൈവരിക്കുക. വിഷയനിർണ്ണയത്തിൽ അഭിരുചി മാത്രമല്ല, ആഭിമുഖ്യങ്ങളും ആഗ്രഹങ്ങളും പ്രധാനപ്പെട്ട ഘടകങ്ങളാണ്. വിഷയനിർണ്ണയത്തിനു പ്രേരണയും പ്രചോദനവും നൽകുന്നത് അതിലൂടെയുണ്ടാകുന്ന പ്രയോജനമാണ്. പ്രയോജനമാകട്ടെ, വ്യക്തിയുടേതുമാത്രമല്ല, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും കൂടിയാണ്. ഈ ഘടകങ്ങളെല്ലാം ഒത്തിണങ്ങിയാൽ വിദ്യാർത്ഥിയുടെ പ്രതിബദ്ധതയും ഉത്സാഹവും വർദ്ധിക്കും. അത് ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനു സഹായമാകുകയും ചെയ്യും.

'എഡ്യൂക്കേഷൻ' (Education) എന്ന ഇംഗ്ലീഷ് വാക്കിൽ 'എദൂച്ചരെ'(Educere) എന്നും 'എദൂക്കാരെ'(Educare) എന്നുമുള്ള രണ്ട് ലത്തീൻപദങ്ങളുടെ സമന്വയമുണ്ട്. 'എദൂച്ചരെ' എന്ന വാക്കിന്റെ അർത്ഥം പുറത്തുകൊണ്ടുവരിക (to bring out) എന്നാണ്; 'എദൂക്കാരെ'യുടെ അർത്ഥം വളർത്തുക അല്ലെങ്കിൽ പരിപോഷിപ്പിക്കുക എന്നും. വിദ്യാഭ്യാസത്തിൽ ഈ രണ്ടു കാര്യങ്ങളും ഉണ്ടാകണം. അതായത്, വിദ്യാർത്ഥിയിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ കണ്ടെത്തി പുറത്തുകൊണ്ടുവരികയും അവയെ പരിപോഷിപ്പിക്കുകയും ചെയ്യണം. നിലവിലുള്ള വിദ്യാഭ്യാസസംവിധാനത്തിൽ കുട്ടികൾക്കുള്ള സിദ്ധികൾ കൃത്യമായി കണ്ടെത്താനും തിരിച്ചറിയാനും പലപ്പോഴും സാധിക്കാതെപോകുന്നു. അതിനുള്ള മുഖ്യകാരണം, അഭിരുചി അല്ലെങ്കിൽ സിദ്ധികൾ കണ്ടെത്താൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെയും വിലയിരുത്താനുപയോഗിക്കുന്ന രീതികളുടെയും അപര്യാപ്തതയാണ്.

നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത കമ്മീഷൻ വിലയിരുത്തുന്നുണ്ട്. ബിരുദ-ബിരുദാനന്തര ബിരുദധാരികളുടെ ഗുണമേന്മയില്ലായ്മ, അവരുടെ ക്രമാതീതമായ വർദ്ധന, തത്ഫലമായുണ്ടാകുന്ന തൊഴിൽരഹിതരുടെ വർദ്ധന, തൊഴിലിനായി വിദേശത്തുചെല്ലുമ്പോൾ പിന്തള്ളപ്പെടുന്ന അവസ്ഥാവിശേഷം ഇവയെല്ലാം കമ്മീഷൻ പഠനവിഷയമാക്കിയിട്ടുണ്ട്. അതിനു പരിഹാരമെന്ന നിലയിലാണ് ഇന്റഗ്രേറ്റഡ് കോഴ്സിനെപ്പറ്റി കമ്മീഷൻ ചിന്തിക്കുന്നത്.

ഇന്റഗ്രേറ്റഡ് കോഴ്സ് എന്ന ആശയം തത്ത്വത്തിൽ നല്ലതുതന്നെ. പക്ഷേ, പ്രായോഗികതയിലേക്കു വരുമ്പോൾ, അതെത്ര മാത്രം വിജയകരമാകുമെന്ന കാര്യത്തിൽ സന്ദേഹമുണ്ട്. സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഈ സിസ്റ്റം ഗുണം ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ശരാശരിക്കാരും അതിനു താഴെയുള്ളവരുമാണ് ഭൂരിഭാഗം വിദ്യാർത്ഥികളും. അവരെ സംബന്ധിച്ചിടത്തോളം ഇത് ഗുണം ചെയ്യുകയില്ല. വിദേശരാജ്യങ്ങളിൽ, ഉദാഹരണത്തിന്, ജർമ്മനിയിൽ പാഠ്യപദ്ധതി എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾക്കു പ്രയോജനപ്പെടുന്ന രീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്. അവിടെ പ്രൈമറിസ്കൂൾ എല്ലാ കുട്ടികൾക്കും നിർബന്ധമാണ്. പ്രൈമറിസ്കൂളിന് ജർമ്മൻഭാഷയിൽ 'ഗ്രുൺഡ് ഷൂളെ' (grund schule) എന്നാണു പറയുന്നത്. ഗ്രുൺഡ് ഷൂളെയിൽ ജർമ്മൻ (മാതൃഭാഷ), മാത്തമാറ്റിക്സ്, ജനറൽ നോളജ്, ലോക്കൽ & സ്പെഷലിസ്റ്റ് നോളജ്, ആർട്സ്, സ്പോർട്സ്, റിലീജൻ എന്നിവയെല്ലാമുണ്ട്.

'ഗ്രുൺഡ്ഷൂളെ' കഴിയുമ്പോൾ കുട്ടികളുടെ പഠനത്തിനുള്ള മികവിന്റെയും അഭിരുചിയുടെയും അടിസ്ഥാനത്തിൽ കുട്ടികളെ മൂന്നു വിഭാഗമായി തിരിക്കുന്നു. കഴിവു കുറഞ്ഞ കുട്ടികളെ 'മിറ്റൽഷൂളെ' (mittelshule) വിഭാഗത്തിലും അടുത്ത ഗ്രേഡിലുള്ളവരെ 'റിയാൽഷൂളെ'(realshule)യിലും ഏറ്റവും സമർത്ഥരെ 'ഗിംനാസിയ' (gymnasium)ത്തിലും ഉൾപ്പെടുത്തുന്നു. ഈ മൂന്നു ഗ്രൂപ്പിനും അഞ്ചുമുതൽ പത്തുവരെ ക്ലാസ്സുകളാണുള്ളത്. സെക്കന്ററി തലമാണിത്. ഇവിടെ വിദേശഭാഷകളായ ഇംഗ്ലീഷ്, ഫ്രഞ്ച്, ലാറ്റിൻ എന്നിവയും ഇറ്റാലിയനോ സ്പാനിഷോ ഓപ്ഷണലായുമുണ്ട്. ഭാഷകൾക്കു പുറമേ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് എന്നീ വിഷയങ്ങളുമുണ്ട്.

ഈ സിസ്റ്റത്തിലെ സവിശേഷത മൂന്നു ഗ്രൂപ്പുകളിൽ ഒന്നിൽനിന്നു മറ്റൊന്നിലേക്കു കടക്കാനുള്ള സാധ്യത പഠനകാലത്തുണ്ട് എന്നതാണ്. 'മിറ്റൽഷൂളെ' (mittelshule) യിലുള്ള കുട്ടിക്ക് മികവു തെളിയിക്കാൻ കഴിഞ്ഞാൽ 'റിയാൽഷൂളെ' (realshule)ലേക്കോ 'ഗിംനാസിയ' (gymnasium) ത്തിലേക്കോ കടക്കാൻ കഴിയും. അതുപോലെ, നിലവിലായിരിക്കുന്ന ഗ്രൂപ്പിലെ പ്രകടനം മോശമായാൽ താഴേക്കിറക്കാനുള്ള സംവിധാനവുമുണ്ട്.

അടുത്തത് അപ്പർ സെക്കന്ററി സ്കൂളാണ്. അവിടെ 11 മുതൽ 13 വരെയുള്ള ക്ലാസ്സുകളാണുള്ളത്. അതോടൊപ്പം 'അബിത്തൂർ'



(abitur) യൂണിവേഴ്സിറ്റി പ്രവേശനപ്പരീക്ഷയും പാസ്സാകണം. ഉന്നതവിദ്യാഭ്യാസത്തിൽ യൂണിവേഴ്സിറ്റികൾ, കോളജുകൾ, വൊക്കേഷണൽ അക്കാദമിക് പഠനങ്ങൾ, ടെക്നിക്കൽ അക്കാദമിക് പഠനങ്ങൾ എന്നിങ്ങനെയാണുള്ളത്.

ഈ സിസ്റ്റത്തിലൂടെ കടന്ന് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് താൻ തിരഞ്ഞെടുത്ത വിഷയത്തിൽ ആധികാരികത ഉറപ്പാക്കുന്നതോടൊപ്പം ജീവസന്ധാരണത്തിനുള്ള മാർഗ്ഗവും സുരക്ഷിതമാക്കാൻ കഴിയുന്നു. അപ്പോൾ വിദ്യാർത്ഥിക്കോ സമൂഹത്തിനോ രാഷ്ട്രത്തിനോ പാഴ്ച്ചെലവോ നഷ്ടമോ സംഭവിക്കുന്നില്ല.

കേരളത്തിൽ നിലവിലുള്ള സംവിധാനത്തിൽ, വിദ്യാർത്ഥിയുടെ അഭിരുചി അനുസരിച്ചുള്ള കോഴ്സിലേക്കു കടക്കുന്നത് ഹയർസെക്കന്ററിതലം കഴിഞ്ഞാണ്. കൃത്യമായി പറഞ്ഞാൽ, ഡിഗ്രിതലത്തിലെത്തുമ്പോൾ മാത്രം. കമ്മീഷൻ, ഇത് ഹൈസ്കൂൾ കഴിയുമ്പോൾ ആക്കണമെന്നു ശിപാർശചെയ്യുന്നുണ്ട് എന്നാണു മനസ്സിലാക്കുന്നത്. മനഃശാസ്ത്രപരമായി ചിന്തിച്ചാൽ, ഹൈസ്കൂൾ പിന്നിടുമ്പോഴേക്കും വിദ്യാർത്ഥി കൗമാരത്തിന്റെ പ്രഥമഘട്ടം (early teenage) പിന്നിട്ടിരിക്കും. ഹയർസെക്കന്ററി കഴിയുമ്പോൾ രണ്ടാം ഘട്ടവും (late teenage). അതിനർത്ഥം, വിദ്യാർത്ഥിയുടെ ബുദ്ധിവികാസം ഏതാണ്ട് പാരമ്യത്തിലെത്തിക്കഴിഞ്ഞിരിക്കുന്നു എന്നാണ്.

ഇന്റഗ്രേറ്റഡ് കോഴ്സിലേക്ക് കുട്ടിയെ പ്രവേശിപ്പിക്കേണ്ടത്, കതിരേൽ വളം വയ്ക്കുന്നതുപോലെയാകരുത്. സാഹിത്യാഭിരുചിയുള്ള കുട്ടിയെയും കലയോട് ആഭിമുഖ്യമുള്ള കുട്ടിയെയും സയൻസ്വിഷയത്തിൽ ഒരാഭിമുഖ്യവുമില്ലാത്ത കുട്ടിയെയുമൊക്കെ ഡോക്ടറോ എൻജിനീയറോ ഒക്കെയാക്കാനാണ് മാതാപിതാക്കൾ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി എൻട്രൻസ് കോച്ചിംഗ് കേന്ദ്രങ്ങൾ ഇഷ്ടംപോലുണ്ടുതാനും. ഇതിലൂടെയെല്ലാം കടന്ന് പത്താം ക്ലാസ്സു കഷ്ടിച്ചു പാസ്സായശേഷം ഇന്റഗ്രേറ്റഡ് കോഴ്സിലേക്കു കടന്നാലുള്ള അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ. അതുകൊണ്ട് ഇന്റഗ്രേറ്റഡ് കോഴ്സ് ആരംഭിക്കേണ്ടത് ബുദ്ധിയുടെ വ്യാപാരം ഏറ്റവും സജീവവും തീക്ഷ്ണവുമാകുന്ന, കുട്ടിയുടെ അഭിരുചിയും ആഭിമുഖ്യവും തിരിച്ചറിയാറാകുന്ന കൗമാരകാലഘട്ടത്തിൽത്തന്നെയാകണം. എങ്കിലേ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയുള്ളൂ. യു.പി ഘട്ടം അവസാനിക്കുമ്പോൾ ഒരു 'ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്' നടത്തി കുട്ടികളെ അഭിരുചിയുള്ള കോഴ്സുകളിലേക്കു തിരിച്ചുവിടുകയും ആ കോഴ്സുകളിലെ സിലബസ് വിഷയാനുസൃതമായി ക്രമീകരിക്കുകയും ചെയ്താൽ ലക്ഷ്യം നേടാവുന്നതേയുള്ളൂ.

> **'ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്' നടത്തി കുട്ടികളെ അഭിരുചിയുള്ള കോഴ്സുകളിലേക്കു തിരിച്ചുവിടുകയും ആ കോഴ്സുകളിലെ സിലബസ് വിഷയാനുസൃതമായി ക്രമീകരിക്കുകയും ചെയ്താൽ ലക്ഷ്യം നേടാവുന്നതേയുള്ളൂ.**

കമ്മീഷൻ ഇരുന്നൂറോളം കോഴ്സുകൾ ശിപാർശ ചെയ്തിട്ടുള്ളതായി അറിയുന്നു. ഇവയിൽ, അന്നം വിളയിക്കുന്ന കാർഷികമേഖലയ്ക്ക് എന്തു സ്ഥാനമാണാവോ കല്പിക്കുന്നത്? ആർക്കുംവേണ്ടാത്ത, അതേസമയം എല്ലാവർക്കും ആഹാരം നൽകുന്ന ഈ മേഖലയെ അവഗണിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസവും രാജ്യത്തിനു ഗുണം ചെയ്യുകയില്ല എന്ന കാര്യം ബന്ധപ്പെട്ടവർ ശ്രദ്ധിച്ചിരുന്നെങ്കിൽ...!

ഇരുന്നൂറോളം കോഴ്സുകൾ എന്നത് കേൾക്കാൻ സുഖമുള്ള ആശയമാണ്. പക്ഷേ, പ്രായോഗികതലത്തിലേക്കു വരുമ്പോൾ ഫലമെന്താകുമെന്ന് കാത്തിരുന്നുകാണേണ്ടിയിരിക്കുന്നു. തുടങ്ങാൻ എളുപ്പമാണ്. പക്ഷേ, തുടരാൻ പറ്റാതെവരുന്നു. അതുകൊണ്ടത് ഉപേക്ഷിക്കുന്നു. ഇത് കേരളത്തിൽ പതിവു കാഴ്ച! വിദ്യാഭ്യാസമേഖലയിലെ രാഷ്ട്രീയാതിപ്രസരം ഈ പ്രവണതയുടെ ആക്കം കൂട്ടുന്നു. ഒരു ഭരണസമിതി തുടങ്ങും; പിന്നീടുവരുന്ന സമിതി അത് ഉടച്ചുവാർക്കാൻ നോക്കും. അവസാനം അതു പൊളിച്ചടുക്കും. കേരളത്തിലെ ഡി.പി.ഇ.പി. ഇതിനു മകുടോദാഹരണം. അതുകൊണ്ട്, കമ്മീഷൻ മാത്രം ഗൃഹപാഠം ചെയ്തിട്ടു കാര്യമില്ല; നടപ്പിലാക്കുന്നവർ അതു തുടരണം. ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടേ പുതിയ സംരംഭങ്ങൾക്കു തുടക്കംകുറിക്കാവൂ. രാഷ്ട്രീയം മറന്ന് വരുംതലമുറയുടെയും രാഷ്ട്രത്തിന്റെയും നന്മ ലക്ഷ്യമാക്കി എല്ലാവരും പ്രവർത്തിച്ചിരുന്നെങ്കിൽ...! □

# കേരളരാഷ്ട്രീയത്തിലെ തിരഞ്ഞെടുപ്പുക്ലാസ്സുകൾ






ഡോ. കുര്യാസ് കുമ്പളക്കുഴി

**ഈ** ദിവസങ്ങളിൽ കേരളരാഷ്ട്രീയത്തിൽ കൗതുകകരമായ ചില രംഗങ്ങൾ അരങ്ങേറുകയുണ്ടായി. സിപിഐയും സിപിഎമ്മും പരസ്പരം എടുക്കുന്ന തിരഞ്ഞെടുപ്പുചരിത്രക്ലാസ്സുകളാണത്. കോവിഡ് കാലമായതുകൊണ്ടു കുട്ടികൾക്കുള്ള ക്ലാസ്സുകൾ മുഴുവൻ ഓൺലൈനായിട്ടാണല്ലോ. ഇപ്പറഞ്ഞ ചരിത്രക്ലാസ്സുകളും അങ്ങനെതന്നെയാണു നടക്കുന്നത്.

ജൂൺ 29 നു കേരളാകോൺഗ്രസ് എമ്മിലെ ജോസ് കെ. മാണി വിഭാഗത്തെ യുഡിഎഫിൽനിന്നു പുറത്താക്കിയതോടെയാണു ക്ലാസ്സുകൾക്ക് അരങ്ങൊരുങ്ങിയത്. അന്നുതന്നെ സിപിഎം സംസ്ഥാനസെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, പുറത്താക്കപ്പെട്ട കേരളാ കോൺഗ്രസ് വിഭാഗത്തെ ഇടതുമുന്നണിയിൽ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമെന്നും ജോസ് കെ. മാണി വിഭാഗം ജനകീയാടിത്തറയുള്ള പാർട്ടിയാണെന്നും പ്രസ്താവനയിൽ പറഞ്ഞു.







സിപിഎമ്മിന്റെ ഏതു നിലപാടിനെയും ആദ്യമൊന്നെതിർത്തില്ലെങ്കിൽ തങ്ങൾ ഇവിടെയുള്ള കാര്യം ജനങ്ങൾ മറന്നുപോയെങ്കിലോ എന്നു ഭയമുള്ള ഒരു ഘടകകക്ഷിയുണ്ട് ഇടതുമുന്നണിയിൽ. അവരുടെ പേരാണ് സിപിഐ. അതുകൊണ്ടുപക്ഷേ, കുഴപ്പമൊന്നുമില്ല. ആരുമറിയാതെ അവർ അക്കാര്യമങ്ങു മറന്നുകളഞ്ഞേക്കും!

ഇക്കുറിയുമുണ്ടായി പതിവുപോലെ എതിർപ്പ്. ഇടതുമുന്നണിയിൽ പുതിയ കക്ഷികളൊന്നും ആവശ്യമില്ലെന്നായിരുന്നു വിയോജനക്കുറിപ്പ്. മാത്രവുമല്ല, കേരളാ കോൺഗ്രസിന്റെ ജനപിന്തുണ പാലാ ഉപതിരഞ്ഞെടുപ്പിൽ തെളിഞ്ഞതാണല്ലോ എന്ന പരിഹാസത്തിൽ പൊതിഞ്ഞ ഒളിയമ്പുമുണ്ടായിരുന്നു ഒപ്പം.

ഈ ഒളിയമ്പ് തനിക്കെതിരേയാണെന്നു മനസ്സിലാക്കിയ കോടിയേരി സിപിഐയുടെ നെഞ്ചിനു നേരേയാണു നിറയൊഴിച്ചത്. ഒരു തോൽവികൊണ്ടു ജനപിന്തുണ അളക്കാൻ ശ്രമിക്കരുതെന്നും 1965 ലെ തിരഞ്ഞെടുപ്പുചരിത്രം എല്ലാവരും ഓർമ്മിക്കുന്നതു നന്നായിരിക്കുമെന്നും ആയിരുന്നു ആ മറുപടി.

ഇതു കൊള്ളേണ്ടിടത്തു കൊണ്ടു. ഏതാണ്ടെല്ലാ കക്ഷികളും ഒറ്റയ്ക്കു മത്സരിച്ച ആ തിരഞ്ഞെടുപ്പിൽ 84 സീറ്റിൽ മത്സരിച്ച സിപിഐക്കു കിട്ടിയത് മൂന്നു സീറ്റു മാത്രമായിരുന്നു. 74 ൽ മത്സരിച്ച സിപിഎമ്മിനാകട്ടെ 42 സീറ്റും! സിപിഐ സെക്രട്ടറി കാനം രാജേന്ദ്രൻ വല്ലാതെ വിയർത്തുപോയി. കോടിയേരി ചരിത്രം ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിക്കണമെന്ന ഉപദേശത്തിൽ അദ്ദേഹമൊതുങ്ങി. എങ്കിലും തുടർവിവാദത്തിനു വഴിമരുന്നിടുന്ന ഒരു സൂചനയും ആ പ്രതികരണത്തിലുണ്ടായിരുന്നു-മുസ്ലീം ലീഗുമായി തിരഞ്ഞെടുപ്പുസഖ്യമുണ്ടാക്കിയതുകൊണ്ടാണ് സിപിഎമ്മിനു കൂടുതൽ സീറ്റു നേടാൻ കഴിഞ്ഞതെന്ന്.

അടുത്ത ഊഴം മുഖ്യമന്ത്രി പിണറായി വിജയന്റേതായിരുന്നു. ജൂലൈ ആറ് തിങ്കളാഴ്ച വൈകുന്നേരത്തെ വാർത്താസമ്മേളനത്തിൽ, മാധ്യമപ്രവർത്തകരുടെ ചോദ്യത്തിനു മറുപടിയായി 1965 ലെ തിരഞ്ഞെടുപ്പിൽ സംഭവിച്ചതെന്ത് എന്ന് അദ്ദേഹം വിശദീകരിച്ചു. മുസ്ലീംലീഗിന്റെ ശക്തികേന്ദ്രങ്ങളിൽ സിപിഎം നേടിയ വിജയം എണ്ണിപ്പറഞ്ഞ അദ്ദേഹം ഒരു വസ്തുത ഊന്നിപ്പറഞ്ഞു. സിപിഎം തോറ്റിടങ്ങളിൽ രണ്ടാം സ്ഥാനത്തു ലീഗായിരുന്നു, ലീഗു തോറ്റിടങ്ങളിൽ സിപിഎമ്മും. ഒപ്പം തലശേരിയിലെ കാര്യം അദ്ദേഹം എടുത്തുപറഞ്ഞു. അവിടെ സിപിഐയുടെ സ്ഥാനാർത്ഥി വി.ആർ. കൃഷ്ണയ്യർ. അദ്ദേഹത്തിനു ലീഗു പിന്തുണ നല്കിയിരുന്നു. 1957 ൽ അവിടെ ജയിച്ചതും 1960 ൽ അവിടെ പരാജയപ്പെട്ടതും കൃഷ്ണയ്യർ. ഇക്കുറി പക്ഷേ, അദ്ദേഹം മൂന്നാം സ്ഥാനത്തായിപ്പോയി! ജയിച്ചത് സിപിഎമ്മിന്റെ പാട്യം ഗോപാലൻ. രണ്ടാം സ്ഥാനത്ത് കോൺഗ്രസിന്റെ പി. നാണുവും.

ഇതിനുമുണ്ടായി കാനത്തിന്റെ മറുപാഠം. അതിനദ്ദേഹം ആശ്രയിച്ചത് ഇ.എം.എസിന്റെ സമ്പൂർണകൃതികളെയാണ്. അതിലൊരിടത്ത് (31:35) 1965 ലെ തിരഞ്ഞെടുപ്പിൽ ചില സീറ്റുകളിൽ ഇടതുപാർട്ടികൾ മുസ്ലീംലീഗുമായി ചില നീക്കുപോക്കുകൾ നടത്തിയിരുന്നു എന്ന് ഏറ്റുപറഞ്ഞിട്ടുണ്ട്. അതുപക്ഷേ, ഒരു പൊതുധാരണയോ സഖ്യമോ ആയിരുന്നില്ല.

ഇനി 1965 ൽ എന്തു സംഭവിച്ചു എന്നു നോക്കാം. 1960 ലെ തിരഞ്ഞെടുപ്പിനുശേഷം കോൺഗ്രസും കമ്യൂണിസ്റ്റുപാർട്ടിയും ദേശീയതലത്തിൽ വലിയ പ്രതിസന്ധികൾ നേരിടേണ്ടിവന്നു. 1964 ൽ കമ്യൂണിസ്റ്റുപാർട്ടി സിപിഐയും സിപിഎമ്മുമായി പിരിഞ്ഞു. ആ വർഷംതന്നെ കോൺഗ്രസ് പല സംസ്ഥാനങ്ങളിലും ഗ്രൂപ്പടിസ്ഥാനത്തിൽ ചേരിതിരിഞ്ഞു പുതിയ പാർട്ടികളുണ്ടാക്കി. ദേശീയതലത്തിൽ പാർട്ടി നെടുകെ പിളർന്നത് 1969ലാണ്.

1965ലെ തിരഞ്ഞെടുപ്പിൽ രണ്ടു കമ്യൂണിസ്റ്റുപാർട്ടികളെക്കൂടാതെ രണ്ടു കോൺഗ്രസ് പാർട്ടികളും രംഗത്തുണ്ടായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസും കേരളാകോൺഗ്രസും. 1964ൽ ആർ. ശങ്കർ മന്ത്രിസഭയ്ക്കെതിരേ വന്ന അവിശ്വാസപ്രമേയത്തെ പിന്തുണച്ച 15 കോൺഗ്രസ് എം.എൽ.എ.മാർ ചേർന്ന് കേരളാകോൺഗ്രസിനു രൂപം നല്കിയത് 1964 ഒക്ടോബർ ഒമ്പതിനാണ്. പുതിയ പാർട്ടിക്ക് ആറു മാസംപോലും പ്രായമാകുംമുമ്പേയാണു നിയമസഭാതിരഞ്ഞെടുപ്പു വന്നത്, 1965 മാർച്ച് നാലിന്.

അന്ന് കേരളത്തിലെ കടുത്ത രാഷ്ട്രീയവിരോധികൾ രണ്ടു കൂട്ടരായിരുന്നു. ഒന്ന്, സിപിഐ യും സിപിഎമ്മും. രണ്ട് നാഷണൽ കോൺഗ്രസും കേരളാകോൺഗ്രസും. ഒരേ പാർട്ടികൾ പിരിഞ്ഞുണ്ടായ ഇവർ പരസ്പരം ആജന്മശത്രുക്കളെപ്പോലെ പോരാടി. യാതൊരുവിധ ഒത്തുതീർപ്പുകൾക്കും ഇരുകൂട്ടരും തയ്യാറായിരുന്നില്ല. പരസ്പരം തകർക്കാനായിരുന്നു പുറപ്പാട്.

അന്നു മുന്നണികൾ ഉണ്ടായിരുന്നില്ല. എല്ലാ കക്ഷികളും ഒറ്റയ്ക്കു മത്സരിച്ചു. മുസ്ലീംലീഗും കേരളാകോൺഗ്രസും സ്വതന്ത്രാപാർട്ടിയുമാണ് രാഷ്ട്രീയസഖ്യത്തിലേർപ്പെട്ടത്. ഓരോരുത്തരുടെയും ശക്തികേന്ദ്രങ്ങളിൽ അവരവർ മത്സരിക്കുക, മറ്റുള്ളവർ പിന്താങ്ങുക. ശക്തികേന്ദ്രങ്ങൾക്കു വെളിയിൽ ഇവർക്കൊന്നും കാര്യമായ ജനപിന്തുണയില്ലാതിരുന്നതുകൊണ്ട് ഇതൊരു നാമമാത്ര സഖ്യമേ ആയിരുന്നുള്ളൂ. കമ്യൂണിസ്റ്റുപാർട്ടികളാവട്ടെ മുസ്ലീംലീഗും എസ്എസ്പിയുമായി പ്രാദേശികതലത്തിൽ ചില നീക്കുപോക്കുകൾ നടത്തിയിരുന്നു എന്നു മാത്രം.

അന്നു നിയമസഭയിലെ അംഗസംഖ്യ 133. എല്ലാ സീറ്റിലും കോൺഗ്രസ് സ്ഥാനാർത്ഥികൾ മത്സരരംഗത്തിറങ്ങി. സിപിഎം 74 സീറ്റിലും സിപിഐ 84 സീറ്റിലും മത്സരിച്ചു. മുസ്ലീംലീഗിന് ഔദ്യോഗികസ്ഥാനാർത്ഥികൾ 17 ഇടത്തുമാത്രം. എസ്എസ്പി 29 ലും ആർ.എസ്.പി. 13 ലും പിഎസ്പി ആറിലും മത്സരരംഗത്തിറങ്ങി. പുതിയ പാർട്ടി കേരളാകോൺഗ്രസ് 54 സീറ്റിൽ സ്വന്തം സ്ഥാനാർത്ഥികളെ നിർത്തി. സിപിഎമ്മിലെ പ്രമുഖനേതാക്കളെല്ലാംതന്നെ അന്നു രാജ്യരക്ഷാനിയമപ്രകാരം ജയിലിൽ അടയ്ക്കപ്പെട്ടിരുന്നു. ഇഎംഎസ്, ഏ.കെ.ജി. തുടങ്ങി ചുരുക്കം പേരേ വെളിയിലുണ്ടായിരുന്നുള്ളൂ.

തിരഞ്ഞെടുപ്പുഫലം എല്ലാവർക്കും ഞെട്ടലുണ്ടാക്കി. കോൺഗ്രസിനു 39 സീറ്റിലേ ജയിക്കാൻ കഴിഞ്ഞുള്ളൂ. കേരളാ കോൺഗ്രസ് 25 ഇടത്തു ജയംനേടി. സിപിഎമ്മായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. അവർക്ക് 42 പേരെ ജയിപ്പിച്ചെടുക്കാൻ കഴിഞ്ഞു. അതിൽ 29 പേരും ജയിലിൽ കിടന്നാണു മത്സരിച്ചു ജയിച്ചത്.

എസ്എസ്പി 13 ഇടത്തു ജയിച്ചു. മുസ്ലീംലീഗ് ആറിടത്തും. ലീഗിന് അഞ്ചു സ്വതന്ത്രന്മാരെക്കൂടി ജയിപ്പിച്ചെടുക്കാൻ കഴിഞ്ഞിരുന്നു.

ഏറ്റവും ദയനീയപരാജയം ഏറ്റുവാങ്ങാനുള്ള നിയോഗം സിപിഐക്കായിരുന്നു. 84 സീറ്റിൽ ജനവിധി തേടിയ അവർക്കു വിജയിക്കാൻ കഴിഞ്ഞതു മൂന്നിടത്തുമാത്രം! തൃശൂർ ജില്ലയിലെ കൊടകരയിൽനിന്ന് പി.എസ്. നമ്പൂതിരിയും ഇടുക്കിയിലെ ഉടുമ്പഞ്ചോലയിൽനിന്ന് കെ.ടി. ജേക്കബും കൊല്ലംജില്ലയിലെ പത്തനാപുരത്തു നിന്നു പി.സി. ആദിച്ചനുമാണവർക്ക് ആശ്വാസവിജയം നേടിക്കൊടുത്തത്. അന്ന് ഇടുക്കി ജില്ല നിലവിൽ വന്നിട്ടില്ല. ഉടുമ്പഞ്ചോല കോട്ടയം ജില്ലയുടെ ഭാഗമായിരുന്നു.

തൃശൂരിനു വടക്കു പാലക്കാടു ജില്ലയിലെ പട്ടാമ്പിയിൽ മാത്രമേ സിപിഐ ക്കു രണ്ടാംസ്ഥാനമെങ്കിലും ലഭിച്ചുള്ളൂ. അവിടെ ഇ.എം.എസിനെതിരേ മത്സരിച്ച സിപിഐ യുടെ കെ.പി. തങ്ങൾ രണ്ടാം സ്ഥാനക്കാരനായി. വടക്കൻ ജില്ലകളിൽ മറ്റൊരിടത്തും സിപിഐ ക്കു രണ്ടാം സ്ഥാനത്തുപോലും വരാൻ കഴിഞ്ഞില്ല!

കൊല്ലം ജില്ലയിൽ സിപിഐയുടെ ശക്തികേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്ന പുനലൂർ, കൊട്ടാരക്കര, കുന്നത്തൂർ, ചാത്തന്നൂർ, അടൂർ എന്നിവിടങ്ങളിൽ കേരളാ കോൺഗ്രസ് വിജയിച്ചപ്പോൾ അവർ രണ്ടാംസ്ഥാനക്കാരായി. എല്ലാമുൾപ്പെടെ 14 സീറ്റിലേ സിപിഐക്കു രണ്ടാം സ്ഥാനം പോലും നേടാൻ കഴിഞ്ഞുള്ളൂ. ഇന്നും ഒരുപക്ഷേ, എല്ലാവരും ഒറ്റയ്ക്കു മത്സരിക്കുന്ന സാഹചര്യമുണ്ടായാൽ സിപിഐ ക്ക് 1965 ലെ അവസ്ഥപോലും ഇല്ലാതായേക്കാമെന്നതാണു വാസ്തവം. സിപിഎമ്മിന്റെ ഔദാര്യത്തിൽ മാത്രമാണ് അവരുടെ നിലനില്പ്. ഇത് കാനത്തിനും അറിയാം. അതുകൊണ്ടാണ് ഇത്ര വേവലാതി!

മുസ്ലീംലീഗുമായുള്ള ധാരണയെക്കുറിച്ചു പിന്നീട് (1969 ൽ) ഇഎംഎസ് വെളിപ്പെടുത്തിയതിങ്ങനെ: "തിരഞ്ഞെടുപ്പുധാരണകളുണ്ടാക്കാവുന്ന പാർട്ടികൾ പ്രധാനമായും മുസ്ലീംലീഗും കേരളാകോൺഗ്രസുമായിരുന്നു. ഈ രണ്ടു പാർട്ടികളെയും ഞങ്ങൾ സമീപിച്ചു. മുസ്ലീംലീഗ് അതംഗീകരിച്ചു. കുറെ സീറ്റുകളെ സംബന്ധിച്ചു ഞങ്ങളുമായി ധാരണയുണ്ടാക്കി. ഈ മാതൃക പിന്തുടരാൻ കേരളാ കോൺഗ്രസ് തയ്യാറായിരുന്നില്ല.

"കേരളാ കോൺഗ്രസിന്റെയും ഞങ്ങളുടെയും സ്ഥാനാർത്ഥികൾ നിരവധി നിയോജകമണ്ഡലങ്ങളിൽ ഏറ്റുമുട്ടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി കുറെ കോൺഗ്രസ് സ്ഥാനാർത്ഥികൾ ജയിക്കാനിടയുണ്ടെന്നു വ്യക്തമായി. ഇതൊഴിവാക്കാൻ കഴിയുമോ എന്ന പ്രശ്നം സജീവമായി വന്നു. ഇതിനിടയ്ക്കൊരു ദിവസം എറണാകുളത്തുള്ള കെ. ചന്ദ്രശേഖരന്റെ വസതിയിൽ ഞാനെത്തിയപ്പോൾ, കേരളാ കോൺഗ്രസ് നേതാവ് കെ.എം. ജോർജ് അവിടെ വരുമെന്നും അദ്ദേഹത്തോടു സംസാരിക്കണമെന്നും ചന്ദ്രശേഖരൻ എന്നോടു പറഞ്ഞു. ഞാനതു സമ്മതിക്കുകയും ചെയ്തു.

"അതനുസരിച്ച് ജോർജ് വന്നു. തന്റെ സ്ഥാനാർത്ഥികൾ തോല്ക്കാനിടയുള്ള ചില സീറ്റുകളിൽ ജയിക്കുന്നതിനു ഞങ്ങളുടെ സഹായം അദ്ദേഹമാവശ്യപ്പെട്ടു. പകരം ഞങ്ങളുടെ സ്ഥാനാർത്ഥികളെ ജയിപ്പിക്കുന്നതിന് ഒരിടത്തും സഹായിക്കാൻ വയ്യെന്നും അദ്ദേഹം പറഞ്ഞു.

ഞങ്ങളുടെ സഹായം അങ്ങോട്ടു സ്വീകരിക്കാം, ഇങ്ങോട്ടു സഹായിക്കാൻ വയ്യ എന്ന നിലപാടു ഞങ്ങൾക്കു സ്വീകാര്യമല്ലെന്നു ഞാനും പറഞ്ഞു." (ഈ ലേഖകന്റെ 'കേരളാകോൺഗ്രസും കേരളരാഷ്ട്രീയവും' എന്ന ഗ്രന്ഥത്തിന്റെ 59-61 പുറങ്ങളിൽ ഈ പ്രസ്താവനയുടെ പൂർണരൂപം ചേർത്തിരിക്കുന്നു.)

ഈ വസ്തുതകൾ സൂചിപ്പിക്കുന്നത്, കേരളാ കോൺഗ്രസിന്റെ ജനപിന്തുണയെപ്പറ്റി 1965ൽത്തന്നെ സിപിഎമ്മിനു ബോധ്യമുണ്ടായിരുന്നു എന്നാണ്. അതുതന്നെ കോടിയേരി ബാലകൃഷ്ണൻ ഇന്നും ആവർത്തിച്ചുപറയുന്നു. ഇത്തരം അഭിപ്രായങ്ങൾ കേൾക്കുമ്പോൾ ജനപിന്തുണയില്ലെന്നുറപ്പുള്ള കക്ഷികൾക്കേ ആകുലതയുണ്ടാവേണ്ടതുള്ളൂ. അത്തരമൊരു ധർമ്മസങ്കടത്തിലാണ് ഇടതുമുന്നണിയിലെ രണ്ടാമത്തെ കക്ഷിയെന്ന് മേനി നടിക്കുന്ന സിപിഐയും എന്നു തോന്നുന്നു.

□

# വിസ്മയക്കാഴ്ചകളുമായി സെന്റ് കാതറൈൻ മൊണാസ്ട്രി






സഞ്ചാരം
ഫാ. ഫിലിപ്പ് ഞരളക്കാട്ട്

കത്തുന്ന മുൾപ്പടർപ്പിനു (burning bush) സമീപംതന്നെയാണ് ആശ്രമത്തിലെ പുരാതനമായ ദൈവാലയം സ്ഥിതിചെയ്യുന്നത്. അതിന് ബസിലിക്ക എന്ന പദവിയുണ്ട്. വലിപ്പത്തിൽ അസാധാരണത്വമൊന്നുമില്ല. ഞങ്ങൾ ദൈവാലയത്തിനുള്ളിൽ കടന്നു. ബസിലിക്കായ്ക്ക് മൂന്നു ഭാഗങ്ങളുണ്ട്. പ്രവേശനകവാടം, ജനങ്ങൾ നില്ക്കുന്ന സ്ഥലം, അൾത്താര സ്ഥിതിചെയ്യുന്ന വിശുദ്ധ സ്ഥലം. ഓരോ ഭാഗവും പ്രതീകാത്മകമായി നിർമ്മിച്ചിരിക്കുന്നു. പള്ളിയുടെ ഇരുവശങ്ങളിലുമുള്ള ഭിത്തികൾ അർദ്ധവൃത്താകൃതിയിലുള്ളതാണ്. മൊത്തത്തിൽ, കിഴക്കോട്ടൊഴുകുന്ന ഒരു ബോട്ടിന്റെ ആകൃതിയാണ് ദൈവാലയത്തിന്. കിഴക്കിന് പൗരസ്ത്യസഭകൾ പ്രത്യേക പ്രാധാന്യം നൽകുന്നു. നിത്യതയിലേക്കൊഴുകുന്ന സഭയുടെ പ്രതിരൂപമാണീ ദൈവാലയം. തെസലോനിക്കയിലെ വിശുദ്ധ ശിമയോന്റെ വ്യാഖ്യാനമനുസരിച്ച് ദൈവാലയത്തിന്റെ പ്രവേശനകവാടം ഭൂമിയെയും ഉൾഭാഗം ആകാശത്തെയും അവയെക്കാൾ ഉയർന്നുനില്ക്കുന്ന വിശുദ്ധ സ്ഥലം സ്വർഗ്ഗത്തെയും സൂചിപ്പിക്കുന്നു. അൾത്താര ഈശോമിശിഹായുടെ പ്രതീകമാണ്.

സെന്റ് കാതറൈൻ മൊണാസ്ട്രിറിയുടെ കിഴക്കുഭാഗത്തെ ഭിത്തിയിൽ (മദ്ബഹാഭിത്തിയിൽ) നാലാം നൂറ്റാണ്ടിൽ വരച്ച മനോഹരമായ ഒരു മൊസെയ്ക് ചിത്രമുണ്ട്. ഈശോമിശിഹായുടെ താബോർമലയിലെ രൂപാന്തരീകരണമാണ് അതിൽ ചിത്രീകരിച്ചിരിക്കുന്നത് (ലൂക്കാ. 19:28 –36, മത്താ 11:1–9). ജനലുകളിലൂടെ അരിച്ചുവരുന്ന നേരിയ വെളിച്ചം ഈ ചിത്രത്തിന് അസാധാരണമായ ചൈതന്യം നൽകുന്നു. വിശുദ്ധ മത്തായിയുടെ സുവിശേഷം ആ സംഭവത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്: "അവിടുത്തെ മുഖം സൂര്യനെപ്പോലെ പ്രശോഭിച്ചു. അവിടുത്തെ വസ്ത്രങ്ങൾ പ്രകാശം പോലെ വെണ്മയുള്ളതായി. മോശയും ഏലിയായും അവിടുത്തോടു സംസാരിക്കുന്നതായി അവർ കണ്ടു" (മത്താ. 11:1–9).

പ്രകാശമാനമായ ഒരു മേഘം വന്ന് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്ന് ഒരു സ്വരമുണ്ടായി... "ഇവൻ എന്റെ പുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ഇവനെ ശ്രവിക്കുവിൻ." ഈ സംഭവത്തിന്റെ ഒരു നേർചിത്രീകരണമാണ് ഭിത്തിയിലെ മൊസെയ്ക് ചിത്രം. മോശയും ഏലിയായും സീനാമലയുമായി അടുത്തു ബന്ധപ്പെട്ടവരാണെന്നത് ഈ



സെന്റ് കാതറൈൻ മൊണാസ്ട്രിയുടെ മദ്ബഹയിലെ മൊസെയ്ക് ചിത്രീകരണം

ചിത്രത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. താബോർസംഭവത്തിനു സാക്ഷ്യംവഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട മൂന്നു ശ്ലീഹന്മാർ–പത്രോസും യാക്കോബും യോഹന്നാനും – ചിത്രത്തിനു താഴെയായി സ്ഥാനം പിടിച്ചിട്ടുണ്ട്. ഏറ്റവും മുകളിലായി ഒരു മെഡൽമാലയുടെ ആകൃതിയിൽ പ്രവാചകന്മാർ, ശ്ലീഹന്മാർ, സുവിശേഷകന്മാർ തുടങ്ങിയവരെയും ചിത്രീകരിച്ചിരിക്കുന്നു. വലതുവശത്ത് കത്തുന്ന മുൾപ്പടർപ്പിനുമുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന മോശയും ഇടതുവശത്ത് ദൈവകല്പനകൾ എഴുതിയ പലകയുമായി നില്ക്കുന്ന മോശയും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. രൂപാന്തരീകരണത്തിന്റെ ഈ ഐക്കൺ ഇവിടുത്തെ സന്ന്യാസികളെ സംബന്ധിച്ച് വളരെ അർത്ഥവത്താണ്. രൂപാന്തരപ്പെടുവാനുള്ള നിരന്തരപരിശ്രമമാണ് ആശ്രമത്തിലെ ഓരോ സന്ന്യാസിയുടെയും ജീവിതം. പച്ചമനുഷ്യനിൽനിന്നു രൂപാന്തരപ്പെട്ട് ദൈവികഭാവം നേടിയെടുത്ത് ആത്മീയവ്യക്തികളായി മാറുവാനുള്ള കഠിനപരിശ്രമമാണ് ഇവിടെ ഓരോ സന്ന്യാസിയും നടത്തുന്നത്. പൂർണതയുടെ അവസ്ഥയിൽ ദുഃഖങ്ങളും വേദനകളും കടന്നുപോകും. ആന്തരികവിശുദ്ധി, ദാരിദ്ര്യം, സ്നേഹം എന്നിവയുടെ ഉന്നതശ്രേണികളിൽ അവർ എത്തിച്ചേരുന്നു.

പള്ളിയുടെ ഉള്ളിലെ സംവിധാനങ്ങളും ശ്രദ്ധേയമാണ്. ഹൈക്കല(ജനങ്ങൾ നില്ക്കുന്ന ഭാഗം)യിൽ ഇരുവശത്തുമായി ഓരോ നിര തൂണുകളുണ്ട്. ഓരോ വശത്തും ആറു തൂണുകൾ വീതമാണുള്ളത്. ഓരോന്നും ഓരോ മാസങ്ങളെയാണു സൂചിപ്പിക്കുന്നത്. എല്ലാ തൂണുകളിലും വിശുദ്ധരുടെ തിരുശേഷിപ്പുകൾ വച്ചിട്ടുണ്ട്. വിശുദ്ധരുടെ തിരുനാളുകൾ വരുന്ന ക്രമമനുസരിച്ചാണ് അവ വച്ചിരിക്കുന്നത്. തൂണുകളുടെ മുമ്പിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ ആശ്രമത്തിലുള്ള സന്ന്യാസികൾ കുമ്പിട്ടു വണങ്ങുകയും തൂണുകളെ ചുംബിക്കുകയും ചെയ്യുന്ന പതിവുണ്ട്. ഓരോ തൂണിലും വിശുദ്ധരുടെ ചിത്രങ്ങളും വരച്ചിട്ടുണ്ട്.

ബസിലിക്കയിൽ ഒരു പ്രത്യേക സ്ഥലത്ത് ഒരു വെള്ള മാർബിൾ ശവകുടീരം കാണാം. അവിടെയാണ് വിശുദ്ധ കാതറൈനിന്റെ ശരീരം സംസ്കരിച്ചിരിക്കുന്നത്. വിശുദ്ധ കാതറൈൻ കന്യകയും രക്തസാക്ഷിയുമാണ്. പാരമ്പര്യമനുസരിച്ച് നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈജിപ്തിലെ അലക്സാണ്ട്രിയായിലായിരുന്നു അവളുടെ ജനനം. അവൾ ഒരു രാജകുമാരിയായിരുന്നു. പതിന്നാലാമത്തെ വയസ്സിൽ കാതറൈൻ ക്രിസ്തുമതം സ്വീകരിക്കുകയും നൂറുകണക്കിനാളുകളെ ക്രിസ്തുമാർഗ്ഗത്തിലേക്കു കൊണ്ടുവരികയും ചെയ്തു. മാക്സെന്റിയൂസ് (Maxentius) ചക്രവർത്തി കാതറൈനെ വധിക്കുവാൻ കല്പന കൊടുത്തു. പതിനെട്ടാമത്തെ വയസ്സിൽ അവൾ രക്തസാക്ഷിയായി. അവളുടെ ശരീരം സീനാമലയിലെ ഏറ്റവുമുയർന്ന കൊടുമുടിയിൽ സീനാതാഴ്വരയിൽ താമസിക്കുന്ന സന്ന്യാസിനികൾ കണ്ടെത്തുകയാണുണ്ടായത്. പാരമ്പര്യവിശ്വാസമനുസരിച്ച് കാതറൈനിന്റെ ശരീരം മാലാഖമാർ സംവഹിച്ച് സീനാമലയിൽ കൊണ്ടുവന്നതാണത്രേ. 2602 മീറ്റർ ഉയരമുള്ള ഈ കൊടുമുടിക്ക് ജബൽ കത്രീന (കാതറൈൻ കൊടുമുടി) എന്നാണു പേര്. സന്ന്യാസിനികൾ അവളുടെ ശരീരം താഴെയുള്ള ആശ്രമത്തിൽ കൊണ്ടുവന്നു സംസ്കരിച്ചു. അന്നുമുതൽ (9–ാം നൂറ്റാണ്ട്) ആശ്രമത്തിന്റെ പേര് സെന്റ് കാതറൈൻ മൊണാസ്ട്രി എന്നായി.



വി. കാതറൈന്റെ കല്ലറ

സെന്റ് കാതറൈൻ മൊണാസ്ട്രിയിലെ ലൈബ്രറി ലോകപ്രസിദ്ധമാണ്. അവിടെ സൂക്ഷിക്കപ്പെടുന്ന അമൂല്യമായ കൈയെഴുത്തുപ്രതികളുടെ സാന്നിധ്യമാണ് ഇതിനു കാരണം. 3000ൽ അധികം വാല്യങ്ങൾ ലൈബ്രറിക്കുണ്ട്. അഞ്ഞൂറു കൈയെഴുത്തുപ്രതികൾ ഗ്രീക്കുഭാഷയിലും മറ്റു പൗരസ്ത്യഭാഷകളിലുമായുണ്ട്. ലോഹംകൊണ്ടു പുറംചട്ട പിടിപ്പിച്ച്, ബൈബിളിന്റെ, സുവിശേഷങ്ങളുടെ കൈയെഴുത്തുപ്രതികളും തുകൽച്ചുരുളുകളും സൂക്ഷിച്ചിരിക്കുന്നു. പലതും കൈകൊണ്ടു വരച്ച് അലങ്കരിച്ചിട്ടുള്ളവയാണ്. വിശുദ്ധ ബൈബിളിന്റെ കുത്തഴിഞ്ഞു ചിതറിക്കിടന്ന, നാലാം നൂറ്റാണ്ടിലെ ഒരു ഗ്രീക്കുപ്രതി ടിച്ചെൻഡോഫ് (Tischendorf), എന്ന പണ്ഡിതൻ ഈ ലൈബ്രറിയിൽനിന്ന് കണ്ടെടുക്കുകയുണ്ടായി. അതിന്റെ ഒരു ഭാഗമാണ് കോഡെക്സ് സിനായിറ്റിക്കൂസ് എന്ന പേരിൽ അറിയപ്പെടുന്ന അമൂല്യമായ ബൈബിൾ കൈയെഴുത്തുപ്രതി. 1859 ൽ ഇത് റഷ്യയിലെ സാർചക്രവർത്തി വാങ്ങുകയും പിന്നീടത് ബ്രിട്ടീഷ് മ്യൂസിയം വിലയ്ക്കു വാങ്ങുകയും ചെയ്തു.

ലൈബ്രറിയുടെ സമീപത്തായി നാലാം നൂറ്റാണ്ടുമുതൽ വിരചിതമായ പെയിന്റിംഗുകളുടെ ഒരു അമൂല്യശേഖരമുണ്ട്. രക്ഷകനായ ക്രിസ്തുവാണ് അതിൽ പ്രശസ്തിയിൽ ഒന്നാമതുള്ളത്. 'തെയോതോക്കോസ്' (ദൈവമാതാവ്) എന്ന പ്രസിദ്ധമായ ചിത്രവും അവിടെ സൂക്ഷിക്കപ്പെടുന്നു. ലൈബ്രറിയും പെയിന്റിംഗുകളും ഒന്നും കാണുവാനുള്ള സമയവും അനുവാദവും ഞങ്ങൾക്കുണ്ടായിരുന്നില്ല. ആശ്രമപരിസരത്ത് ഒരു സിമിത്തേരിയും അവിടെ സംസ്കരിക്കപ്പെട്ട എല്ലാ സന്ന്യാസികളുടെയും അസ്ഥികളും ഭൗതികാവശിഷ്ടങ്ങളും സൂക്ഷിക്കുന്ന ഒരു മുറിയുമുണ്ട്. ആശ്രമം തുടങ്ങിയപ്പോൾമുതൽ സംസ്കരിക്കപ്പെട്ട എല്ലാ വിശ്വാസികളുടെയും അസ്ഥികൾ അവിടെ സൂക്ഷിക്കപ്പെടുന്നു.

ആശ്രമത്തിലെ സന്ന്യാസിമാരുടെ അനുദിനജീവിതക്രമവും ശ്രദ്ധേയമാണ്. 8 മണിക്കൂർ പ്രാർത്ഥന, എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിശ്രമം എന്നതാണ് ആശ്രമത്തിലെ ജീവിതക്രമം. വിശുദ്ധഗ്രന്ഥങ്ങളിൽനിന്നുള്ള വായന, വിശുദ്ധകുർബാനയുടെ പരികർമ്മം, മരുഭൂമിയിൽ ജീവിച്ചുമരിച്ച മരുഭൂമി പിതാക്കന്മാരുടെ കൃതികളുടെ വായന തുടങ്ങിയവയാണ് പ്രാർത്ഥനയുടെ ഭാഗങ്ങൾ. (തുടരും)

# ദൈവസ്നേഹത്തിന്റെ പനിമലർ

1–ാം പേജ് തുടർച്ച

സന്തോഷവും തൃപ്തിയും കിട്ടാത്തതുകൊണ്ട് ഞങ്ങളൊരു കൊച്ചുവീടുവച്ച് മാറിക്കൊള്ളാം, നിങ്ങൾ ഇവിടെ താമസിച്ചുകൊള്ളുക. ഇത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ട പാഠമാണ്. കുടുംബജീവിതത്തിൽ കിട്ടേണ്ട സ്നേഹവും അംഗീകാരവുമൊന്നും സന്ന്യാസത്തിൽ ആഗ്രഹിച്ചാൽ സാധിക്കില്ല. സന്ന്യാസത്തിൽ കിട്ടേണ്ട സ്നേഹവും അംഗീകാരവും ദൈവം മാത്രം തരുന്നതാണ്.

നൽകുന്ന സ്നേഹവും ലഭിക്കുന്ന സ്നേഹവും ഒരുപക്ഷേ, നമ്മൾ മനസ്സിലാക്കുന്നത് കമിതാക്കൾ എന്നുപറയുന്നവരുടെ കൂട്ടത്തിലാണ്. പ്രേമിച്ചുനടക്കുന്ന ആ കാലഘട്ടത്തിൽ അവർ സ്നേഹിക്കാൻ മത്സരിക്കുകയാണ്. ആ സ്നേഹിക്കൽ എന്നുവച്ചാൽ തന്റെ സമയം കൊടുക്കുക, തന്റെ കരുതൽ കൊടുക്കുക, തന്റെ പരിഗണന കൊടുക്കുക, തന്റെ സാന്നിദ്ധ്യം കൊടുക്കുക-ഇതെല്ലാം സ്നേഹിക്കുന്നതിന്റെ അടയാളമാണ്.

പിന്നെ കുറച്ചുകഴിഞ്ഞ് അവർ വിവാഹാന്തസ്സിലേക്കു പ്രവേശിച്ചുകഴിയുമ്പോൾ ഇതിന്റെ റിവേഴ്സായിട്ടാണു വരുന്നത്. എനിക്കു സ്നേഹം കിട്ടുന്നില്ല, എനിക്കു പരിഗണന കിട്ടുന്നില്ല, എന്നെ അംഗീകരിക്കുന്നില്ല, എന്നെ അനുസരിക്കുന്നില്ല, എനിക്കു സമയം തരുന്നില്ല, എന്നെ വേണ്ടത്ര സ്നേഹിക്കുന്നില്ല-പിന്നെ എല്ലാം മുറുമുറുപ്പുകളായി, പിറുപിറുപ്പുകളായി, ജീവിതം അതൃപ്തിയായി.

അപ്പോൾ, വിവാഹജീവിതത്തിനു മുമ്പ് അവർ പ്രേമിച്ചുനടന്നപ്പോൾ കൊടുത്തിരുന്ന കരുതൽ, കാവൽ, പരിഗണന, പരിലാളന, സ്നേഹം, സാന്നിദ്ധ്യം, സാമീപ്യം എന്നിവയെല്ലാം പിന്നീട് അവർ വിവാഹത്തിലൂടെ എന്നന്നേക്കുമായി ജീവിച്ചുതുടങ്ങിയപ്പോൾ മുതൽ ഡിമാന്റായി മാറി. ഡിമാന്റ് ചെയ്യുന്നിടത്താണ് സ്നേഹത്തിന്റെ പരാജയം ആരംഭിക്കുന്നത്. കിട്ടണം എന്നാഗ്രഹിക്കുമ്പോൾ കൊടുക്കണമെന്നാഗ്രഹിക്കുന്ന ആ ദിവ്യപ്രേമത്തിന്റെ അവസ്ഥ തുടർന്നാൽ ഒരിക്കലും സ്നേഹത്തിനു പരാജയമുണ്ടാകില്ല. സ്നേഹം വളരുകയേയുള്ളു.

അപ്പോൾ, കൊടുക്കുന്ന സ്നേഹമാണ് യഥാർത്ഥത്തിൽ വളരുന്ന ആനന്ദം. ലഭിക്കണമെന്ന് ആഗ്രഹിക്കുകയും കിട്ടണമെന്നു നിർബന്ധിക്കുകയും ചെയ്യുന്ന സ്നേഹമാണ് താത്കാലികമായി കടന്നുപോകുന്ന സന്തോഷം. സന്ന്യാസത്തിലേക്കു വിളിച്ചിരിക്കുന്നത് കടന്നുപോകാത്ത ആനന്ദം അനുഭവിക്കാനാണെന്ന് അൽഫോൻസാമ്മ തിരിച്ചറിഞ്ഞു. അതുകൊണ്ട് കടന്നുപോകാത്ത ഒരു സ്നേഹത്തിന്റെ നിറവ് അനുഭവിച്ചുകഴിഞ്ഞപ്പോൾ പിന്നെ ഇവിടെ കിട്ടേണ്ട സ്നേഹമെല്ലാം അപ്രസക്തമായി. അതിനൊന്നും യാതൊരു വിലയും കല്പിക്കാതെ വളരെ സന്തോഷത്തോടെ ജീവിക്കാൻ സാധിച്ചു. അൽഫോൻസാമ്മ എന്നും സന്തോഷവതിയായിരുന്നതിന്റെ കാരണം അതാണ്. താൻ ഒന്നുമില്ലാത്തവളും ഒന്നുമല്ലാത്തവളും തനിക്കാരുമില്ലാത്തവളുമാണ് എന്നുള്ള തിരിച്ചറിവ്. താൻ എന്തെങ്കിലുമായിരിക്കുന്നത് ദൈവത്താലാണ്. ഈ ലോകത്തിൽ ആരുമില്ലെങ്കിലും തനിക്കു ദൈവം ഉണ്ട് എന്നും ആ ദൈവത്തെ സ്നേഹിച്ചാൽ എല്ലാം പൂർത്തിയായി എന്നും ആ ദൈവസ്നേഹത്തിന്റെ നിറവാണ് തന്നെ വിളിച്ചിക്കുന്നത് എന്നും തിരിച്ചറിഞ്ഞപ്പോൾ പിന്നെ പരാതികളും പരിഭവങ്ങളുമില്ല. നേരിടേണ്ടിവന്ന സഹനങ്ങളും നിന്ദനങ്ങളും അസുഖങ്ങളും അസ്വസ്ഥതകളുമൊന്നും അൽഫോൻസാമ്മയുടെ മുഖത്തുനിന്നു പ്രസാദം എടുത്തുകളഞ്ഞില്ല. അവൾ എപ്പോഴും പ്രസന്നവദനയായിരുന്നു. ഈ പ്രസാദം തന്റെ ഉള്ളിലുള്ള ദൈവകൃപയെ മുഖത്തു പ്രതിഫലിപ്പിച്ചതാണ്. നമ്മുടെ മുഖം വാടാൻ ദൈവപിതാവ് ആഗ്രഹിക്കുന്നില്ല. മുഖം എപ്പോഴും സന്തോഷത്തോടെയിരിക്കാൻ, പ്രസാദത്തിലിരിക്കാൻ ആഗ്രഹിക്കുന്ന ഒരു പിതാവിന്റെ മകളാകാനാണ്, മകനാകാനാണ് സന്ന്യാസത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നത്. ആ വിളി തിരിച്ചറിഞ്ഞപ്പോൾ അൽഫോൻസാമ്മയെ സംബന്ധിച്ചിടത്തോളം വളരെ ലളിതസുന്ദരമായിരുന്നു സന്ന്യാസജീവിതം.

**കൊടുക്കുന്ന സ്നേഹമാണ് യഥാർത്ഥത്തിൽ വളരുന്ന ആനന്ദം. ലഭിക്കണമെന്ന് ആഗ്രഹിക്കുകയും കിട്ടണമെന്നു നിർബന്ധിക്കുകയും ചെയ്യുന്ന സ്നേഹമാണ് താത്കാലികമായി കടന്നുപോകുന്ന സന്തോഷം. സന്ന്യാസത്തിലേക്കു വിളിച്ചിരിക്കുന്നത് കടന്നുപോകാത്ത ആനന്ദം അനുഭവിക്കാനാണെന്ന് അൽഫോൻസാമ്മ തിരിച്ചറിഞ്ഞു.**

ദാസന്റെ വേഷം സ്വീകരിക്കുന്ന സന്ന്യാസമല്ല, ദാസന്റെ രൂപം സ്വീകരിച്ചപ്പോൾ തന്നെത്തന്നെ ശൂന്യമാക്കുന്ന സാദൃശ്യവും പ്രകൃതവും ഏറ്റുവാങ്ങാൻ സാധിച്ച ജീവിതശൈലിയായിരുന്നു അൽഫോൻസാമ്മയുടേത്. ആകൃതിയിൽ ദാസിയായി സന്ന്യാസജീവിതം ധരിച്ച ആളായിരുന്നില്ല അൽഫോൻസാമ്മ. പ്രകൃതത്തിൽ ദാസന്റെ രൂപം സ്വീകരിച്ച വ്യക്തി. അപ്പോൾ പിന്നെ തങ്ങളിലുള്ള പ്രകൃതം എന്നുപറയുന്നത് ദാസിയുടെ പ്രകൃതമാണ്. തന്നെത്തന്നെ ശൂന്യനാക്കി ആ ശൂന്യനാക്കിയ യേശുവിന്റെ പ്രകൃതം തന്റെ പ്രകൃതത്തിൽ ലയിച്ചുചേർന്നപ്പോൾ തന്നിൽനിന്നു വന്ന പ്രകൃതം മുഴുവൻ ഒന്നുമില്ലായ്മയുടെയും ഒന്നിനോടുമൊരു ആകർഷണം തോന്നാത്തതിന്റെയും ചിന്തയായിരുന്നു. അമ്മത്രേസ്യാ പറഞ്ഞില്ലേ, സർവ്വതും താനേ കടന്നുപോകും. കടന്നുപോകാത്തത് ദൈവം മാത്രമാണ്. ദൈവം മാത്രം മതി ദൈവത്തെ വേറിട്ട് ഇനി എന്തു വേണ്ടൂ എന്നാണ്. ദൈവത്തിനു നിരക്കാത്തതും ദൈവത്തിനു സന്തോഷം കൊടുക്കാത്തതും ദൈവത്തിനു മഹത്ത്വം കൊടുക്കാത്തതും ദൈവത്തെ പ്രസാദിപ്പിക്കാത്തതുമായിട്ടുള്ള ഈ ലോകത്തെ അംഗീകാരങ്ങൾക്കും ബഹുമതികൾക്കും സുഖങ്ങൾക്കുംവേണ്ടിയിട്ടാണോ സന്ന്യാസത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ചോദ്യമാണ് അൽഫോൻസാമ്മ നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളിയായി ഉയർത്തുന്നത്.

അൽഫോൻസാമ്മ contemplatively active ആയിരിക്കാനല്ല, actively contemplative ആയിരിക്കാനാണ് പരിശ്രമിച്ചത്. ആ വിളി തിരിച്ചറിഞ്ഞപ്പോൾ അൽഫോൻസാമ്മയ്ക്കു ലോകത്തിനു മരിച്ചു ജീവിക്കുവാൻ സാധിച്ചു. ലോകവും അതിന്റെ ആശകളും ധീരതയോടെ വെടിഞ്ഞവളായിരുന്നു അൽഫോൻസാമ്മ. അതുകൊണ്ട് ലോകമായകളെ നോക്കി പുച്ഛിക്കുവാൻ സാധിച്ചു. കാരണം, ആനന്ദംതന്നെയായ ദൈവം ഉള്ളിൽ നിറഞ്ഞിരിക്കുകയാണ്. കടന്നുപോകാത്തതും മാഞ്ഞുപോകാത്തതും മായമില്ലാത്തതും എന്നേക്കുമായിട്ടുള്ള ആനന്ദം ഉള്ളിലുണ്ട്.

ഗോതമ്പുമണി നിലത്തു വീഴാതെ അഴിഞ്ഞാൽ അതിന് ജീവനുണ്ടാവുകയില്ല. നേരേ മറിച്ച്, നിലത്തു വീണ് അഴിഞ്ഞാൽ അതിനു ജീവനുണ്ടാകും. വി. അൽഫോൻസാമ്മ താനാകുന്ന ഗോതമ്പുമണി നന്നായി പാകപ്പെടുത്തിയ നിലത്ത്, നൂറുമേനി വിളവു നൽകുന്ന നിലത്തു വീണഴിഞ്ഞ് തന്നിലൂടെ ഒരു ജീവിതമുണ്ടാകണമെന്ന് ആഗ്രഹിച്ചു. അപ്പോൾ, താൻ അഴിയാത്തിടത്തോളം കാലം തന്നിലൂടെ മറ്റുള്ളവർക്കു ജീവനുണ്ടാകില്ല. തന്നിലുള്ള പ്രസാദം മുഖത്തു നിഴലിക്കുന്നില്ല എന്നുണ്ടെങ്കിൽ ഉള്ളിലനുഭവിക്കുന്ന ദൈവത്തിന്റെ സംതൃപ്തി മറ്റുള്ളവരിലേക്കു തന്റെ നോട്ടത്തിലൂടെയോ ചിരിയിലൂടെയോ പെരുമാറ്റത്തിലൂടെയോ പ്രകൃതത്തിലൂടെയോ കൊടുക്കാൻ സാധിക്കുകയില്ല. ദൈവം നമ്മിൽനിന്നാഗ്രഹിക്കുന്നത് വിളിച്ച വിളിയിലുള്ള നിറവിനുവേണ്ടിയാണ്. നിറവ് അനുഭവിക്കണം എന്നുണ്ടെങ്കിൽ അൽഫോൻസാമ്മയെപ്പോലെ സ്നേഹമെന്നുള്ളതു കൊടുക്കാനുള്ളതാണ്, കിട്ടാനുള്ളതല്ല എന്ന തിരിച്ചറിവുണ്ടാകണം. കിട്ടുന്ന സ്നേഹം കടന്നുപോകും. കൊടുക്കുന്ന സ്നേഹം ഒരിക്കലും കടന്നുപോകാത്തതാണ്. ദൈവത്തിന്റെ സ്നേഹം തിരിച്ചറിയുമ്പോൾ ലോകത്തിന്റെ വഴികളിൽ ഉഴലാതെ, പാപത്തിന്റെ പാതകൾ പുണരാതെ ദൈവത്തിന്റെ പൂവനിയിൽ പനിമലരായി വിരിയാൻ നമുക്കും കഴിയും, അൽഫോൻസാമ്മയെപ്പോലെ. ആ ധന്യജീവിതം ഈ ലോകമാകുന്ന ജീവിതത്തിൽ നമുക്കോരോരുത്തർക്കും വെല്ലുവിളിയാണ്. ആ വെല്ലുവിളി ഏറ്റെടുക്കാനും ലോകത്തിന്റെ പനിമലരായി മാറാനും അൽഫോൻസാമ്മ നമുക്ക് മാതൃകയാകട്ടെ, പ്രേരണയാകട്ടെ. വിശുദ്ധ അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

□



പ്രഫ. മാത്യു ഉലകംതറ

## ത്രികാലജപം

കർത്താവിൻ മാലാഖ ചൊന്നപോലാത്മാവാൽ
പുത്രനെ ഗർഭം ധരിച്ചു മേരി
ഞാനിതാ കർത്താവിൻ ദാസി നിൻ ദിവ്യമാം
വാണിപോലെന്നിൽ ഭവിച്ചീടട്ടെ
ദൈവവചനം മനുഷ്യരൂപം പൂണ്ടു
ഭൂവിലീ നമ്മളോടൊത്തുവാണു.

## സ്വർഗ്ഗസ്ഥനായ പിതാവേ

സ്വർഗ്ഗസ്ഥനായ പിതാവേ, തവനാമം
എപ്പൊഴും പൂജിതമായിടേണം
താവകരാജ്യം വരേണം, തിരുഹിതം
ദ്യോവിലെപ്പോൽ ഭൂവിലായിടേണം

അന്നന്നു വേണ്ടുന്ന ഭോജനം ഞങ്ങൾക്കായ്
ഇന്നു നീ തന്നു പുലർത്തിടേണം
ഞങ്ങളന്യർക്കുള്ള കുറ്റം പൊറുക്കുമ്പോൽ
ഞങ്ങളോടും നീ പൊറുത്തിടേണം
പാപക്കെണിയിൽപെടുത്താതെ തിന്മതൻ
ആപത്തിൽനിന്നു നീ കാത്തിടേണം
എന്തുകൊണ്ടെന്നാൽ മഹത്ത്വവും ശക്തിയും
സന്തതം രാജ്യവും നിന്റേതല്ലോ
താതനും പുത്രനും പാവനാത്മാവിനും
സ്തോത്രമിപ്പോഴുമെപ്പോഴുമാമ്മേൻ

## നന്മനിറഞ്ഞ മറിയം

നന്മ നിറഞ്ഞ മറിയമേ, സ്വസ്തി തേ
ചിന്മയൻ നിന്നോടുകൂടി വാഴ്വൂ
എന്നുമേ ധന്യനീയംഗനാവൃന്ദത്തിൽ
നിന്നുദരത്തിൻ ഫലവും ധന്യം

പാവനയാം മേരി ദൈവത്തിൻ മാതാവേ,
പാപികളാം ഞങ്ങൾക്കായി നിത്യം
പ്രാർത്ഥിച്ചു കൊള്ളണം തമ്പുരാനോടെന്നും
മൃത്യുമുഹൂർത്തം വരുമ്പൊഴും നീ.
യേശുവിൻ വാഗ്ദാനം ഞങ്ങൾക്കു കൈവരാൻ
നീ തുണച്ചീടണം ദൈവതായേ

## പ്രാർത്ഥിക്കാം

സർവ്വേശാ, കർത്താവേ, നിൻ സുതനാമീശോ
ഭൂവിൽ മനുഷ്യനായ് പീഡയേറ്റു
ക്രൂശിൽ മരിച്ചിട്ടുയിർത്തതിൻ സത്ഫലം
നീ ഞങ്ങൾക്കേകാൻ കനിഞ്ഞിടേണം.

*വൃത്തം : മഞ്ജരി*

# ക്രൈസ്തവവിശ്വാസം വെല്ലുവിളിയാകുന്നു



പ്ലാത്തോട്ടം മാത്യു

**ക്രൈ**സ്തവവിശ്വാസങ്ങൾക്കും ആരാധനാലയങ്ങൾക്കുമെതിരായ കടന്നാക്രമണങ്ങൾ ആഗോളഭീഷണിയാകുന്നു. തുർക്കിയിലെ പൗരാണികമായ ഹാഗിയ-സോഫിയ മ്യൂസിയം മുസ്ലീം പ്രാർത്ഥനാലയമായ മോസ്കാക്കി മാറ്റിയ സംഭവം ക്രൈസ്തവവിശ്വാസത്തിനെതിരായ കൈയേറ്റത്തിന്റെ ഒടുവിലത്തെ ഉദാഹരണമാണ്. യൂറോപ്യൻ യൂണിയനും റഷ്യയുൾപ്പെടെ നിരവധി രാജ്യങ്ങളും സംഭവത്തെ ശക്തമായി അപലപിച്ചുകഴിഞ്ഞു. 'ഇസ്താംബൂൾ ഹാഗിയ സോഫിയയെ ഓർത്തു ഞാൻ വളരെ വേദനിക്കുന്നു' എന്നാണ് ഫ്രാൻസീസ് പാപ്പാ പ്രതികരിച്ചത്. വിശ്വാസികളുമായുള്ള ആഞ്ചലൂസ് പ്രാർത്ഥനയ്ക്കിടയിലാണ് പാപ്പാ തന്റെ വേദനയും ഉത്കണ്ഠയും പങ്കുവച്ചത്. ഇക്കാര്യം പരാമർശിക്കുമ്പോൾ പാപ്പാ സ്വരമിടറി നിമിഷങ്ങളോളം നിശ്ശബ്ദനായി.

കോൺസ്റ്റാന്റിനോപ്പിൾ ആസ്ഥാനമായിരുന്ന കിഴക്കൻ റോമാസാമ്രാജ്യത്തിലെ ചക്രവർത്തിയായിരുന്ന ജസ്റ്റീനിയൻ ഒന്നാമൻ എ.ഡി. 537 ൽ പണികഴിപ്പിച്ച ഈസ്താംബൂളിലെ ഹാഗിയ സോഫിയ കത്തീഡ്രൽ ദൈവാലയം, 1453 ൽ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയ ഓട്ടോമൻ തുർക്കികൾ മുസ്ലീം ആരാധനാലയമായ മോസ്ക് ആക്കി മാറ്റി. പിന്നീട്, ഓട്ടോമൻ സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം അധികാരത്തിൽവന്ന മുസ്തഫ കമാൽപാഷ നടപ്പാക്കിയ മതേതരനയത്തിന്റെ അടയാളമായി 1935 ൽ ഇതു മ്യൂസിയമാക്കി മാറ്റി.

ഈ മ്യൂസിയമാണ് ഇപ്പോൾ വീണ്ടും മോസ്കാക്കി മാറ്റിയിരിക്കുന്നത്.

ബൈസന്റയിൻ ശില്പകലാശൈലിയുടെ ഉത്തമമാതൃകയായി കണക്കാക്കപ്പെടുന്നതാണീ മ്യൂസിയം അഥവാ ദൈവാലയം. യുനെസ്കോയുടെ ലോകപൈതൃകപ്പട്ടികയിലും സ്ഥാനംപിടിച്ച വിശിഷ്ടദൈവാലയം. ശില്പചാതുര്യംകൊണ്ടും നിർമ്മാണവൈദഗ്ധ്യംകൊണ്ടും വിശ്വാസികളുടെ അഭിമാനമായിരുന്നു ഹാഗിയ-സോഫിയ.

അത്താത്തുർക്കിന്റെ കാലത്തെ ശില്പവേലകൾ കത്തീഡ്രൽ ഭിത്തിയിൽ ധാരാളമായിരുന്നു. പരിശുദ്ധ ദൈവമാതാവിന്റെയും യേശുവിന്റെയും ചിത്രങ്ങളുൾപ്പെടെ ക്രൈസ്തവപൈതൃകം നിലനിർത്തുന്ന അനേകം ശില്പവേലകൾ. ഇവയുൾപ്പെടെ സകല ക്രൈസ്തവചിഹ്നങ്ങളും രൂപങ്ങളും നശിപ്പിച്ചുകഴിഞ്ഞു. ഭിത്തികളിലെ ചിത്രങ്ങൾ പെയിന്റടിച്ചുമാറ്റി.

ജനീവ ആസ്ഥാനമായ വേൾഡ് ചർച്ചസ് കൗൺസിൽ (W.C.C.) ഹാഗിയ സോഫിയ സംഭവത്തിൽ പ്രതിഷേധിച്ചു. മ്യൂസിയം മോസ്ക് ആക്കിയ നടപടി റദ്ദാക്കണമെന്ന് W.C.C. ആവശ്യപ്പെട്ടു. ലോകമെങ്ങുമുള്ള വിവിധ ക്രൈസ്തവസഭകളുടെ കൂട്ടായ്മയാണ് W.C.C. തുർക്കിയിലെ സംഭവവികാസങ്ങളിൽ അമേരിക്ക, റഷ്യ, ഗ്രീസ്, സൈപ്രസ് തുടങ്ങിയ രാജ്യങ്ങളും ഉത്കണ്ഠയും പ്രതിഷേധവും അറിയിച്ചിട്ടുണ്ട്.

ഇസ്ലാമികരാജ്യങ്ങളിൽനിന്ന് അഭയാർത്ഥികളായി എത്തിയവർക്ക് എല്ലാ സഹായവും നൽകണമെന്ന് ഫ്രാൻസീസ് പാപ്പാ സമീപകാലത്ത് അഭ്യർത്ഥിക്കുകയുണ്ടായി. ഇതനുസരിച്ച് അനേകം പേർക്ക് അഭയം നൽകുകയും ചെയ്തിരുന്നു. പക്ഷേ, പല രാജ്യങ്ങളിലും ക്രൈസ്തവർക്കു നേരേയുള്ള അതിക്രമങ്ങൾ ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ക്രൈസ്തവരുടെ നിരവധി പുണ്യസ്ഥലങ്ങൾ, മുസ്ലീം അധിനിവേശത്തിലായിരിക്കുന്നത് വിശുദ്ധനാടുതീർത്ഥാടകർക്ക് നേരിൽ ബോധ്യപ്പെടുന്നതാണ്. പീഡാസഹനത്തിനുശേഷം ഉയിർത്തെഴുന്നേറ്റ യേശു നാല്പതാം നാൾ സ്വർഗ്ഗത്തിലേക്കു കരേറിയ ഏറ്റവും വിശുദ്ധമായ സ്ഥലം ഇന്ന് ഇസ്ലാംമത വിഭാഗക്കാർ കൈവശപ്പെടുത്തിയിരിക്കുന്നു. ലാസറിനെ ഉയിർപ്പിച്ച അദ്ഭുതസംഭവം നടന്നയിടവും ഇന്നു ക്രൈസ്തവർക്കന്യമാണ്. കോടിക്കണക്കായ ക്രൈസ്തവരുടെ ഏറ്റവും പുണ്യപ്പെട്ട സ്ഥലങ്ങളിൽ പ്രവേശിക്കാനും പ്രാർത്ഥിക്കാനും മറ്റു മതസ്ഥരുടെ അനുവാദവും സൗജന്യവും വേണ്ടിവരുന്നു. ഇതു നീതിക്കും മൂല്യങ്ങൾക്കും ചേർന്നതല്ല. പലപ്പോഴായി തീവ്രമുസ്ലീം ഭരണാധികാരികൾ ആയുധബലത്തിൽ പിടിച്ചെടുത്ത് കൈവശപ്പെടുത്തിയ ഇടങ്ങളാണ് വിശുദ്ധനാട്ടിലെ ക്രൈസ്തവപുണ്യസ്ഥലങ്ങൾ. ക്രൈസ്തവതീർത്ഥാടകർക്ക് അവിടെ പ്രവേശിക്കാനും പ്രാർത്ഥിക്കാനും പ്രവേശനപ്പാസ് വാങ്ങേണ്ടിവരുന്നു. വലിയ വരുമാനമാർഗ്ഗമായി കാണുന്നതിനാൽ മാത്രമാണ് ഇവിടങ്ങൾ പഴയ തനിമയിൽ നിലനിർത്തുന്നത്. ലോകമെങ്ങുമുള്ള യഹൂദജനതയുടെ പുണ്യസ്ഥലമായ ജറൂസലേം ദൈവാലയസ്ഥാനംപോലും പിടിച്ചെടുക്കാനും ഇസ്ലാമികപുണ്യസ്ഥാനമാക്കാനും അവർക്കു കഴിഞ്ഞു.

അവസാനമായി ഇസ്രായേലിൽനിന്നുള്ള റിപ്പോർട്ടുകൾ കൂടുതൽ ആശങ്കയുളവാക്കുന്നതാണ്. ജറൂസലേമിലെ ജാഫാ ഗേറ്റിലെ ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ സ്വത്ത് സംബന്ധിച്ച് ജറുസലേമിലെ ജില്ലാക്കോടതിയുടെ വിധി ക്രൈസ്തവർക്ക് വൻ ഭീഷണിയുയർത്തിയിരിക്കുന്നു. ജാഫാ ഗേറ്റ് സ്വത്തിന് യഹൂദമൗലികവാദിസംഘടനകൾ അവകാശം ഉന്നയിക്കുകയാണ്. കോടതിവിധി ക്രൈസ്തവരിൽ വലിയ ആശങ്കയാണുളവാക്കിയിട്ടുള്ളത്. ഇപ്പോൾ മുസ്ലീംകൾക്കെതിരായ ശക്തമായ നിലപാടുള്ള രാജ്യമാണ് ഇസ്രായേൽ. അതിൽ ന്യായീകരണം കണ്ടെത്താനാകും. പക്ഷേ, ക്രൈസ്തവർക്കെതിരായ നീക്കത്തിന് യാതൊരു നീതീകരണവുമില്ല. ആ ശത്രുത ക്രൈസ്തവർക്കു മാത്രമല്ല, ഇസ്രായേലിനും ദോഷകരമാണ്. ടൂറിസം പ്രധാന വരുമാനമാർഗ്ഗമായ രാജ്യത്തിന്റെ സമ്പദ്ഘടനയെയും അതു ബാധിക്കും. ഒരർത്ഥത്തിൽ ലോകമെങ്ങും ക്രൈസ്തവവിശ്വാസവും സ്ഥാപനങ്ങളും വലിയ വെല്ലുവിളി നേരിടുകയാണ്.



ഹാഗിയ-സോഫിയ

# കുട്ടികളിലെ കൂർക്കംവലി

**പാലാ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലെ വിദഗ്ധരായ ഡോക്ടർമാർ വിവിധ വിഷയങ്ങളെക്കുറിച്ച് ഓരോ ലക്കവും എഴുതുന്നു:**

ആരോഗ്യവീഥി



ഡോ. നമിത വി. കൃഷ്ണ

**കൊ**റോണക്കാലത്തിനും മാസ്കുകൾ മുഖം മൂടുന്നതിനും മുമ്പുള്ള കാലത്ത് പാതിതുറന്ന വായും മൂക്കടപ്പുമായി ഒ.പി.യിലേക്കു വന്ന മൂന്നു വയസ്സുകാരൻ. അവന്റെ അമ്മയോട് ഡോക്ടർ:

"കുഞ്ഞിനു കൂർക്കംവലിയുണ്ടോ?"

ഒരു ചെറുചിരിയോടെ അമ്മ പറഞ്ഞു:

"ഓ, അതു പാരമ്പര്യമായി കുടുംബത്തിൽ എല്ലാവർക്കുമുള്ളതാ."

മേൽപ്പറഞ്ഞപോലെ കൂർക്കംവലിക്കു പാരമ്പര്യമായ കാരണങ്ങളുണ്ടാകാമെങ്കിലും അങ്ങനെ നിസ്സാരമാക്കാവുന്ന ഒന്നല്ല കുഞ്ഞുങ്ങളിലെ കൂർക്കംവലിയും അതിനോടനുബന്ധിച്ചുള്ള നിദ്രാവേളയിലെ ശ്വസനതടസ്സവും (സ്ലീപ് അപ്നിയ). ഒബ്സ്ട്രക്ടീവ് സ്ലീപ് അപ്നിയ (OSA) എന്നാൽ ശ്വസനപാതയുടെ മുകൾഭാഗത്തുണ്ടാകുന്ന തടസ്സങ്ങൾമൂലം ഉറക്കത്തിനിടെയുണ്ടാകുന്ന ശ്വാസവിരാമങ്ങളാണ് (അപ്നിയാസ്). ഇതിന്റെ പ്രധാന കാരണങ്ങൾ അഡിനോയ്ഡ് - ടോൺസിൽ ഗ്രന്ഥികളുടെ വീക്കം, അമിതവണ്ണം, ജന്മനാ ഉള്ള വൈകല്യങ്ങൾ - ഉദാ: ഡൗൺസ് സിൻഡ്രോം പോലെയുള്ള ജനിതകവൈകല്യങ്ങൾ.

OSA യുടെ പ്രധാന ലക്ഷണങ്ങൾ കൂർക്കംവലി, വായ തുറന്നുള്ള ശ്വസനം, ഉറക്കത്തിനിടെ തുടരെയുള്ള ഉണർന്നെണീൽക്കൽ, തിരിഞ്ഞും മറിഞ്ഞും കിടക്കുക, ശ്വാസം എടുക്കാനുള്ള ബുദ്ധിമുട്ട്, ശ്വാസവിരാമങ്ങൾ, കിടക്കയിൽകിടന്നു മൂത്രമൊഴിക്കുക, അമിതമായ വിയർക്കൽ എന്നിവയാണ്. ഇതുകൂടാതെ ആഹാരം കഴിക്കാൻ മടി, വളർച്ചക്കുറവ്, സ്വഭാവവ്യത്യാസം, അമിതദേഷ്യം, ഹൈപ്പർ ആക്ടിവിറ്റി, ശ്രദ്ധയില്ലായ്മ, പഠനത്തിൽ താത്പര്യക്കുറവ്, കൂടുതൽ പകലുറക്കം എന്നിവയുണ്ടാകാം.

കൃത്യമായ വിവരണങ്ങളിലൂടെയും (ഉദാ: കുട്ടി ഉറങ്ങുന്നതിന്റെ ഓഡിയോ-വീഡിയോ ദൃശ്യങ്ങൾ) വിശദമായ പരിശോധനകളിലൂടെയും OSA കണ്ടുപിടിക്കാവുന്നതാണ്. മൂക്ക് - തൊണ്ട എന്നിവയുടെ പരിശോധനയോടൊപ്പം എക്സ്റേ, സി.റ്റി. സ്കാൻ, മൂക്കിന്റെ എൻഡോസ്കോപി എന്നിവയും കുട്ടിയുടെ പ്രായമനുസരിച്ചു ചെയ്യാവുന്നതാണ്. നിദ്രാപഠനം (Sleep Study) OSAയുടെ വിശദാംശങ്ങൾ നല്കുന്ന ഒന്നാണ്. കൂടുതലും മുതിർന്നവരിലാണ് നിദ്രാപഠനം സാധാരണമായി നടത്താറുള്ളത്.

OSA യുടെ ചികിത്സാരീതികൾ പ്രധാനമായും നാലു തരത്തിലാണ്.

1. ഭക്ഷണരീതി ക്രമപ്പെടുത്തൽ (Diet), വ്യായാമം പ്രത്യേകിച്ചും അമിതവണ്ണമുള്ള കുട്ടികളിൽ.
2. മരുന്നുകൾ: മൂക്കിനുള്ളിൽ അടിക്കാവുന്ന സ്പ്രേകൾ, അലർജി നിയന്ത്രിക്കുന്ന മരുന്നുകൾ.
3. ശസ്ത്രക്രിയ:
   - അഡിനോയ്ഡ് - ടോൺസിൽ ഗ്രന്ഥികൾ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയ. ഇതിൽത്തന്നെ Coblutor എന്ന നൂതന ചികിത്സാസംവിധാനം വളരെ സഹായകമായ ഒന്നാണ്.
   - താടിയെല്ലിന്റെ ആകൃതി ശരിയാക്കുന്നതിനുള്ള ശസ്ത്രക്രിയ.
   - നാക്കിന്റെ വലുപ്പക്കൂടുതൽ ചുരുക്കുന്നതിനുള്ള ശസ്ത്രക്രിയ.
4. കന്റിന്യൂയസ് പോസിറ്റീവ് എയർവേ പ്രെഷർ (CPAP) മെഷീൻ - മേൽപ്പറഞ്ഞ ചികിത്സകൾ ഫലിക്കാതെ വരികയോ, ചെയ്യാൻ സാധിക്കാതെ വരികയോ ചെയ്യുമ്പോൾ.



3–ാം പേജ് തുടർച്ച

# ഈ ഒഴിവാക്കലുകൾ ആർക്കുവേണ്ടി?

"രാഷ്ട്രത്തിന്റെ സ്വത്വം, നമ്മുടെ സാമൂഹികസ്വത്വം, രാജ്യത്തിന്റെ സ്വഭാവം എന്നിവ സംബന്ധിച്ച സംഘത്തിന്റെ കാഴ്ചപ്പാടും പ്രഖ്യാപനവും വ്യക്തവും നന്നായി ചിന്തിച്ചതും ഉറച്ചതുമാണ്, ഭാരതം ഹിന്ദുസ്ഥാനാണ്, ഹിന്ദുരാഷ്ട്രമാണ്." മോഹൻ ഭാഗവത് ആർ.എസ്.എസിന്റെ ജന്മദിനാഘോഷച്ചടങ്ങുകൾക്കിടയിൽ പ്രഖ്യാപിച്ചു. 2024 ൽ 'പുതിയ ഇന്ത്യ' സൃഷ്ടിക്കപ്പെടുമെന്ന സംഘപരിവാറിന്റെ പ്രഖ്യാപനത്തിനു പിന്നിലുള്ള യഥാർത്ഥലക്ഷ്യം ഹിന്ദുരാഷ്ട്രസ്ഥാപനമാണ്. പതിറ്റാണ്ടുകൾക്കുമുൻപ് വിനായക് ദാമോദർ സവർക്കറും മാധവ് സദാശിവ ഗോൾവാൾക്കറും സ്വപ്നം കണ്ട ഹിന്ദുരാഷ്ട്രത്തെ യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് ഒന്നിനുപുറകെ ഒന്നായി ഇന്ത്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വർഗീയമുഖമുള്ള നിയമനിർമ്മാണങ്ങളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടെ നടത്തുന്ന ഒഴിവാക്കലുകളും കൂട്ടിച്ചേർക്കലുകളും.

ഇന്ത്യയുടെ പ്രാണവായുവായ മതനിരപേക്ഷതയുടെയും ജനാധിപത്യത്തിന്റെയും ഭാവിയെ സംബന്ധിച്ചിടത്തോളം സുപ്രധാനചോദ്യങ്ങൾ ഉയർത്തുന്നവയാണ് ബോധപൂർവ്വമുള്ള ഈ ഒഴിവാക്കലുകളും നിയമനിർമ്മാണങ്ങളും. സ്വാതന്ത്ര്യാനന്തരം ഇന്ത്യ എന്ന രാഷ്ട്രം മുന്നോട്ടുവയ്ക്കുന്ന മഹത്തായ ഒരു സങ്കല്പമുണ്ട്. ഈ രാഷ്ട്രം എല്ലാവരുടെയുമാണ് എന്ന സുന്ദരമായ സങ്കല്പം. ഈ സങ്കല്പത്തിന്റെ, സ്വപ്നത്തിന്റെ പരിശീലനവേദികളായിരുന്നു നമ്മുടെ കലാലയങ്ങളും പാഠപുസ്തകങ്ങളുമെല്ലാം. ആയിരക്കണക്കിനു വർഷങ്ങളിലൂടെ നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ ഭാഗമായി സ്വതന്ത്ര ഇന്ത്യയ്ക്കു കൈമാറിക്കിട്ടിയതാണ് "ഓൾ ഇൻക്ലുസ്സീവ്" എന്ന മഹത്തായ ബഹുസ്വരതയുടെ ദർശനം. ലോകത്തെ ഏറ്റവും വലിയ മതേതരജനാധിപത്യരാജ്യമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പരമാധികാര റിപ്പബ്ലിക്കൻ ഭരണഘടന നിലവിൽ വന്നപ്പോഴും അതിൽ ഉറക്കെ പ്രഖ്യാപിച്ചത് ഈ രാഷ്ട്രം എല്ലാവരുടെയുമാണ് എന്നാണ്.

ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും അന്തച്ഛിദ്രങ്ങളെ നേരിട്ടപ്പോഴും ഈ രാഷ്ട്രം തലയുയർത്തി നിന്നത് എല്ലാത്തിനെയും ഉൾക്കൊള്ളുന്ന ബഹുസ്വരതയുടെ വലിയ കരുതൽ ഇവിടുത്തെ പാഠ്യപദ്ധതികളിലും നിയമസംവിധാനങ്ങളിലും ജനപ്രാതിനിധ്യസഭകളിലും ഉണ്ടായിരുന്നതുകൊണ്ടാണ്. പക്ഷേ, വളരെ ദുഃഖകരമെന്നു പറയട്ടെ, ബഹുസ്വരതയുടെ ഈ മഹത്തായ ദർശനങ്ങളെ അട്ടിമറിച്ചുകൊണ്ട് ഹിന്ദുരാഷ്ട്ര അജണ്ടകളുമായി കേന്ദ്രസർക്കാർ വളരെ വേഗത്തിൽ മുന്നോട്ടുപോവുകയാണ്. ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണം മാത്രമാണ് സ്കൂൾ സിലബസുമായി ബന്ധപ്പെട്ട തമസ്കരണങ്ങൾ.

---

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

# ആഹാരം പാഴാക്കരുത്

അച്ഛനുമമ്മയുമൊരുമിച്ച് പെരിയാറിന്റെ തീരത്തുള്ള വീട്ടിലാണ് നാലാം ക്ലാസ് വിദ്യാർത്ഥിയായ സോമൻ താമസിക്കുന്നത്.

പെരിയാറ്റിൽ വെള്ളപ്പൊക്കം വന്നു. ഒരു ദിവസം നേരം വെളുത്തപ്പോൾ വീടിന്റെ മുറ്റത്തു വെള്ളം കയറിയിരിക്കുന്നു. സോമന്റെ പുസ്തകങ്ങളും ഡ്രസ്സുകളും വീട്ടുപകരണങ്ങളും മറ്റെല്ലാ സാധനങ്ങളും അച്ഛനും അമ്മയുംകൂടി തട്ടിൻമുകളിൽ കയറ്റി സുരക്ഷിതമായി വച്ചു. പരിസരത്തുള്ള മിക്ക വീടുകളിലും വെള്ളം കയറി. നാട്ടുകാർ അധികംപേരും ഒക്കൽ സ്കൂളിലെ ക്യാമ്പിൽ താമസമാക്കി.

സോമനും അച്ഛനും അമ്മയും ഡ്രസ്സുകളും പണവും മറ്റ് അത്യാവശ്യസാധനങ്ങളും എടുത്തുകൊണ്ട് കുന്നക്കാട്ടുമലയിലുള്ള അമ്മാവന്റെ വീട്ടിലേക്കു താമസംമാറ്റി. അവിടെ ഭക്ഷണത്തിനോ മറ്റു കാര്യങ്ങൾക്കോ ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല.

അവൻ അമ്മാവന്റെ മകനുമൊരുമിച്ചു കളിച്ചുരസിച്ചു നടന്നു. ഉച്ചയ്ക്ക് ഊണു കഴിക്കാറായപ്പോൾ സോമനെയും വേണുവിനെയും അമ്മായി ചോറുണ്ണാൻ വിളിച്ചു.



"പിള്ളേർക്കു വിശക്കുന്നുണ്ടാവും. നിങ്ങൾ ഭക്ഷണം കഴിച്ചോളൂ. ചോറും കറികളുമെല്ലാം മേശപ്പുറത്ത് എടുത്തുവച്ചിട്ടുണ്ട്. പ്ലെയിറ്റും കഴുകിവച്ചിട്ടുണ്ട്. ആവശ്യംപോലെ എടുത്തു കഴിച്ചോളൂ. ഞാൻ കുളിച്ചിട്ടു വരട്ടെ." അമ്മായി പറഞ്ഞു.

സോമനും വേണുവും ചോറും കറികളും വിളമ്പിക്കഴിച്ചു. പിന്നെയും കളിക്കാൻ പോയി. തിന്ന പാത്രങ്ങൾ മേശപ്പുറത്തു തന്നെ ഇരുന്നു. പാത്രങ്ങളിൽ ചോറും കറികളും ധാരാളം ബാക്കിയുണ്ടായിരുന്നു.

അമ്മായി കുളികഴിഞ്ഞു വന്നപ്പോൾ മേശപ്പുറത്തു പാത്രങ്ങളിൽ ഭക്ഷണാവശിഷ്ടങ്ങൾ കണ്ടു. അമ്മായി ചോദിച്ചു: "മക്കളേ, നിങ്ങളോട് ആവശ്യംപോലെ ഭക്ഷണം എടുത്തുകഴിച്ചോളാൻ പറഞ്ഞിട്ട് നിങ്ങൾ ഭക്ഷണം ആവശ്യത്തിലധികം വിളമ്പി പാഴാക്കിക്കളഞ്ഞു. ഇതു നല്ല ശീലമല്ല.

"ആഹാരം ആവശ്യാനുസരണം കഴിക്കാം. ആവശ്യമില്ലെങ്കിൽ അതു വിളമ്പി നഷ്ടപ്പെടുത്താൻ പാടില്ല. എപ്പോൾ ഭക്ഷണം കഴിക്കുമ്പോഴും ഈ കാര്യം ഓർക്കണം. അതുപോലെ ആഹാരം കഴിച്ച പാത്രം കഴുകിവയ്ക്കണം. ഈ കാര്യങ്ങൾ കുട്ടികൾ ചെറുപ്പത്തിലേ ശീലിക്കണം. ചെറുപ്പത്തിൽ ശീലിച്ചാൽ മരണംവരെ ഈ കാര്യങ്ങൾ ചെയ്യും. 'ചൊട്ടയിലെ ശീലം ചുടലവരെ' എന്നല്ലേ പഴമൊഴി."

അമ്മായിയുടെ സംസാരം കേട്ടപ്പോൾ സോമൻ പറഞ്ഞു: "മേലിൽ ഞാൻ ആഹാരസാധനങ്ങൾ പാഴാക്കിക്കളയുകയില്ല. ആഹാരം കഴിച്ചാൽ പാത്രം കഴുകിവയ്ക്കും." സോമന്റെ വാക്കുകൾ കേട്ടപ്പോൾ വേണുവും പറഞ്ഞു: "ഞാനും ഇനി മേലിൽ ആഹാരം പാഴാക്കിക്കളയില്ല. തിന്ന പാത്രം കഴുകിവയ്ക്കും."

പിള്ളേരുടെ തീരുമാനം കേട്ടപ്പോൾ അമ്മായി പറഞ്ഞു: "നിങ്ങൾ മിടുക്കന്മാരാണെന്ന് എനിക്കറിയാം."

---

പാട്ടിന്റെ പാലാഴി – 61

ളാക്കാട്ടൂർ പൊന്നപ്പൻ

സംഗീതാചാര്യന്മാർ

## മുത്തുസ്വാമി ദീക്ഷിതർ

*സംഗീതത്രിമൂർത്തികളിൽ രണ്ടാമനായ മുത്തുസ്വാമിദീക്ഷിതർ തിരുവാരൂരിൽ ജീവിച്ചിരുന്ന പ്രസിദ്ധ വിദ്വാനായിരുന്ന രാമസ്വാമിദീക്ഷിതരുടെ മൂത്ത പുത്രനായി 1775 ൽ ജനിച്ചു. മുത്തുസ്വാമിയുടെ ബാല്യത്തിൽത്തന്നെ രാമസ്വാമി കുടുംബസമേതം മണലി എന്ന സ്ഥലത്തേക്കു താമസം മാറ്റി. അവിടെവച്ച് മറ്റു രണ്ടു മക്കളായ ചിന്നസ്വാമി, ബാലുസ്വാമി എന്നിവർ ജനിച്ചു.*



*മണലിയിൽ താമസിക്കുന്ന കാലത്ത് പരിചയപ്പെട്ട ചിദംബരസ്വാമി എന്ന സംഗീതനോടൊപ്പം മുത്തുസ്വാമി കാശിയിലേക്കു പോയി. അവിടെ ആറുവർഷം ജീവിച്ചു. അക്കാലത്ത് ഹിന്ദുസ്ഥാനിസംഗീതവും അഭ്യസിച്ചു. കൂടാതെ ചിദംബരനാഥസ്വാമിയിൽനിന്ന് യോഗാഭ്യാസം പരിശീലിക്കുകയും 'ശ്രീവിദ്യോപദേശം' സ്വീകരിക്കുകയും ചെയ്തു.*

*ഹിന്ദുസ്ഥാനിസംഗീതത്തിലെ ദ്രുപത് അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. തിരുത്തണി എന്ന സ്ഥലത്തു താമസമാക്കിയ ദീക്ഷിതർ ഒരു വാഗ്ഗേയകാരൻ എന്ന രീതിയിൽ പ്രസിദ്ധനായി. അദ്ദേഹത്തിന്റെ ആദ്യകൃതി 'ശ്രീനാഥാദി ഗുരുഗുഹജതി' എന്ന ആദിതാളത്തിലുള്ള മായാമാളവരാഗ കീർത്തനമായിരുന്നു. കാഞ്ചീപുരത്തുവച്ച് ഏകാമ്രനാഥനെയും കാമാക്ഷിയെയുംകുറിച്ചു കീർത്തനങ്ങൾ രചിച്ചു. പല യാത്രകൾക്കുംശേഷം തിരുവാരൂരിൽ തിരിച്ചെത്തി പിതാവിനൊപ്പം താമസിച്ചു. 1817 ൽ മാതാപിതാക്കൾ മൺമറഞ്ഞു.*

*സംസ്കൃതത്തിലായിരുന്നു ദീക്ഷിതർ കൃതികൾ രചിച്ചത്. സംസ്കൃതത്തിലെ അലങ്കാരപ്രയോഗങ്ങൾ കീർത്തനങ്ങളിൽ ധാരാളം കാണാമായിരുന്നു. സംസ്കൃതം, തമിഴ്, തെലുങ്ക് എന്നിവ ഇടകലർത്തിയും ചില കൃതികളുണ്ട്. തെലുങ്കുഭാഷയിൽ മാത്രം രചിച്ച ഒരു കൃതി ശ്രീരഞ്ജിനി രാഗത്തിലുള്ളത് കാണുന്നുണ്ട്. വിളംബകാലത്തിലുള്ളവ (തീരെ സാവധാനത്തിൽ)യാണ് ഇദ്ദേഹത്തിന്റെ കൃതികൾ. ചില രചനകളിൽ മധ്യമകാലവും ധൃതകാലവും കാണാറുണ്ട്. പിതാവു കണ്ടുപിടിച്ച രാഗമായ ഹംസധ്വനിയിൽ ദീക്ഷിതർ 'വാതാപിഗണപതി' എന്ന സുപ്രസിദ്ധമായ ഗാനം രചിച്ചു. ഇന്നും സംഗീതാസ്വാദകർ വളരെയിഷ്ടപ്പെടുന്ന കീർത്തനമാണ് വാതാപി. യതി, മധ്യമകാലസാഹിത്യം, പ്രാസം, യമകം എന്നിവ മുത്തുസ്വാമി ദീക്ഷിതരുടെ കൃതികളിൽ ധാരാളമുണ്ട്. മുത്തുസ്വാമി ദീക്ഷിതരുടെ ഒരു കീർത്തനമെങ്കിലും പാടാതെ ഒരു ഭാഗവതരും കച്ചേരി അവതരിപ്പിക്കാറില്ല. പഞ്ചലിംഗസ്ഥലകൃതികൾ, നവഗ്രഹകൃതികൾ, കമലാംബനവാവരണം, ഷോഡശഗണപതികീർത്തനങ്ങൾ, ത്യാഗരാജസ്തുതിയായി രചിച്ച വിഭക്തികീർത്തനങ്ങൾ എന്നിവ എടുത്തുപറയേണ്ട രചനകളാണ്. ഹിന്ദുസ്ഥാനി സംഗീതത്തിലും പ്രാവീണ്യമുള്ളതിനാൽ പല ഹിന്ദുസ്ഥാനിരാഗങ്ങളിലും കൃതികൾ രചിച്ചു.*

*ദീക്ഷിതരുടെ ശിഷ്യരിൽ സ്വന്തം സഹോദരന്മാരായ ബാലുസ്വാമിയും ചിന്നസ്വാമിയും കൂടാതെ അനേകം ഗായകരും, നാദസ്വരവിദ്വാന്മാരും നർത്തകരും, ദാസിമാരും ഉൾപ്പെടുന്നു. വിപുലമായ ഒരു ശിഷ്യസമ്പത്തുണ്ടായതിനാൽ ദീക്ഷിതർ കൃതികൾ നാടൊട്ടുക്ക് പ്രചരിക്കാനിടയായി. 'ഗുരുഗുഹ' എന്ന മുദ്രയുള്ളതിനാൽ ദീക്ഷിതർ കൃതികൾ തിരിച്ചറിയാൻ സാധിക്കുന്നു. 1835 ൽ മീനാക്ഷിമേമുദം എന്നു തുടങ്ങുന്ന പൂർവ്വികല്യാണി രാഗത്തിലുള്ള കൃതി ഒരു വേദിയിൽ പാടിക്കൊണ്ടിരിക്കുമ്പോൾ അദ്ദേഹം സമാധിയടഞ്ഞു.* ■

---

# ബംഗാൾ ഉൾക്കടലിൽ പതിക്കുന്ന മഹാനദി

പുഴയൊഴുകുംവഴി

മാത്യൂസ് ആർപ്പൂക്കര

പണ്ട് വെള്ളപ്പൊക്കങ്ങൾമൂലം കുപ്രസിദ്ധി നേടിയതാണ് മഹാനദി. ഈ നദിയിൽ ഹിരാക്കുഡ് ഡാം നിർമ്മിച്ചതോടെയാണ് ദുരവസ്ഥ മാറിയത്. മണ്ണുകൊണ്ടു നിർമ്മിക്കപ്പെട്ട ലോകത്തിലെ ഏറ്റവും വലിയ ഡാം. ഛത്തീസ്ഗഡിലെ റായ്പൂരിൽനിന്ന് ഉദ്ഭവിക്കുന്നതാണ് മഹാനദി(Mahanadi). ഛത്തീസ്ഗഡിലും ഒഡീഷയിലുംകൂടി ഈ നദി ഒഴുകുന്നു. ഒടുവിൽ ബംഗാൾ ഉൾക്കടലിൽ ചെന്നുചേരുന്നു.

ഒഡീഷയിലെ കട്ടക് നഗരം ഈ നദിയുടെ തീരത്താണ്. അവിടെവച്ച് മഹാനദി കത്ജോഡി എന്ന പേരിൽ മറ്റൊരു കൈവഴിയായി മാറുന്നു. വീണ്ടും പലതായി തിരിഞ്ഞാണ് ബംഗാൾ ഉൾക്കടലിൽ പതിക്കുക. മഹാനദി, ബൈത്രണി, ബ്രാഹ്മണി എന്നീ നദികൾ ഒരുമിച്ചു കട്ടക്കിനടുത്തുവച്ചുണ്ടാകുന്ന ഫാൾസ് പോയിന്റ് ഒരുക്കുന്ന ഡെൽറ്റ ശ്രദ്ധേയം. ഇന്ത്യയിലെ ഏറ്റവും വലിയ ഡെൽറ്റകളിലൊന്നാണത്. നദികളുടെ സമ്പാദ്യശീലം പെരുകിപ്പെരുകി കാലക്രമേണ ഉണ്ടായി വരുന്ന കരപ്രദേശമാണ് ഡെൽറ്റ.

മഹാനദിയുടെ കാര്യത്തിൽ പോരുണ്ടാക്കുന്ന രണ്ടു സംസ്ഥാനങ്ങളാണ് ഛത്തീസ്ഗഡും ഒഡീഷയും.

# കോവിഡാന്ത്യം പ്രശ്നങ്ങളും പ്രതീക്ഷകളും



പ്രിൻസ്‌രാജ്

മൂന്നാം ലോകമഹായുദ്ധം എന്നാണ് ആഗോളസാമ്പത്തിക വിദഗ്ധരും സാമൂഹികശാസ്ത്രജ്ഞരും കോവിഡ് -19 നെ വിശേഷിപ്പിച്ചത്. ആ മഹാമാരി രാജ്യ-ഭൂഖണ്ഡ-വംശ-വർഗ-ഭാഷാഭേദമെന്യേ ലോകസാമ്പത്തികക്രമത്തിലും സാമൂഹികജീവിതത്തിലും സൃഷ്ടിച്ച സ്തംഭനാവസ്ഥയും പലവിധ ആശങ്കകളും കണക്കിലെടുക്കുമ്പോൾ പ്രസ്തുത വിലയിരുത്തൽ അക്ഷരംപ്രതി വസ്തുതാപരമെന്നു പറയേണ്ടിവരും. മനുഷ്യർ ഉള്ളിടത്തെല്ലാം കോവിഡിന്റെ സാന്നിധ്യമോ കോവിഡ് ഉയർത്തുന്ന ഭീതിയെത്തുടർന്നുള്ള നിയന്ത്രണങ്ങളോ ഉണ്ട്. കോവിഡ് പ്രത്യക്ഷമായോ പരോക്ഷമായോ സർവവ്യാപിയായിക്കഴിഞ്ഞു എന്നു സാരം. ഇതുപോലൊരു മഹാമാരി നൂറ്റാണ്ടു പിറകിലേക്കു ചരിത്രം പരതിയാൽപ്പോലും കണ്ടെത്താൻ കഴിഞ്ഞെന്നു വരില്ല. പതിനായിരക്കണക്കിനു മനുഷ്യജീവൻ കവർന്ന മഹാമാരികൾ മുമ്പും ഉണ്ടായിട്ടുണ്ടെങ്കിലും അവയൊക്കെ ഒരു രാജ്യത്തോ ഏതാനും രാജ്യങ്ങളിലോ അതുമല്ലെങ്കിൽ ഒന്നോ രണ്ടോ ഭൂഖണ്ഡങ്ങളിൽ മാത്രമോ ഒതുങ്ങിനിന്നവയായിരുന്നു.



ആ നിലയിൽ ചിന്തിക്കുമ്പോൾ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ സൃഷ്ടിച്ചതിനേക്കാൾ ഗൗരവതരആഘാതമാകും കോവിഡ്മൂലം ഉണ്ടാകാൻ പോകുന്നത്. അതിന്റെ യഥാർത്ഥചിത്രം ഏതാനും മാസങ്ങൾകൂടി കഴിഞ്ഞാവും പൂർണതോതിൽ വെളിപ്പെടുക. ആഗോളതൊഴിൽ മേഖലയിൽ അതിന്റെ അനുരണനങ്ങൾ ഇപ്പോൾത്തന്നെ പ്രകടമായിക്കഴിഞ്ഞു. കഴിഞ്ഞ ആറു മാസത്തിലേറെയായി ആഗോള ഉത്പാദനരംഗവും ടൂറിസമുൾപ്പെടെയുള്ള ഇതര ബിസിനസ് മേഖലകളും സ്തംഭനാവസ്ഥയിലാണ്. ആഗോളഭീമന്മാരായ കമ്പനികൾക്കുപോലും ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കേണ്ടിവന്നു. ഈ പ്രവണത കോവിഡാന്ത്യം വരെ തുടരും. കോവിഡ് പൂർണമായും പിൻവാങ്ങിയാൽപ്പോലും, ഏതാനും വർഷങ്ങൾതന്നെ വേണ്ടിവന്നേക്കാം പഴയപടി കാര്യങ്ങൾ പുരോഗതി കൈവരിക്കാൻ. ലോകത്ത് എവിടെ, ഏതുതരം പ്രതിസന്ധി ഉണ്ടായാലും അത് ആദ്യവും ഏറ്റവും കൂടിയ അളവിലും ബാധിക്കുന്ന സമൂഹം കേരളമാണ്. സപ്തഭൂഖണ്ഡങ്ങളിലും മലയാളി സാന്നിധ്യമുണ്ട് എന്നതു തന്നെ കാരണം. ആഗോളതൊഴിൽ മേഖലയിൽ ഉടലെടുക്കുന്ന സുരക്ഷിതത്വമില്ലായ്മ ഏറ്റവും കൂടുതൽ ബാധിക്കാൻ പോകുന്നതും നമ്മെത്തന്നെ ആയിരിക്കും. അത്തരം അശുഭവാർത്തകൾ ഗൾഫ് സെക്ടറിൽനിന്നും എത്തിക്കഴിഞ്ഞു.

സ്വദേശിവത്കരണം എന്ന ലേബലിലാണു കാര്യങ്ങൾ എന്നു മാത്രം. അടുത്ത മൂന്നു മാസത്തിനകം 10 ലക്ഷം വിദേശികളെ തൊഴിൽമേഖലയിൽനിന്നും ഒഴിവാക്കും എന്നാണു കുവൈത്ത് പ്രഖ്യാപിച്ചിരിക്കുന്നത്. കുവൈത്തിലെ ഏറ്റവും വലിയ പ്രവാസിസമൂഹം ഇന്ത്യക്കാരാണ്. 10 ലക്ഷത്തോളം ഇന്ത്യക്കാർ അവിടെ തൊഴിലെടുക്കുന്നു. അതിൽ ഗണ്യമായ സംഖ്യ മലയാളികളും. പ്രവാസികളെ സംബന്ധിച്ച തൊഴിൽവ്യവസ്ഥകൾ കുടുതൽ കർക്കശമാക്കും എന്നു തന്നെയാണു കുവൈത്ത് വ്യക്തമാക്കുന്നത്. കോവിഡ് അതിനു വേഗം പകരുകതന്നെ ചെയ്യും. ഇതേനിലയിൽ പ്രതികരിച്ചുകഴിഞ്ഞ മറ്റൊരു രാജ്യം ഒമാനാണ്. അടുത്ത മൂന്നു വർഷത്തിനകം ഫിഷറീസ്, ഖനനമേഖലയിൽ 35 ശതമാനമായി സ്വദേശിപ്രാതിനിധ്യം ഉയർത്തും എന്നാണ് അവർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യക്കാർ ഉൾപ്പെടെയുള്ള പ്രവാസിസമൂഹം കയ്യടക്കിയിരുന്ന ഹോം ഡെലിവറി മേഖല പൂർണമായും സ്വദേശവത്കരിക്കാൻ തീരുമാനിച്ചതിനു പിന്നാലെയാണ് ഒമാന്റെ പുതിയ പ്രഖ്യാപനം. സൗദി ഉൾപ്പെടെയുള്ള മറ്റു ഗൾഫുരാജ്യങ്ങളും ഇതേ വഴിക്കു നീങ്ങിയേക്കാം എന്ന സൂചനകളുണ്ട്. അങ്ങനെയെങ്കിൽ ലക്ഷക്കണക്കിനു പ്രവാസിമലയാളികൾക്കാവും വിദൂരമല്ലാത്ത ഭാവിയിൽ തൊഴിൽ നഷ്ടമാവുക. തുടർച്ചയായ രണ്ടു പ്രളയവും രണ്ടു മഹാമാരിയും നേരിട്ടു ഗുരുതരസാമ്പത്തികപ്രതിസന്ധിയിലൂടെ നീങ്ങുന്ന കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് അപരിഹാര്യനഷ്ടമാകും അതുവഴി ഉണ്ടാവുക.

ഇവ്വിധമുള്ള ആശങ്കകൾക്കിടയിലും പ്രതീക്ഷ പകരുന്ന ഏതാനും വാർത്തകളും ഉണ്ട്. കോവിഡ് അനുഭവത്തിന്റെ പശ്ചാത്തലത്തിൽ യൂറോപ്പിലെയും അമേരിക്കയിലെയും ഗൾഫ് മേഖലയിലെയും വികസിത ഏഷ്യൻ രാജ്യങ്ങളിലെയും ആരോഗ്യരംഗം വിപുലീകരിക്കപ്പെടും എന്നതാണത്. അതുവഴി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ കേരളത്തിന് അനുഗ്രഹമാകും. ടൂറിസം, ഐ.ടി. ഉൾപ്പെടെയുള്ള മേഖലകളിലും സമാന മാറ്റങ്ങൾ പ്രതീക്ഷിക്കാം.

ആശങ്കയുടെ മുൾമുനയിൽ ലോകം നിൽക്കുന്ന ഈ അവസരത്തിലും പ്രപഞ്ചസത്യമായി മാറിയ ആ വാചകത്തിൽ നമുക്കു വിശ്വാസമർപ്പിക്കാം: 'മാറ്റമില്ലാത്തതു മാറ്റത്തിനു മാത്രം.' ഒപ്പം ഒരു കവിവാചകവും ഓർമ്മിക്കാം: 'ഈ അവസ്ഥയും കടന്നുപോം, വന്നപോൽ.'

□

# സന്ന്യാസധീരതയുടെ സാക്ഷ്യം

1-ാം പേജ് തുടർച്ച

അവരിൽ ഒരാൾക്ക് വീട്ടുകാർ വാക്കു കൊടുക്കുകയും ചെയ്തിരുന്നു. എന്നാൽ, വിശുദ്ധ കൊച്ചുത്രേസ്യയെപ്പോലെ വിശുദ്ധയാകണം എന്നു തീരുമാനിച്ചുറപ്പിച്ച അന്നക്കുട്ടി വലിയ ദാഹത്തോടെ സന്ന്യാസജീവിതത്തെ ആഗ്രഹിച്ചു.

തന്നെ മഠത്തിൽ വിടുന്നതിന് വീട്ടുകാർക്കു മനസ്സുവരുത്താൻ ഉപവാസവും പരിത്യാഗപ്രവൃത്തികളും ചെയ്യാൻ തുടങ്ങി. വിവാഹനിശ്ചയം കഴിഞ്ഞെന്നു മനസ്സിലാക്കിയപ്പോൾ ഇനി മഠത്തിൽ ചേരാൻ എന്തുചെയ്യും എന്നായി അവളുടെ ചിന്ത. അപ്പോഴാണ് സ്വന്തം ശരീരം വിരൂപമാക്കിയെങ്കിലും വിവാഹത്തിൽനിന്നു രക്ഷപ്പെടണം എന്ന ചിന്ത ആ പെൺകുട്ടിക്കുണ്ടാകുന്നതും പിന്നീട് തീപ്പൊള്ളലേൽക്കുന്നതുമൊക്കെ. പിന്നീട് ആത്മീയപിതാവായ ബഹു. ളൂയിസച്ചനോട് അൽഫോൻസാമ്മ പറഞ്ഞു: തീ ഇത്രയ്ക്കുണ്ടെന്നോ ഇത്രയധികം പൊള്ളുമെന്നോ ഞാൻ വിചാരിച്ചില്ല; കുറച്ച് പൊള്ളിക്കണമെന്നു മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളൂ. ഈ സംഭവത്തോടെ വിവാഹാലോചനകൾ അവസാനിക്കുകയും തുടർന്ന് അവൾ ഭരണങ്ങാനം ക്ലാരമഠത്തിൽ ചേരുകയും ചെയ്തു. സന്ന്യാസം വരിക്കാനുള്ള അൽഫോൻസാമ്മയുടെ നിശ്ചയദാർഢ്യവും തീരുമാനവുമാണ് അപകടം എന്നു തോന്നാമെങ്കിലും ഇത്തരം പ്രവൃത്തികളിൽ നമുക്കു ദർശിക്കാൻ സാധിക്കുന്നത്.

ആർക്കും ആരെയും നിർബന്ധിച്ചു സന്ന്യാസം വരിപ്പിക്കാൻ കഴിയില്ല. കാരണം, ദൈവവിളി എന്നത് ദൈവസ്നേഹത്തോടുള്ള സ്വതന്ത്രവും തീക്ഷ്ണവുമായ പ്രത്യുത്തരമാണ്. നിർബന്ധത്താൽ ആരെങ്കിലും വന്നാൽത്തന്നെ അവർ പാതിവഴിയിൽ ഉപേക്ഷിച്ചുപോകുകയാണു പതിവ്. കാരണം സന്ന്യാസസഭയെന്നത് ഒരു സംഘടനയോ ക്ലബ്ബോ ഒന്നുമല്ല. ദൈവത്തിനു ജീവിതം സമർപ്പിക്കുന്നവർക്ക് ആ സമർപ്പണം സഫലമാക്കാൻ സഹായിക്കുന്ന കുടുംബമാണ് ഓരോ സന്ന്യാസസമൂഹവും. ഏതു കുടുംബത്തിലും കുറവുകളുണ്ടാകാം എന്നതുപോലെ സന്ന്യാസഭവനങ്ങളിലും ഉണ്ടാകാം. എങ്കിലും പരിശുദ്ധാത്മാവിന്റെ പ്രേരണകൾക്കനുസൃതമായി മാനുഷികബലഹീനതകളെ കരുണയോടെ അതിജീവിച്ച് ആത്മീയതയിൽ വളരുന്ന ഇടമാണ് സന്ന്യാസഭവനം.

**വിശ്വാസതീക്ഷ്ണത**

എന്തുകൊണ്ട് ഇത്ര തീവ്രമായി അൽഫോൻസാമ്മ സന്ന്യാസത്തെ ആഗ്രഹിച്ചു? ഒരേയൊരുത്തരം: വിശ്വാസം. ഈ ലോകജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് അവൾക്ക് ഉൾക്കാഴ്ചകൾ ഉണ്ടായിരുന്നതുകൊണ്ട് ജീവിതത്തിലെ യഥാർത്ഥലക്ഷ്യത്തെ തിരിച്ചറിയാനായി. സഹനംകൊണ്ട് ഉറക്കമില്ലാത്ത രാത്രികളിൽ എന്തു ചെയ്യുകയാണ് എന്ന് അഭിവന്ദ്യ കാളാശ്ശേരിപ്പിതാവ് അൽഫോൻസാമ്മയോടു ചോദിച്ചു. അവൾ പറഞ്ഞു: 'ഞാൻ സ്നേഹിക്കുകയാണ്.' പരിശുദ്ധ കുർബാനയോടുള്ള വിശുദ്ധയുടെ സ്നേഹവും സവിശേഷമായിരുന്നു. "എനിക്കു സമയം കിട്ടുമ്പോഴൊക്കെ വിശുദ്ധ കുർബാനയുടെ സന്നിധിയിൽ ഞാൻ ചെലവഴിക്കും. എന്റെ കർത്താവിനെ പൂർണമായി സ്നേഹിക്കണമെന്നേ എനിക്ക് ആഗ്രഹമുള്ളൂ. മനസ്സറിവോടുകൂടെ ഒരു നിസ്സാരപാപം ചെയ്ത് ദൈവത്തെ ഉപദ്രവിക്കുന്നതിനെക്കാൾ മരിക്കുന്നതാണ് എനിക്കിഷ്ടം." ഇന്നത്തെ തലമുറയ്ക്ക് അദ്ഭുതം ഉളവാക്കുന്നതാണ് ഇത്തരം വിശ്വാസവും ഭക്തിയും. ഈ അടിയുറച്ച വിശ്വാസമാണ് അൽഫോൻസാമ്മയുടെ ദൈവവിളിക്കടിസ്ഥാനം.

ദൈവവിളികൾ കുറയുന്നു എന്നൊരു വിലയിരുത്തൽ പൊതുവേയുണ്ട്. എന്നാൽ, ദൈവം ഇന്നും അനേകരെ വിളിക്കുന്നുണ്ട്. പക്ഷേ, ആ വിളി ശ്രവിക്കാനും പ്രത്യുത്തരിക്കാനുമുള്ള വിശ്വാസം നമ്മുടെ സമൂഹങ്ങളിലില്ല എന്നതാണ് വാസ്തവം.

വിശ്വാസമുള്ള സമൂഹങ്ങളിൽനിന്നും ധാരാളം പേർ ഇന്നും ദൈവവിളി സ്വീകരിക്കുന്നുണ്ട്. ദൈവവിളി കുറയുന്നത് വിശ്വാസം കുറയുന്നതുകൊണ്ടാണ്. നമ്മുടെ സഭയിൽ ഏറെപ്പേർ സമർപ്പിതജീവിതം സ്വീകരിച്ചത് അവരുടെ കുടുംബങ്ങളിൽ നിലനിന്നിരുന്ന വിശ്വാസംകൊണ്ടു മാത്രമാണ്.

സന്ന്യാസജീവിതത്തിൽ പ്രതിസന്ധി അനുഭവിക്കുന്ന പലരുമുണ്ട്. പൗരോഹിത്യബ്രഹ്മചര്യജീവിതത്തിലും പ്രതിസന്ധികൾ നേരിടുന്നവരുണ്ട്. അടിസ്ഥാനപരമായി ദൈവവിളിയുടെ പ്രതിസന്ധിയെന്നത് വിശ്വാസത്തിന്റെ പ്രതിസന്ധിതന്നെയാണ്. ആത്മരക്ഷയിലും നിത്യജീവിതത്തിലും വിശ്വാസമുള്ളവർക്ക് ഈലോകജീവിതത്തിലെ ഏതു പ്രതിസന്ധിയെയും തരണംചെയ്യാൻ കഴിയുമെന്നതാണ് വാസ്തവം. വിശുദ്ധ അൽഫോൻസാമ്മ തന്റെ വ്യക്തിജീവിതത്തിലെയും സമൂഹജീവിതത്തിലെയും പ്രതിസന്ധികളെ തരണം ചെയ്തത് അടിയുറച്ച ദൈവസ്നേഹത്താലും വിശ്വാസത്താലുമായിരുന്നു.

**ഉപസംഹാരം**

ആന്തരികസ്വാതന്ത്ര്യത്തിന്റെ ഫലമായ സന്ന്യാസസമർപ്പണത്തിന് ഉത്തമോദാഹരണമാണ് വി. അൽഫോൻസാമ്മ. ഈ കൊറോണക്കാലത്ത്, സാമൂഹികമായ ഒത്തുചേരലുകളും ആരാധനകളും ദുസ്സാധ്യമാകുമ്പോൾ നമ്മുടെ വ്യക്തിപരമായ വിശ്വാസവും ആന്തരികസ്വാതന്ത്ര്യവും എത്രമാത്രമാണെന്നു തിരിച്ചറിയുവാൻ നമുക്കു സാധിക്കട്ടെ. ഏവർക്കും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ മംഗളങ്ങൾ നേരുന്നു

□

# ആ മുഖശോഭ വർണിക്കുക അസാധ്യം!

സ്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ വിശുദ്ധ അൽഫോൻസാമ്മയുടെ സംസ്കാര ചടങ്ങിൽ പങ്കെടുത്തതിന്റെ ധന്യമായ ഓർമ ലേഖകൻ പങ്കുവയ്ക്കുകയാണിവിടെ



ഫാ. അലക്സാണ്ടർ ഓലിക്കൽ

മഴക്കാലമായിരുന്നെങ്കിലും 1946 ജൂലൈ 28-ാം തീയതി പ്രസന്നമായിരുന്നു. ഞാനും ചേച്ചിയും ഒരുങ്ങി പ്രഭാതഭക്ഷണം കഴിച്ച് പൊതിച്ചോറും പുസ്തകക്കെട്ടും എടുത്ത് സ്കൂളിലേക്കു പുറപ്പെട്ടു. മറ്റത്തിൽകുന്നിന്റെ മുകളിലെത്തിയപ്പോൾ എതിരേ വന്ന ഒരാൾ ഞങ്ങളെ വിളിച്ചുപറഞ്ഞു: മഠത്തിൽ ഒരു കന്യാസ്ത്രീ മരിച്ചു. ഇന്നു പള്ളിക്കൂടമില്ല. ഞാൻ വീട്ടിലേക്കു മടങ്ങാൻ തുടങ്ങി. പെങ്ങൾ പറഞ്ഞു: നിന്റെ പുസ്തകവും പൊതിച്ചോറും ഇങ്ങു തന്നേക്ക്. ഞാൻ കൊണ്ടുവന്നുകൊള്ളാം. ഞാൻ വരുന്നില്ല എന്നു കട്ടായം പറഞ്ഞു. പെങ്ങൾ പറഞ്ഞു: എടാ, നമ്മളെ പഠിപ്പിക്കുന്ന സിസ്റ്റർമാരുടെ കൂട്ടത്തിലുള്ള ഒരു സിസ്റ്ററാണു മരിച്ചത്. പോയി അടക്കുകൂടണം, അതാണു മര്യാദ. ഞങ്ങൾ സ്കൂളിലേക്കു നടന്നു. ശവമഞ്ചം ചാപ്പലിൽ സ്ഥാപിച്ചിരിക്കുകയാണ്.

ഞങ്ങൾ ചാപ്പലിലേക്കു നടന്നു. ഞങ്ങൾ വിസ്മയിച്ചു. അവർ മാറിപ്പോയപ്പോൾ ഞങ്ങൾ ചാപ്പലിൽ പ്രവേശിച്ച് അൽഫോൻസാമ്മയെ കണ്ടു. ആ മുഖത്തു കളിയാടിയ പ്രഭ വർണ്ണിക്കുക അസാധ്യം. ആ ദിവ്യസുന്ദര മുഖം ഇന്നും എന്റെ മനസ്സിലുണ്ട്. ഞങ്ങൾ മുട്ടിന്മേൽനിന്ന് പ്രാർത്ഥിച്ചു.





ഞങ്ങൾ ചാപ്പലിൽനിന്നിറങ്ങിയപ്പോൾ മുറ്റം നിറയെ കുട്ടികൾ. അടക്കിന്റെ സമയം കുറേപ്പേർ തിരക്കി. ഉടനെതന്നെയെന്ന് ആരൊക്കെയോ മറുപടി പറഞ്ഞു. എന്നാൽ, അടക്കു കൂടണം. കുട്ടികൾ പുസ്തകവും പൊതിച്ചോറും അവരവരുടെ ക്ലാസ്സുകളിൽ കൊണ്ടുപോയി വച്ചു. ആളു തീരെ ചെറുപ്പമാണല്ലോ. മരണകാരണം എന്താണ്? അൽഫോൻസാമ്മ പുണ്യവതിയാണ് എന്നായിരുന്നു മറുപടി. പുണ്യവതിയുടെ മൃതസംസ്കാരം എങ്ങനെയാണ്? മണ്ണിടുകില്ല. പൂക്കൾ ഇടും. ഈന്തില വച്ചു മൂടും. പലകവച്ചുമൂടും. ഇത് സാധാരണ മരിച്ചടക്കല്ല. ചേച്ചിയുടെ കൂടെ പഠിക്കുന്ന മുണ്ടും ചട്ടയും സാരിയും ധരിച്ച ചേടത്തിമാരാണ് ഈ അഭിപ്രായങ്ങൾ എല്ലാം തട്ടിവിട്ടത്. എനിക്കു ചിരിവന്നു. അൽഫോൻസാമ്മ പുണ്യവതിയാണ് എന്ന ധാരണയുടെ ബഹിർപ്രകടനമായിരുന്നു അവരുടെ അഭിപ്രായങ്ങൾ. സാധാരണ മരിച്ചടക്കിലല്ല സംബന്ധിക്കുന്നത് എന്നൊരു ബോധ്യം എല്ലാവർക്കും ഉണ്ടായിരുന്നു.

തിരുക്കർമ്മങ്ങളുടെ സമയമായപ്പോൾ ആളുകൾ ചാപ്പലിൽ കയറി. ചാപ്പൽ നിറഞ്ഞു. കുറേപ്പേർ മുറ്റത്തു നിന്നു. ശുശ്രൂഷകൾ സുറിയാനിഭാഷയിലായിരുന്നു. ചാപ്പലിലെ ശുശ്രുഷകഴിഞ്ഞപ്പോൾ ആളുകൾ പുറത്തിറങ്ങി രണ്ടു ലൈനായി പള്ളിയിലേക്കു പുറപ്പെട്ടു. അൽഫോൻസായുടെ മൃതദേഹം ബ. സിസ്റ്റേഴ്സ് സംവഹിച്ചു. മൃതദേഹം പള്ളിയിൽ എത്തി. വന്ദ്യനായ ഫാദർ റോമുളൂസ് സി.എം.ഐ. പ്രസംഗപീഠത്തിൽ കയറിനിന്ന് ചരമപ്രഭാഷണം നടത്തി. അൽഫോൻസാമ്മയുടെ ജീവിതവിശുദ്ധിയെക്കുറിച്ചാണ് അച്ചൻ പ്രസംഗിച്ചത്. ഈ വസ്തുത അറിഞ്ഞിരുന്നെങ്കിൽ മെത്രാന്മാരും കർദ്ദിനാൾമാരും വൻജനാവലിയും ഇവിടെ എത്തുമായിരുന്നു. ഇനി എത്തുകതന്നെ ചെയ്യും. ഈ യുവതി ഒരു വിശുദ്ധയല്ലെങ്കിൽ ആരാണ്? എന്ന് ബ. റോമുളൂസച്ചൻ അൽഫോൻസാമ്മയെ ചൂണ്ടിക്കൊണ്ട് ചോദിക്കുന്നതു ഞാൻ കൃത്യമായി ഓർമ്മിക്കുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം ജനത്തിന്റെ ധാരണ ഇരട്ടിയാക്കി. യോഗ്യതയില്ലാത്ത മഹാകാര്യത്തിലാണ് പങ്കുകൊള്ളുന്നത് എന്ന ബോധ്യം എല്ലാവർക്കുമുണ്ടായി. ഒരു പ്രത്യേക മുഖഭാവം എല്ലാവരിലും ദൃശ്യമായി. ഇതിനെ അൽഫോൻസാനുഭവം എന്നു വിളിക്കാം.

വി. അൽഫോൻസാമ്മയുടെ കബറടക്കശുശ്രൂഷയ്ക്ക് ആളുകൾ കുറവായിരുന്നു എന്നു പൊതുവേ ഒരു പറച്ചിലുണ്ട്. എന്നാൽ, എന്റെ അഭിപ്രായത്തിൽ, അന്നത്തെ സാമൂഹികസ്ഥിതി വച്ചു നോക്കിയാൽ വി. അൽഫോൻസാമ്മയുടെ അടക്കിന് ആളുകൾ ഒട്ടും കുറവല്ലായിരുന്നു. പത്തഞ്ഞൂറ് സ്കൂൾ കുട്ടികളുമുണ്ടായിരുന്നു. അൽഫോൻസാമ്മ എളിമയുടെ വിളനിലമായിരുന്നെങ്കിലും മൃതസംസ്കാരശുശ്രൂഷ ആഡംബരപൂർവ്വമായിരുന്നുവെന്നു പറയണം. പുതിയ സിമിത്തേരിപ്പള്ളിയിലെ പുതിയ കല്ലറയിൽ അൽഫോൻസാമ്മയെ അടക്കി. അൽഫോൻസാമ്മയെ ബ. സിസ്റ്റേഴ്സാണ് സംവഹിച്ചത്. ഞാൻ ആദ്യമായി പങ്കെടുത്ത, ഒരു സിസ്റ്ററിന്റെ ശവസംസ്കാരമായിരുന്നു അൽഫോൻസാമ്മയുടേത്. ആളില്ലാഞ്ഞതുകൊണ്ടാണ് അൽഫോൻസാമ്മയുടെ ശവമഞ്ചം ബ. സിസ്റ്റേഴ്സ് എടുത്തതെന്ന് ആക്ഷേപം ഉണ്ടായപ്പോൾ അന്ന് മഠത്തിലുണ്ടായിരുന്ന അമ്മമാരോടു ഞാൻ അന്വേഷിച്ചു. അവർ പറഞ്ഞു: അൽഫോൻസാമ്മ മരിച്ചപ്പോൾ ബ. സിസ്റ്റേഴ്സും കുശിനിജോലിക്കാരും കൊന്ത, കുരിശ്, വെന്തിങ്ങ് തുടങ്ങിയ ഭക്തസാധനങ്ങൾ വിശുദ്ധയെ തൊടുവിച്ച് എടുത്തു. മൃതദേഹം മറ്റുള്ളവരെക്കൊണ്ടു എടുപ്പിക്കണ്ടാ എന്നു തീരുമാനിച്ചു. തീരുമാനം വടക്കേലച്ചനെ അറിയിച്ചു. അൽഫോൻസായെ നിങ്ങൾതന്നെ എടുത്താൽ മതി എന്ന് വടക്കേലച്ചൻ പറഞ്ഞു.

ദൈവജനത്തിനു ലഭിച്ച അൽഫോൻസാനുഭവമാണ് കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കാനും തിരി കത്തിക്കാനും ആളുകളെ പ്രേരിപ്പിച്ചത്. പ്രാർത്ഥിക്കാൻ വന്നവരെ അധികാരികൾ നിരുത്സാഹപ്പെടുത്തി എന്ന് ചിലർ പറയുന്നത് സത്യവിരുദ്ധമാണ്. സിമിത്തേരിച്ചാപ്പലിൽ വി. കുർബാന തുടങ്ങിയത് ആരാണ്? കുമ്പസാരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയതാരാണ്? തീർത്ഥാടകർക്കു താമസിക്കാനും മറ്റും സൗകര്യങ്ങൾ ഏർപ്പെടുത്തിയത് പെ. ബ. പ്ലാത്തോട്ടത്തിൽ കുരുവിളയച്ചനാണ്. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ നേർച്ചയായി ലഭിച്ച പണം അൽഫോൻസാഫണ്ടായി സൂക്ഷിച്ചതും അദ്ദേഹം തന്നെ.

ചാത്തം തുടങ്ങിയതും അൽഫോൻസാനുഭവമാണ്. ഇടവകജനം അരിയും കറിസാധനങ്ങളും ചെമ്പും വാർപ്പും മറ്റും കൊണ്ടുവന്ന് ഭക്ഷണം തയ്യാറാക്കി ചാത്തം നടത്തി. പെ. ബ. പ്ലാത്തോട്ടത്തിൽ കുരുവിളയച്ചൻ നേതൃത്വം വഹിച്ചു. വിശുദ്ധയുടെ നാമകരണനടപടിക്കായി, അൽഫോൻസാമ്മയെ ദൈവദാസിയെന്നു വിളിക്കുകയും നാമകരണച്ചടങ്ങുകളുടെ ആദ്യഭാഗമായി രൂപതാക്കോടതി സ്ഥാപിക്കുകയും ചെയ്തു. വൈസ് പോസ്റ്റുലേറ്റർ നിയമിതനാകുന്നതുവരെ വെ. ബ. വികാരിയച്ചനാണ് കാര്യങ്ങൾ എല്ലാം നടത്തിയിരുന്നത്.

പെരിയ ബഹുമാനപ്പെട്ട കുരുവിളയച്ചൻ കറതീർന്ന വിശ്വാസത്തിൽ അൽഫോൻസാഭക്തിക്ക് അടിത്തറയിട്ടു. നാമകരണനടപടികൾ വേഗം തുടങ്ങാനും വിജയകരമായി പര്യവസാനിക്കാനും കാരണം നല്ല അടിത്തറയിലുള്ള തുടക്കമാണ്. ■

# നല്ലതു ചിന്തിച്ചാൽ



ജീവൻ തരംഗരൂപത്തിലുള്ള സ്പന്ദനമാണ്. നമ്മുടെ സുഖദുഃഖങ്ങളിൽ സുപ്രധാന പങ്കുള്ള സ്പന്ദനരൂപമാണത്. അളക്കാനാവാത്ത പ്രതിഭാസവുമാണത്.



സി. മേരി ജയിൻ എസ്.ഡി.

ഓരോ ചിന്തയും ഓരോ ബീജമാണ്. അത് വേരു പിടിച്ചു വളർന്നു വലിയ മരമായി ഫലം കായ്ക്കുന്നു. നാം എന്തു വിതച്ചുവോ (ചിന്തിച്ചുവോ) അതിനനുസൃതമായ ഫലം മാത്രമേ നമുക്കു ലഭിക്കുന്നുള്ളൂ. ഈ കോവിഡ് കാലയളവിൽ ബഹുഭൂരിപക്ഷം ആളുകളുടെയും സമാധാനവും സന്തോഷവും സുഖവും നഷ്ടപ്പെട്ടിരിക്കുന്നു. തിരിച്ചു ലഭിക്കാത്ത തരത്തിലുള്ള ജോലിനഷ്ടങ്ങൾ, സാമ്പത്തികമാന്ദ്യങ്ങൾ, സ്വജനങ്ങളുടെ വേർപാടുകൾ, വിവേചനങ്ങൾ അങ്ങനെ പലതും. പ്രശ്നങ്ങൾ ഒഴിവാക്കാനാവാത്തതാണ്. എന്നാൽ, പ്രശ്നങ്ങളുടെ നേർക്കുള്ള നമ്മുടെ സമീപനം പ്രാധാന്യമർഹിക്കുന്നു. നിരാശയുണ്ടാക്കുന്ന ചിന്തകൾ ആവർത്തിക്കുമ്പോൾ വർദ്ധിച്ച സ്വാധീനശക്തിയോടെ അവ നമ്മുടെ അന്തരാത്മാവിനെയും ശരീരത്തെയും ബാധിക്കും. ഉറക്കംപോലും നഷ്ടപ്പെടുന്ന അവസ്ഥയിലേക്കും അനാരോഗ്യത്തിലേക്കും അതു നമ്മെ നയിക്കും.

നാം ഓരോരുത്തരും നമ്മുടെ അന്തഃരംഗത്തെ അടുത്തു ചെന്നു സൂക്ഷ്മനിരീക്ഷണം നടത്തിയാൽ നാം എന്തിന്റെയൊക്കെയോ ഉപാസകരാണെന്നു മനസ്സിലാകും. ഏതെങ്കിലും തരത്തിലുള്ള നെഗറ്റീവ് ചിന്താതരംഗങ്ങളെയാണ് നാം ഉപാസിക്കുന്നതെങ്കിൽ, ആ ശക്തി കാലക്രമേണ നമ്മെ അതിന്റെ അടിമയാക്കിമാറ്റും. അതിന്റെ സ്വാധീനം ചിന്തയുടെ നല്ല വശങ്ങളെ, പോസിറ്റീവ് ഭാഗത്തെ നമ്മിൽനിന്ന് പറിച്ചുമാറ്റുകയും ചെയ്യും.

ഉയർച്ചയോ താഴ്ചയോ ഏതുമാകട്ടെ, അതെല്ലാം നമ്മുടെ വിചാരവികാരങ്ങളുടെയോ പ്രവൃത്തിയുടെയോ ഫലം മാത്രമാണ്. നാം തന്നെയാണ് പോസിറ്റീവ് ഊർജ്ജവും നെഗറ്റീവ് ഊർജ്ജവും സൃഷ്ടിക്കുന്നത്. ധനാത്മക ഊർജ്ജം അന്തരാത്മാവാകുന്ന പൂമൊട്ട് വിടരുവാൻ അനുവദിക്കുന്നു. അതു വികസിച്ച് സുഗന്ധം പരത്തുകയും ആ ദിവ്യസുഗന്ധത്തിൽ നമ്മുടെ ശരീരം ആരോഗ്യവും തേജസ്സും ഉള്ളതായിത്തീരുകയും ചെയ്യും. അങ്ങനെ മനസ്സിൽ ശാന്തിയും സമാധാനവും നിറയുകയും ചെയ്യും.

ആകയാൽ, വിഷാദത്തിന്റെയോ വൈക്ലബ്യത്തിന്റെയോ പിടിയിൽ അമർന്നുപോകാതിരിക്കുവാൻ ശ്രദ്ധിക്കണം. ബാഹ്യലോകത്തിൽനിന്നു പെട്ടെന്നുണ്ടാകുന്ന ഉദ്ദീപനങ്ങളെ ആത്മസംയമനത്തോടെ നേരിടാനും നാം ശീലിക്കണം.

# നമ്മുടെ കുട്ടികൾ ഭയപ്പെടുന്നതെന്താണ്?



**അഡ്വ. ചാർളി പോൾ**

**ഈ** കോവിഡ് കാലം കുട്ടികൾക്കു നൽകിയ മാനസികസംഘർഷം അത്യധികം ഗൗരവമുള്ളതാണ്. മനസ്സിനേൽക്കുന്ന മുറിവുകൾ അവരിൽ ചിലരെയെങ്കിലും വല്ലാതെ തളർത്തുകയും ജീവിതത്തോടുതന്നെ പിണങ്ങിപ്പിരിയാൻ ഇടവരുത്തുകയും ചെയ്തു. 2020 മാർച്ച് 25 മുതൽ ജൂലൈ 10 വരെ 18 വയസ്സിനു താഴെയുള്ള, കൗമാരം കടക്കാത്ത 66 കുട്ടികൾ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തുവെന്നത് നമ്മെ ആശങ്കപ്പെടുത്തുന്നു. ജീവിതം എന്തെന്നറിയുംമുമ്പേ മരണം തിരഞ്ഞെടുക്കുകയാണ് കേരളത്തിലെ കുട്ടികൾ. കോവിഡ്കാലത്തെ അനിശ്ചിതത്വവും മാനസികസംഘർഷങ്ങളും കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നുവെന്നത് ഗൗരവത്തോടെ കാണണം.

190 രാജ്യങ്ങളിലായി 160 കോടി കുട്ടികളുടെ വിദ്യാഭ്യാസം കോവിഡ് കാരണം മുടങ്ങിക്കിടക്കുകയാണെന്നാണ് യുനെസ്കോയുടെ കണക്ക്. അനിശ്ചിതമായി നീളുന്ന സ്കൂൾ തുറപ്പ്, സഹപാഠികളെയും അധ്യാപകരെയും കാണാനും ശ്രമിക്കണം. ശാരീരികപീഡനത്തേക്കാൾ ആപത്കരമാണ് മാനസികപീഡനങ്ങൾ. വഴക്കുപറച്ചിൽ, കളിയാക്കൽ, കുറ്റപ്പെടുത്തൽ, താഴ്ത്തിക്കെട്ടൽ, താരതമ്യംചെയ്യൽ, ഭീഷണിപ്പെടുത്തൽ, പരിഹസിക്കൽ, അവഗണിക്കൽ, ശാപവാക്കുകൾ പറയൽ, മുറിയിൽ അടച്ചുപൂട്ടിയിടൽ, വീട്ടിൽനിന്നു പുറത്താക്കൽ, മറ്റുള്ളവരോടു കുറ്റംപറയൽ ഇതെല്ലാം മാനസികപീഡനങ്ങളാണ്. രക്ഷിക്കേണ്ടവർ തന്നെ സംഹാരരൂപം കാട്ടുമ്പോൾ പ്രതീക്ഷയുടെ അവസാനകണികയും ഇല്ലാതായെന്ന തോന്നലിലാണ് അവർ ജീവിതം ഹോമിക്കുന്നത്. പോരായ്മകളിൽ, പരാജയങ്ങളിൽ ചേർത്തുനിർത്തി 'പോട്ടെ സാരമില്ല, മക്കൾക്കു ഞാനില്ലേ' എന്നു പറഞ്ഞിരുന്നെങ്കിൽ ഇളംജീവിതങ്ങളെ നമുക്കു നഷ്ടപ്പെടില്ലായിരുന്നു.

ലോക്ഡൗൺ കാലത്തും അതിനുശേഷവുമുണ്ടായ വിദ്യാർത്ഥികളുടെ ആത്മഹത്യകളെ സംബന്ധിച്ചും അവരുടെ മാനസികസമ്മർദ്ദങ്ങളെക്കുറിച്ചും പഠിക്കാൻ ഫയർഫോഴ്സ് മേധാവി ആർ. ശ്രീലേഖയുടെ നേതൃത്വത്തിൽ സമിതി രൂപീകരിച്ച് പഠനം ആരംഭിച്ചിട്ടുണ്ട്. മാനസികസംഘർഷം അനുഭവിക്കുന്ന കുട്ടികൾക്ക് ആശ്വാസം പകരാനായി 'ചിരി' എന്ന പദ്ധതിയും ആരംഭിച്ചു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ ഫോണിലൂടെ കൗൺസെലിംഗ് നൽകുന്ന സംവിധാനമാണത്. ലോക്ഡൗൺ, പഠനസംബന്ധ മാനസികബുദ്ധിമുട്ടുകൾ നേരിടുന്ന കുട്ടികൾക്ക് 'ദിശ' നമ്പറായ 1056 ലും ജില്ലാ മാനസികാരോഗ്യപദ്ധതി



സംസാരിക്കാനും കഴിയാത്ത അവസ്ഥ, നീണ്ട അവധിക്കാലം നൽകുന്ന മടുപ്പും ഏകാന്തതയും, പരീക്ഷാഫലത്തെയും തുടർപഠനങ്ങളെയും ഭാവിയെയും കുറിച്ചുള്ള ചർച്ചകൾ, സ്വയംചിന്തകൾ, രക്ഷിതാക്കളുടെ തൊഴിൽനഷ്ടവും നാളെയെക്കുറിച്ചുള്ള ആകുലതകളും, വീട്ടിലിരിക്കുമ്പോൾ ഉണ്ടാകുന്ന മാതാപിതാക്കളുടെ അമിതമായ ഇടപെടലുകൾ, പെരുമാറ്റങ്ങൾ, മനസ്സിലേൽക്കുന്ന മുറിവുകൾ തുടങ്ങി പല കാരണങ്ങളാൽ സങ്കീർണ്ണമാണ് കുട്ടികളുടെയും കുടുംബാംഗങ്ങളുടെയും അവസ്ഥ. കുട്ടികളിൽ ചിലരെങ്കിലും കുടുംബാംഗങ്ങളുടെയോ ബന്ധുക്കളുടെയോ ലൈംഗികചൂഷണത്തിന് ഇരകളാകുന്നുണ്ടാകാം. ഇത് തുറന്നു പറയാനാകാതെ മാനസിക സംഘർഷം അനുഭവിക്കുന്നുണ്ടാകാം. ഇതെല്ലാം ആത്മഹത്യയിലേക്കു കുട്ടികളെ നയിക്കാം. കൃത്യസമയത്ത് അവരുടെ ജീവിതത്തിന്റെ താളം വീണ്ടെടുത്തു കൊടുക്കുവാൻ നമുക്കു കഴിയേണ്ടിയിരിക്കുന്നു.

നന്മ ആഗ്രഹിച്ചുകൊണ്ടാണെങ്കിലും കുട്ടികളോടു പെരുമാറുമ്പോൾ അവരുടെ മാനസികാവസ്ഥ അറിഞ്ഞുവേണം മാതാപിതാക്കൾ ഇടപെടേണ്ടത്. മനസിന് മുറിവേല്പിക്കാതിരിക്കുവാൻ രക്ഷിതാക്കൾ ഉൾപ്പെടെയുള്ളവർ കേന്ദ്രങ്ങളിലും വിളിക്കാൻ സർക്കാർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാനസികപ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ അങ്കണവാടി, ആശാവർക്കർമാരുടെ സഹായത്തോടെ കണ്ടെത്തി അവശ്യാനുസരണം സഹായത്തിനും കൗൺസെലിംഗിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രശ്നങ്ങളുടെ പരിഹാരത്തിന് കൗൺസെലിംഗ് സഹായം തേടാൻ ഉപേക്ഷ വിചാരിക്കരുത്. മനോസംഘർഷങ്ങളിൽനിന്ന് കുട്ടികൾക്ക് ആശ്വാസം പകരണം.

നമ്മുടെ കുടുംബങ്ങൾ സ്നേഹം പ്രകടിപ്പിക്കുന്ന ഇടങ്ങളാകണം. സ്നേഹവും സഹാനുഭൂതിയുമാണ് കുട്ടികൾക്കു നൽകേണ്ടത്. സ്നേഹമെന്നാൽ സന്തോഷം പകർന്നുനൽകലാണ്. സ്നേഹവും പങ്കുവയ്ക്കലും പരസ്പരവിശ്വാസവും നിറയുന്നിടത്താണ് ആനന്ദമുണ്ടാകുന്നത്. പരസ്പരം സ്നേഹവും കരുതലും വഴി സുരക്ഷാവലയങ്ങൾ തീർക്കാനാകും. എല്ലാ പ്രതിസന്ധിയിലും ഒപ്പമുണ്ടെന്ന തോന്നൽ ജീവിതത്തിന് പ്രകാശവും സൗന്ദര്യവും നൽകും. കരുതലും കരുണയും ജാഗ്രതയും നൽകി അവരെ നേടാനാകണം. സ്വയം അവസാനിപ്പിക്കാനുള്ളതല്ല; മറിച്ച് ജീവിച്ചു മുന്നേറാനുള്ളതാണ് ജീവിതം എന്ന് അവരെ ബോധ്യപ്പെടുത്തുക. □

# പ്രണയത്തിന്റെ ശിലാരേഖകൾ

**പ്രണയപാഠാവലി** (49)



**ഡോ. ആന്റണി ജോസ്**

**പാ**തിവഴിയിൽ ഉപേക്ഷിക്കപ്പെട്ട പ്രണയവുമായി വിവാഹജീവിതത്തിലേക്കു കടന്നുവരുന്നവർ അഞ്ചു തരത്തിലുണ്ട്. പ്രണയിക്കുകയും വെല്ലുവിളികളെ ഏറ്റെടുത്ത് ഒരുമിച്ചുജീവിക്കുവാൻ കെല്പില്ലാത്തതിനാൽ പിരിയുകയും ചെയ്തവർ, ഹൃദയരഹസ്യമാക്കി കൊണ്ടുനടക്കുന്നവർ, തിരസ്കരിക്കപ്പെട്ടവർ, ചതിക്കപ്പെട്ടവർ, ടൈംപാസ് മനോഭാവക്കാർ എന്നിങ്ങനെ പ്രണയിച്ചു പിരിഞ്ഞവരെക്കുറിച്ചാണ് ഇന്നത്തെ ആലോചന. ഇവർക്കും തരണം ചെയ്യേണ്ടതായ മൂന്നു ഘട്ടങ്ങൾ മുന്നിലുണ്ടാവും. കാല്പനിക-യാഥാർത്ഥ്യ-സമവായഘട്ടങ്ങൾ.

കാല്പനികത വലിയ പ്രതിസന്ധികളിൽപ്പെടാം. അതിന്റെ പ്രകടനപരതയും ആനുഭവികതയും ഒളിമങ്ങിയതാവാം. എത്രയായാലും അതൊരു നവ്യാനുഭവമല്ലല്ലോ. പൂർവ്വകാലത്തും ഇതരഭൂമികയിലുമാണ് ചുവടുറച്ചിരിക്കുക. ഇന്നിലേക്ക് അതിന് നൈരന്തര്യമുണ്ട്.

ഏതൊരു വ്യക്തിക്കുമെന്നതുപോലെ, ആദ്യപ്രണയത്തിലെ കാല്പനികഘട്ടം സവിശേഷമാണ്. അതിനൊരു നിത്യനൂതനത്വം അവകാശപ്പെടാം. അന്ന് അനുരാഗത്തിന്റെ സമ്മോഹന ലിപികൾ, പരസ്പരം ഹൃദയഫലകങ്ങളിൽ എഴുതപ്പെടുന്നു. കരുതലും, അംഗീകാരവും സാമീപ്യവും വിശ്വസ്തതയുമാണവ.

പ്രണയി പ്രണയിനിയുടെയും പ്രണയിനി പ്രണയിയുടെയും അകതാരിൽ സ്വന്തം പ്രണയം കൊത്തിവയ്ക്കുകയാണ്. പ്രണയത്തിന്റെ ശിലാലേഖകൾ! ചായമോ മഷിയോപോലെ അത് തുടച്ചുനീക്കപ്പെടുകയില്ല.

ഇപ്രകാരമുള്ള വ്യക്തിക്ക്, തന്റെ പങ്കാളിയുടെ കാല്പനികതകളെ എത്രകണ്ട് വർണ്ണശബളമാക്കാൻ സാധിക്കും? ആദ്യപ്രണയത്തിലേക്കു കടന്നുവരുന്ന പങ്കാളിയെ 'നീയല്ലാതെ' 'നീയില്ലാതെ' എന്നൊക്കെ അഭിവാദ്യം ചെയ്യാനാകുമോ? അന്തരംഗങ്ങളുടെ തുറവി ഏകപക്ഷീയമാകാനാണു സാധ്യത. ഇതൊക്കെയാണ് കാല്പനികതയിലെ പ്രതിസന്ധി.

യാഥാർത്ഥ്യത്തിന്റെ ഘട്ടം താമസിയാതെതന്നെ അവരെ എതിരേൽക്കുമല്ലോ. അതെല്ലായ്പോഴും അന്യോന്യമുള്ള സംഘർഷംതന്നെയാകണമെന്നില്ല. കുടുംബാംഗങ്ങൾ, ബന്ധുമിത്രങ്ങൾ - ഇവരൊക്കെ രംഗബോധമില്ലാത്ത കോമാളിയെപ്പോലെ കയറിവരാം.

ഈ ഘട്ടത്തിൽ രണ്ടാം പ്രണയക്കാരന്റെ സ്വത്വം അഗ്നിപരീക്ഷണത്തിനു വയ്ക്കപ്പെടുന്നു. പരീക്ഷ ജയിക്കുക ശ്രമകരമാണ്.

ആദ്യപ്രണയം വേണ്ടന്നുവയ്ക്കുകയും പിരിയുകയും ചെയ്തത് എന്തുകൊണ്ടാണ്? യാഥാർത്ഥ്യബോധത്തോടെ പ്രതിസന്ധികളെ നേരിടാൻ



സാധിക്കില്ല എന്നു തിരിച്ചറിഞ്ഞതുകൊണ്ട്. ഒരർത്ഥത്തിൽ അതൊരു പിടിപ്പില്ലായ്മയാണ്. അതു വീണ്ടും ഫണം വിടർത്തും... അതാണ് അഗ്നിപരീക്ഷ. അപ്പോൾ സമവായഘട്ടത്തിലേക്കു ചെന്നുചേരാനുള്ള സാധ്യതകൾ കുറയുന്നു. നിരാശതയുടെ നിഴലാട്ടം കണ്ടു തുടങ്ങുകയായി.

ഈ അവസ്ഥയ്ക്ക് സർവ്വതോമുഖമായ പ്രോത്സാഹനവും നൽകുന്നത്, ആദ്യകാല്പനികതയിലെ ഹൃദയാലേഖനങ്ങളാണ്. ആ ഹർഷോത്സുകതയെക്കുറിച്ചോർക്കുമ്പോൾ നെഞ്ചു പിടയും. 'അയാൾ / അവൾ എത്ര സ്നേഹനിധിയായിരുന്നു.' എന്ന് കപടമനഃസാക്ഷി നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും.

എന്നാൽ, വാസ്തവമതാണോ? ആ ബന്ധം വിവാഹത്തിൽ പരിണമിച്ചിരുന്നെങ്കിൽ സ്ഥിതി ഇതിലും മെച്ചപ്പെട്ട ഒന്നാകുമായിരുന്നോ? യാഥാർത്ഥ്യത്തിന്റെ ഘട്ടത്തിൽ ഇതേ പീഡാനുഭവങ്ങൾ നേരിടേണ്ടിവന്നേനെ. അവിടെ അസാമാന്യ അതിജീവനശേഷിയോടെ പിടിച്ചു നിൽക്കുമായിരുന്നെങ്കിൽ, പിരിയേണ്ട കാര്യമില്ലായിരുന്നു.

പ്രണയം വിവേകത്താൽ നയിക്കപ്പെടണം. യാഥാർത്ഥ്യബോധമായിരിക്കണം അതിന്റെ സൗകുമാര്യം. കാല്പനികത ഒരു വിധത്തിലും അധമമാകുന്നില്ല. അത് യാഥാർത്ഥ്യത്തിലേക്കു കൊക്കുരുമ്മിയിരിക്കണം. അല്ലാത്തപക്ഷം, മതിഭ്രമത്തിന്റെ തലത്തിലേക്കു സ്ഥാനാന്തരം ചെയ്യപ്പെടാം.

*(തുടരും)*




## തിരയിളക്കങ്ങൾ

**വി**വരം മനയ്ക്കലറിഞ്ഞു. നമ്പൂരിമാർ വിറളിപിടിച്ചു. "എന്തു ചെയ്യും. ശവം തടഞ്ഞാൽ അവരത് അവിടെ ഇട്ടിട്ടുപോകും. അങ്ങനെ സംഭവിച്ചാൽ നമ്മൾ തന്നെ അത് മറവുചെയ്യേണ്ടിവരും. അതും ഒരു പുലയന്റെ ശവം. ചിന്തിക്കാൻകൂടി വയ്യ.

തടഞ്ഞില്ലെങ്കിൽ മനയ്ക്കലെ പുരയിടം അശുദ്ധമാകും. അതും കുഴപ്പമാണ്. പക്ഷേ, ഒന്നുണ്ട്. ശവം കൊണ്ടുപോകട്ടെ. ശേഷം ചാണകവെള്ളം തളിച്ച് ശുദ്ധികർമ്മം നടത്താം. അവർ അങ്ങനെ തീരുമാനിച്ചു.

ശവം വഹിച്ചുകൊണ്ടുള്ള യാത്ര നമ്പൂരിമാരുടെ പുരയിടത്തിലൂടെ അനായാസം കടന്നുപോന്നു. ആരും തടഞ്ഞില്ല. ആരും അവരെ അടിച്ചോടിച്ചില്ല.

ശവമടക്കു കഴിഞ്ഞപ്പോൾ അവർക്ക് എന്തെന്നില്ലാത്ത ആശ്വാസം തോന്നി. വാനമേഘങ്ങൾക്കപ്പുറത്തുനിന്ന് ദൈവം അവരെ വെൺചാമരം വീശി ആശ്വസിപ്പിക്കുന്നതുപോലെ. അവർ കുഞ്ഞച്ചനോടു പറഞ്ഞു:

"കുഞ്ഞച്ചനാണ് ഏങ്കളുടെ മാനം കാത്തത്."

"ഞാനല്ല." കുഞ്ഞച്ചൻ പറഞ്ഞു: "എന്റെയുള്ളിലെ കർത്താവാണ് അതു ചെയ്തത്. എന്തിനും ഏതിനും കർത്താവ് കൂടെയുണ്ടെന്നു വിശ്വസിക്ക്."

അങ്ങനെയൊരു വിശ്വാസത്തിന്റെ ദൃഢമായ നൂലിഴകളിൽ പ്പിടിച്ചാണ് അവർ മടങ്ങിയത്. കർത്താവിന്റെ കൃപ തങ്ങളെ ആശ്വസിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യുന്നു.

ശവമടക്കു കഴിഞ്ഞ് ആവും വിധം ഭക്ഷണവും അരിയും പണവും കുറച്ചു വസ്ത്രങ്ങളുമൊക്കെ കൊടുത്താണ് കുഞ്ഞച്ചൻ അവരെ മടക്കിയത്.

ഇപ്പോൾ പള്ളിമുറ്റം ശൂന്യമാണ്. കുഞ്ഞച്ചൻ തന്റെ മുറിയിലേക്കു മടങ്ങി. തന്റെ മരക്കസേരയിൽ ചാരിയിരുന്നു. അഷ്ടദിക്കുകളിൽനിന്നെന്നവണ്ണം ഒരു മൗനം കുഞ്ഞച്ചനിൽ വന്നുനിറയുന്നു. ഒരു ഭാരം ആരോ തന്റെ ഹൃദയത്തിനു മുകളിൽ അമർത്തിവയ്ക്കുന്നതുപോലെ. കുഞ്ഞച്ചൻ കണ്ണുകളടച്ചു.

അപ്പോൾ അന്തർനേത്രങ്ങളുടെ ദൂരക്കാഴ്ചകളിൽ കുഞ്ഞച്ചൻ കണ്ടു ഹരിതാഭമായ ഗദ്സമെൻ കുന്നുകൾ നീലിമയാർന്ന ഗലീലിയാക്കടൽ. ഗദ്സമെനിയുടെ താഴ്വരയിലൂടെ, ഗലീലിയായുടെ മണൽപ്പരപ്പിലൂടെ, വെളുത്ത കുപ്പായവും ചുവന്ന ഉത്തരീയവും ധരിച്ച ഒരാൾ അന്വേഷിച്ചുനടക്കുന്നു. അശരണരേ... പീഡിതരേ... രോഗികളേ... കാഴ്ചയില്ലാത്തവരേ... ബധിരരേ... അവൻ പറയുന്നുണ്ട്: "വരൂ... എന്നോടൊപ്പം വരൂ. നിങ്ങളെ ഞാൻ മനുഷ്യരെ പിടിക്കുന്നവരാക്കാം."

അതു യാത്രയാണ്. കാലത്തിന്റെ അതിരുകളിൽനിന്ന് മറ്റൊരു കാലത്തിന്റെ അതിരുകളിലേക്കു തന്നേക്കാൾ ചെറിയവരെ തേടിയുള്ള യാത്ര. ആ യാത്രയുടെ പേരാണ് ധ്യാനം. അല്ലെങ്കിൽ തപസ്സ്.

ആ സ്വപ്നദർശനങ്ങളിൽനിന്ന് ആരാണു തന്നെ തൊട്ടുണർത്തിയത്? കണ്ണുമിഴിച്ചു നോ



ക്കുമ്പോൾ ജോസഫ്ചേട്ടനാണ്. തന്റെ കപ്യാർ. ജോസഫ് ചേട്ടൻ പറഞ്ഞു:

കുഞ്ഞച്ചനെ കാണാൻ രണ്ട് പെൺകുട്ടികൾ വന്നുനിൽക്കുന്നു. കുഞ്ഞച്ചൻ എഴുന്നേറ്റു ചെന്നു നോക്കുമ്പോൾ കാഴ്ചയിൽ പന്ത്രണ്ടും ഏഴും പ്രായം മതിക്കുന്ന രണ്ടു പെൺകുട്ടികൾ. ഇളയ പെൺകുട്ടി കുഞ്ഞച്ചനെ ക്രുദ്ധമായി നോക്കുന്നുണ്ട്.

"എന്താ മക്കളേ" കുഞ്ഞച്ചൻ ചോദിച്ചു.

"ഇന്നലെ വൈകുന്നേരം കിണറ്റുകരയിൽ വെള്ളം കോരാൻ പോയതാ കുഞ്ഞച്ചാ. ഇവൾ എന്തോ കണ്ടു പേടിച്ചു. അതിനുശേഷം ഇവൾ മിണ്ടുന്നില്ല. വീടിനകത്തുകേറി ഒരേ ഇരിപ്പാ." മൂത്ത പെൺകുട്ടി പറഞ്ഞു.

കുഞ്ഞച്ചൻ ഇളയവളോടു പല കാര്യങ്ങളും ചോദിച്ചു. പക്ഷേ, അവൾ ശബ്ദിച്ചില്ല. വികലമായ ഒരു നോട്ടംകൊണ്ട് അവൾ കുഞ്ഞച്ചനെ നേരിട്ടു.

"നിനക്കൊന്നുമില്ല." കുഞ്ഞച്ചൻ പറഞ്ഞു. പിന്നെ അവളുടെ ശിരസ്സിൽ കൈവച്ചു പ്രാർത്ഥിച്ചു. എന്നിട്ട് കുപ്പായത്തിന്റെ കീശയിൽനിന്ന് കുറച്ച് ചില്ലറത്തുട്ടുകളെടുത്ത് മൂത്തവളുടെ കൈയിൽ കൊടുത്തുകൊണ്ടു പറഞ്ഞു:

"പോകുന്നവഴിക്ക് ഇവൾക്ക് ഒരു കാപ്പി വാങ്ങിക്കൊടുക്ക്."

"എനിക്കു കാപ്പി വേണ്ട." നാവുറഞ്ഞുപോയവളുടെ നാവാടി. കുഞ്ഞച്ചന്റെ ചുണ്ടിൽ ഒരു ചിരി വിടർന്നു. മൂത്തവളുടെ മുഖത്തും.

"ഇവൾക്കിപ്പോ ഒന്നുമില്ല. ഉണ്ടായിരുന്നെങ്കിൽ അതൊക്കെ ഇപ്പോ തീർന്നു. എന്നാ പൊയ്ക്കോ പൊയ്ക്കോ." കുഞ്ഞച്ചൻ പറഞ്ഞു. മൂത്ത പെൺകുട്ടി അദ്ഭുതത്തോടെ, അതിലേറെ സ്നേഹത്തോടെ ഇളയവളെയും കൂട്ടി നടന്നു.

പടിഞ്ഞാറേ ആകാശം സ്വർണ്ണത്തിടമ്പേറ്റി നിൽക്കുന്നു. ചേതോഹരമായിരുന്നു ആ കാഴ്ച. സ്വർണ്ണംകൊണ്ട് കണ്ണെഴുതിയ മേഘങ്ങൾ. മേഘങ്ങൾക്കപ്പുറത്തുനിന്ന് ആരോ കിന്നരം വായിക്കുന്നു. മന്ദ്രമധുരമായ ഒരു സംഗീതം പൊഴിക്കുന്നുണ്ട് പ്രകൃതി.

അപ്പോഴാണ് കുഞ്ഞച്ചൻ കണ്ടത്. പള്ളിമൈതാനത്തെ സ്വർണ്ണവെയിലിലൂടെ ഒരാൾ നടന്നുവരുന്നു. ഒറ്റനോട്ടത്തിൽത്തന്നെ കുഞ്ഞച്ചന് ആളെ മനസ്സിലായി. മന്ത്രവാദി മാരിയപ്പൻ.

അത് കുഞ്ഞച്ചൻ പ്രതീക്ഷിച്ചിരുന്നില്ല. അങ്ങനെ തീർത്തു പറയാനും വയ്യ. പ്രതീക്ഷിച്ചിരുന്നു. ഇപ്പോഴല്ല. ഇതിനും എത്രയോ മുൻപ്. അന്നൊന്നും മാരിയപ്പൻ വന്നില്ല. മാരിയപ്പൻ മന്ത്രവാദത്തിലേക്കും തുള്ളിയുറയലിലേക്കും മടങ്ങിയിട്ടുണ്ടാകും എന്നാണ് കുഞ്ഞച്ചൻ കരുതിയത്.

പക്ഷേ, ഇപ്പോഴത്തെ ഈ വരവ്, അതെന്തിനായിരിക്കും...? മാരിയപ്പനിൽനിന്നു വാങ്ങിയ മണി മുറിയുടെ മൂലയിലെവിടെയോ കിടപ്പുണ്ട്. അതു തിരികെച്ചോദിക്കാനായിരിക്കുമോ...?

മാരിയപ്പൻ കുഞ്ഞച്ചനു മുൻപിൽവന്നുനിന്ന് കരങ്ങൾ കൂപ്പി. "എന്താ മാരിയപ്പാ വിശേഷം. സുഖമാണോ?" കുഞ്ഞച്ചൻ ചോദിച്ചു.

"ഓ...." മാരിയപ്പന്റെ മറുപടി സൗമ്യമായിരുന്നു. ഭൂതപ്രേതപിശാചുക്കളെ ആട്ടിപ്പായിക്കുന്ന കൊടുംമന്ത്രവാദിയുടെ കാർക്കശ്യം മാരിയപ്പന്റെ ശബ്ദത്തിലുണ്ടായിരുന്നില്ല.

അയാൾ മുഖക്ഷൗരം ചെയ്തിരുന്നു. പാതിയോളം കഷണ്ടി കയറിയ തലയുടെ പിൻഭാഗത്തുനിന്ന് തോളറ്റം നീണ്ടിറങ്ങിയ ജടകെട്ടിയ മുടി കത്രിച്ചുകളഞ്ഞിരുന്നു.

മാരിയപ്പന്റെ കൈയിൽ മന്ത്രവടിയോ അരമണികളോ ഉണ്ടായിരുന്നില്ല. ചെമ്പട്ടിനു പകരം അലക്കിവെടിപ്പാക്കിയ ഒറ്റമുണ്ടുടുത്തിരുന്നു. നിറംവാർന്നതെങ്കിലും ഒരു ചുട്ടിത്തോർത്ത് പുതച്ചിരുന്നു. അയാളുടെ തോളിൽ കാട്ടുവള്ളികളിൽ ബന്ധിച്ചു തൂക്കിയ തലയറുത്ത പൂവൻകോഴിയും ഉണ്ടായിരുന്നില്ല.

സന്ധ്യാകാശത്തിനു കീഴെ സൗമ്യനും ശാന്തനുമായിരുന്നു മാരിയപ്പൻ. കുഞ്ഞച്ചൻ മാരിയപ്പനെ മുറിയിലേക്കു കൂട്ടി. മധുരം ചേർത്ത കാപ്പിയും കുശിനിയിൽ സൂക്ഷിപ്പുണ്ടായിരുന്ന കേക്കും കഴിക്കാൻ കൊടുത്തു. കാപ്പി കഴിഞ്ഞ് മാരിയപ്പൻ പറഞ്ഞു: "എനക്ക് വേദത്തിൽ ചേരണം."

ഒരു മാടപ്പിറാവിന്റെ കുറുകൽ പോലെയായിരുന്നു മാരിയപ്പന്റെ സ്വരം. വിശുദ്ധപർവ്വതത്തിന്റെ താഴ്വാരങ്ങളിൽ ജടാമഞ്ചികൾ പൂക്കുന്നു. എവിടെയോ മുന്തിരിപ്പാടങ്ങൾ വിളവെടുപ്പിനു പാകമായിരിക്കുന്നു. കുഞ്ഞച്ചൻ പറഞ്ഞു:

"കർത്താവ് മാരിയപ്പനെ അനുഗ്രഹിച്ചിരിക്കുന്നു."

കുഞ്ഞച്ചൻ മാരിയപ്പന് ഒരു പുതിയ മുണ്ടും തോർത്തും കൊടുത്തു. കുറച്ചു പണവും വാദ്യപ്പുരയിലെ അരിപ്പാത്രത്തിൽനിന്ന് ഇടങ്ങഴി അരിയും. എന്നിട്ടു പറഞ്ഞു:

"നാളെ ഞായറാഴ്ച. മാരിയപ്പൻ രാവിലെ വരിക. സമ്മതമെങ്കിൽ ഭാര്യയെയും മക്കളെയും ഒപ്പം ചേർക്കുക."

"ഓ..."

മാരിയപ്പൻ തിരിഞ്ഞുനടന്നു. പോക്കുവെയിൽത്തിരകളിളകുന്ന പള്ളിമൈതാനത്തിലൂടെ അട്ടഹാസവും മന്ത്രമണികിലുക്കവുമില്ലാതെ നടന്നുപോകുന്ന മാരിയപ്പനെ നോക്കി കുഞ്ഞച്ചൻ ഒരു നിമിഷം നിന്നു.

അത്യുന്നതങ്ങളിൽനിന്നുള്ളവന്റെ വിളി മാരിയപ്പൻ കേട്ടിരിക്കുന്നു. അവന്റെ ഹൃദയം പശ്ചാത്താപത്താലും അവന്റെ നേത്രങ്ങൾ പുതിയ കാഴ്ചകളാലും നിറയപ്പെട്ടിരിക്കുന്നു. അവന്റെ കാതുകൾ ദൈവദൂതന്മാരുടെ സൗമ്യകാഹളം കേൾക്കുന്നു.

രാത്രി സൗമ്യവും സാന്ദ്രവുമായിരുന്നു. കുഞ്ഞച്ചൻ പ്രാർത്ഥനകൾക്കുശേഷം ഉറങ്ങാൻ കിടന്നു. നാളെ ഞായറാഴ്ച. തിങ്കളാഴ്ച ചങ്ങനാശേരിക്കു പോകണം. അരമനയിൽനിന്ന് ദളിത് മക്കൾക്കുവേണ്ടി പുതിയ വസ്ത്രങ്ങൾ വാങ്ങി വരേണ്ടതുണ്ട്. സാധുക്കൾക്കു കൊടുക്കാനുള്ള തുണികൾ ഒട്ടൊക്കെ കഴിഞ്ഞിരിക്കുന്നു.

ആദ്യകുർബാനസ്വീകരണം അടുത്തുവരുന്നു. ദളിത്കുഞ്ഞുങ്ങൾക്ക് ആദ്യകുർബാന വസ്ത്രങ്ങൾ ശേഖരിക്കേണ്ടതുണ്ട്. കുറെയൊക്കെ കടകളിൽനിന്നും മറ്റുമായി സൗജന്യമായി ശേഖരിക്കാം. ബാക്കിയുള്ളത് പഴയവ കഴുകി വെടിപ്പാക്കിയെടുക്കാം.

ഓരോ ദിവസവും ചെല്ലുംതോറും തന്റെ ജോലികൾ കഠിനമാകുകയാണെന്നു കുഞ്ഞച്ചനറിഞ്ഞു. ചുറ്റും തന്നെ സഹായിക്കാൻ സുമനസ്സുകൾ ധാരാളമുണ്ട്. അതു ദൈവകൃപ. എന്നാലും തനിക്ക് എത്രകാലം ഇങ്ങനെ ഓടാൻ കഴിയും...?

അത്തരം ചിന്തകളുടെ ചെറുതല്ലാത്ത വ്യാകുലതകൾക്കൊപ്പം കുഞ്ഞച്ചൻ മെല്ലെ മയങ്ങിപ്പോയി. ഉറക്കത്തിന്റെ ഒരു നീല സമുദ്രം തിരയിളക്കങ്ങളില്ലാതെ കുഞ്ഞച്ചനെ വന്നു മൂടി. തട്ടും തടവുമില്ലാതെ രാവുറക്കം സമ്മാനിച്ച ഉന്മേഷവുമായാണ് കുഞ്ഞച്ചൻ ഞായറാഴ്ചയിലേക്കു കണ്ണുമിഴിച്ചത്.

ശീതളമായിരുന്നു പുലർകാലം. മഞ്ഞിലും കുളിരിലും നനഞ്ഞുനില്ക്കുന്ന പ്രകൃതി. കിഴക്കേ ആകാശം വെള്ളപുതച്ചു തുടങ്ങിയിരുന്നു. കിഴക്കൻ മലഞ്ചെരുവിൽനിന്ന് മഞ്ഞണിഞ്ഞ കാറ്റുവീശി.

വലിയ പള്ളിയിൽ പുലരിക്കുർബാനയ്ക്കുള്ള മണി മുഴങ്ങുന്നു. പ്രഭാതകർമ്മങ്ങളെല്ലാം കഴിഞ്ഞ് കുഞ്ഞച്ചൻ ചെറിയ പള്ളിയിലേക്കു നടന്നു.

പള്ളിയകത്ത് മുനിഞ്ഞു കത്തുന്ന കെടാവിളക്കിന്റെ നീല വെളിച്ചം. അൾത്താരയിൽ ദിവ്യനാഥന്റെ തേജോമയരൂപം. കുഞ്ഞച്ചൻ അൾത്താരയ്ക്കു മുൻപിൽ മുട്ടുകുത്തി മൗനം കൊണ്ടും വ്യസനം കൊണ്ടും പ്രാർത്ഥിച്ചു തന്റെ ദളിത് മക്കൾക്കുവേണ്ടി. പറുദീസയുടെ കവാടങ്ങൾ മലർക്കെത്തുറന്നിട്ട് കർത്താവ് കാത്തിരിക്കുന്നു. അവിടേക്ക് ഇനിയും എത്രയോ ആത്മാക്കളെ ആനയിക്കേണ്ടതുണ്ട്.

*ശേഷം 16-ാംപേജിൽ*

# സുറിയാനിയുടെ സാംസ്കാരികപൈതൃകം മാർത്തോമ്മാനസ്രാണികളുടെ പൊതുസ്വത്ത്



ഡോ. ജോൺ കണ്ണന്താനം

ദൈവപുത്രനായ ഈശോമിശിഹാ പ്രബോധനങ്ങൾ നല്കിയതും ദൈവത്തെക്കുറിച്ചും ദൈവരാജ്യത്തെക്കുറിച്ചും വെളിപ്പെടുത്തലുകൾ നടത്തിയതും അറമായിക്(സുറിയാനി)ഭാഷയിലും ശൈലിയിലുമാണ്. ശ്ലീഹന്മാരും പരി. കന്യാമറിയവും ഈ ഭാഷയിലാണ് ദൈവികവചനങ്ങൾ ശ്രവിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തത്. രക്ഷാകരസന്ദേശം ആദ്യമാദ്യം പ്രചരിച്ചത് സുറിയാനിമാധ്യമത്തിലൂടെയാണ്. പാലസ്തീനാ, അറേബ്യാ, സിറിയ, മെസപ്പൊട്ടേമിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ സുവിശേഷസന്ദേശം കടന്നുചെന്നത് സുറിയാനിഭാഷയിലൂടെയാണ്. വേദപുസ്തകത്തിൽ ഏറ്റവുമധികം ഉപയോഗിച്ചിരിക്കുന്ന ഭാഷ അറമായിക് ആണ്. പിന്നീട് പകർത്തിയെഴുതിയപ്പോൾ അവയിൽ ഭൂരിഭാഗവും ഗ്രീക്കിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടു. സുറിയാനിഭാഷ വലിയൊരു നിക്ഷേപാലയത്തിലേക്കുള്ള താക്കോലാണ്. സഭയുടെ ക്രൈസ്തവപൈതൃകവും അപ്പസ്തോലന്മാരുടെ ആത്മീയദർശനങ്ങളും സഭാപിതാക്കന്മാരുടെ ദൈവശാസ്ത്രവീക്ഷണങ്ങളും സഭയുടെ ആരാധനക്രമബോധ്യങ്ങളും പുതിയനിയമസാഹിത്യവും ശരിയായി മനസ്സിലാക്കണമെങ്കിൽ സുറിയാനിഭാഷയും അതിലെ ബൃഹത്തായ സാഹിത്യരചനകളും നാം അടുത്തറിഞ്ഞേ മതിയാകൂ.

**പൗരസ്ത്യ ദൈവശാസ്ത്ര ആരാധനക്രമഭാഷ**

പാശ്ചാത്യസഭയ്ക്ക് ഗ്രീക്കും ലത്തീനുംപോലെ പൗരസ്ത്യസഭയിലെ ദൈവശാസ്ത്രം, സഭാശാസ്ത്രം, ആരാധനക്രമം എന്നിവ മനസ്സിലാക്കണമെങ്കിൽ സുറിയാനിഭാഷയുടെ പഠനം അത്യാവശ്യമാണ്. ഈ അടുത്ത കാലംവരെ സുറിയാനിസഭകളിലെല്ലാം ആരാധനക്രമം സുറിയാനിഭാഷയിൽത്തന്നെയായിരുന്നു. ദൈവശാസ്ത്രസംബന്ധമായും സഭാശാസ്ത്രപരമായും ആരാധനക്രമസംബന്ധിയായും ബൈബിൾവ്യാഖ്യാനങ്ങളായും ധാരാളം കൃതികൾ സുറിയാനിഭാഷയിൽ എഴുതപ്പെട്ടിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടുമുതൽ 14-ാം നൂറ്റാണ്ടുവരെ നൂറ്റമ്പതോളം പ്രഗല്ഭരായ എഴുത്തുകാർ തങ്ങളുടെ അസംഖ്യം കൃതികൾകൊണ്ട് സുറിയാനിഭാഷയെ ധന്യമാക്കിയിട്ടുണ്ട്. യൂറോപ്യൻ ലൈബ്രറികളിലും പശ്ചിമേഷ്യൻരാജ്യങ്ങളിലെ ആശ്രമങ്ങളിലുമൊക്കെയായി ഏകദേശം മൂവായിരത്തോളം കൈയെഴുത്തുപ്രതികൾ ലഭ്യമായിട്ടുണ്ട്. ഇതിനുള്ളിലെ അക്ഷയസമ്പത്ത് ഇനിയും കണ്ടെത്തേണ്ടതുണ്ട്.

**മാർത്തോമ്മാനസ്രാണികളും സുറിയാനിഭാഷയും**

മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യത്തിന്റെ വേരുകൾ പരിശോധിക്കുമ്പോൾ സുറിയാനിഭാഷയുടെ സ്വാധീനം നമുക്ക് അവഗണിക്കാനാവില്ല. കേരളത്തിലേക്കുള്ള സുറിയാനിയുടെ കടന്നുവരവിന് ഏതാണ്ട് ബിസി നാലാം നൂറ്റാണ്ടു മുതലുള്ള പഴക്കമുണ്ട്. എ.ഡി 52 ൽ ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹായുടെ വരവോടുകൂടി വെറുമൊരു വിദേശവ്യാപാരഭാഷയായിരുന്ന സുറിയാനി ഒരു ആരാധനക്രമഭാഷയായി ഉയർത്തപ്പെട്ടു. എ.ഡി നാലാം നൂറ്റാണ്ടിലും ഒമ്പതാം നൂറ്റാണ്ടിലും ഉണ്ടായ പേർഷ്യൻ കുടിയേറ്റങ്ങൾ സുറിയാനിഭാഷയുടെ വളർച്ചയെ ഗണ്യമായി സഹായിച്ചു. തങ്ങളുടെ സുറിയാനി ആരാധനാക്രമ പൈതൃകം മാർത്തോമ്മാശ്ലീഹായിൽനിന്നു നേരിട്ടു ലഭിച്ചതാണെന്ന് മാർത്തോമ്മാക്രിസ്ത്യാനികൾ ആത്മാഭിമാനത്തോടെ വിശ്വസിച്ചു. 1578 ൽ പരി. പിതാവ് ഗ്രിഗറി പതിമ്മൂന്നാമന് അയച്ച കത്തിൽ മാർത്തോമ്മാനസ്രാണികളിൽ ചിലർ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹാ ഞങ്ങൾക്കു നല്കിയ സുറിയാനി ഭാഷയിലാണ് ഞങ്ങളുടെ പ്രാർത്ഥനകൾ."

സുറിയാനിയുടെ ഈയൊരു പ്രാധാന്യം കണക്കിലെടുത്താണ് പാലാ രൂപതയുടെ 'ബേസ് ഹേകംസാ ദ് സുറ്യായാ മദ്ന്ഹായാ' എന്ന സുറിയാനിപഠനഗവേഷണകേന്ദ്രത്തിനു തുടക്കമിട്ടത്. നീണ്ട രണ്ടു സഹസ്രാബ്ദത്തോളം കാരണവന്മാർ നിധിപോലെ കാത്തുസൂക്ഷിച്ച സുറിയാനിയും ആ ഭാഷയിലുള്ള പ്രാർത്ഥനകളും കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകാതെ പുതിയ തലമുറയ്ക്കു കൈമാറാനുള്ള ആഗ്രഹമാണ് ഈയൊരു പരിശ്രമത്തിനു പിന്നിലുള്ളത്. സുറിയാനി പ്രാർത്ഥനകളുടെയും ആത്മീയതയുടെയും പുനരുജ്ജീവനത്തിനായി കാഞ്ഞിരത്താനത്ത് ആരംഭിച്ച 'ബേസ് അപ്രേം നസ്രാണി ദയറാ'യുടെ തുടർച്ചയാണ് പാലായിലെ ഈ പഠന-ഗവേഷണകേന്ദ്രം. നാം ഇപ്പോൾ രൂപകല്പന ചെയ്തിരിക്കുന്ന സുറിയാനിപഠനപരമ്പരയുടെ പഠനവിഷയങ്ങൾ താഴെപ്പറയുന്ന വിധമായിരിക്കും.

**പ്രധാന പഠനവിഷയങ്ങൾ**

**ഒന്നാം ഭാഗം**

സുറിയാനിഭാഷയുടെ പ്രാധാന്യം പൊതുവിൽ, ക്രിസ്ത്യൻ അറമായിക് അഥവാ പൗരസ്ത്യ സുറിയാനിഭാഷയുടെ തനിമയും ചരിത്രവും പൗരസ്ത്യ സുറിയാനി അക്ഷരമാല, സ്വരങ്ങൾ, ഉച്ചാരണസവിശേഷതകൾ, സംഖ്യകൾ അഥവാ എണ്ണങ്ങൾ, നാമങ്ങൾ, സർവ്വനാമങ്ങൾ, നാമവിശേഷണങ്ങൾ, അവയുടെ നിർവ്വചനങ്ങൾ, ക്രിയകൾ അവയുടെ പെരുക്കങ്ങൾ, ഗോസ്പൽ റീഡിംഗ്, ലിറ്റർജിക്കൽ മ്യൂസിക്.

**രണ്ടാം ഭാഗം**

1. പ്രധാനപ്പെട്ട പൗരസ്ത്യ സുറിയാനിഗ്രന്ഥകാരന്മാരെയും സഭാപിതാക്കന്മാരെയും പരിചയപ്പെടുത്തുന്നു.



മാർ അഫ്രഹാത്ത്, മാർ അപ്രേം, നർസായി, സെറൂഗിലെ യാക്കോബ്, നിനവേയിലെ ഇസഹാക്ക്, മാബൂക്കിലെ ഫീലക്സീനോസ്, മഹാനായ ബാബായി, മെർവിലെ ഈശോദാദ്

2. പൗരസ്ത്യ സുറിയാനി സഭകളായ കൽദായ, സീറോ മലബാർ, കിഴക്കിന്റെ അസ്സീറിയൻ സഭ (ശൂറായ) മുതലായ സഭകളുടെ വിശിഷ്ട പാരമ്പര്യങ്ങൾ പരിചയപ്പെടുന്നു.

3. കേരളസഭയിലെ പുരാതന ദേവാലയങ്ങളിലെ പ്രധാനപ്പെട്ട സുറിയാനിലിഖിതങ്ങളും കർശോൻഗ്രന്ഥങ്ങളും പരിചയപ്പെടുന്നു.

4. ഉദയംപേരൂർ സൂനഹദോസും കൂനൻകുരിശുസത്യത്തിനുംശേഷമുള്ള ഭാരതസഭാചരിത്രപഠനം.

കൂടാതെ, കടവിൽ ചാണ്ടിക്കത്തനാർ, അർക്കദിയാക്കോന്മാർ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, കരിയാറ്റിൽ യൗസേപ്പ് മല്പാൻ, കുടക്കച്ചിറ അന്തോനിക്കത്തനാർ, തൊണ്ടനാട്ട് അന്തോനിക്കത്തനാർ, നിധീരി മാണിക്കത്തനാർ എന്നിങ്ങനെ സുറിയാനി ഭാഷാസേവനരംഗത്തു നിസ്തുലസംഭാവനകളർപ്പിച്ച പ്രഗല്ഭരായ പണ്ഡിതശ്രേഷ്ഠരെയും പഠനവിഷയമാക്കുന്നു.

ഡിപ്ലോമ സർട്ടിഫിക്കറ്റ്, ഡിഗ്രി, പി.ജി, പിഎച്ച്.ഡി. തുടങ്ങി ഉന്നതബിരുദങ്ങൾ നല്കുന്ന ഒരു ഗവേഷണകേന്ദ്രമായി ഭാവിയിൽ വളർത്തിയെടുക്കാനുള്ള ഉദ്ദേശ്യത്തോടെയാണ് ഈ പ്രസ്ഥാനം മുന്നോട്ടു കൊണ്ടുപോകുന്നത്.

■

# അഗസ്ത്യായനം

15-ാം പേജ് തുടർച്ച

കാൽപ്പെരുമാറ്റം കേട്ടാണ് കുഞ്ഞച്ചൻ പ്രാർത്ഥനയുടെ വല്മീകത്തിൽനിന്നു പുറത്തുവന്നത്. നോക്കുമ്പോൾ കപ്യാരാണ്. അയാൾ പള്ളിയുടെ വാതിലുകളും ജനാലകളും തുറക്കുകയാണ്. ദളിത്മക്കൾക്കുവേണ്ടിയുള്ള കുർബാനയിലേക്ക് ഇനി അധികനേരമില്ല. സമയം ഒഴുകിനീങ്ങിയത് കുഞ്ഞച്ചൻ അറിഞ്ഞിരുന്നില്ല. പ്രാർത്ഥിക്കുമ്പോൾ കുഞ്ഞച്ചനിങ്ങനെയാണ്. സമയകാലങ്ങളെക്കുറിച്ചു ബോധമുണ്ടാകാറില്ല. അപ്പോൾ തന്റെ ഹൃദയത്തിന്റെ അഗാധങ്ങളിൽനിന്നുള്ള മുഴക്കങ്ങൾ മാത്രമാണ് കുഞ്ഞച്ചൻ കേൾക്കുക. യേശുദേവന്റെ പഞ്ചക്ഷതങ്ങൾ മാത്രമാണ് മനോമുകുരങ്ങളിൽ തെളിയുക.

വലിയ പള്ളിയിൽ പുലരിക്കുർബാന സമാപിച്ചിരിക്കുന്നു. പള്ളിമുറ്റത്ത് ആളുകളുടെ ശബ്ദശകലങ്ങൾ ചിതറിപ്പെയ്യുന്നു. കുർബാന കഴിഞ്ഞു മടങ്ങുന്നവരുടെയും കുർബാനയ്ക്കു വന്നവരുടെയും.

പുറത്ത് ദളിത്മക്കളുടെ നമസ്കാരപഠനത്തിന്റെ ശബ്ദശാഖികൾ ഉലയുന്നുണ്ട്. അവയ്ക്കുമുകളിൽ ഉപദേശിമാരുടെ പറഞ്ഞുകൊടുക്കലുകൾ. തെറ്റുതിരുത്തലുകൾ.

കുമ്പസാരത്തിനുള്ള ഒരുക്കവുമായി മുട്ടുകുത്തിയ ദളിത്മക്കളെക്കണ്ട് കുഞ്ഞച്ചൻ കുമ്പസാരക്കൂട്ടിലേക്കിരുന്നു. പശ്ചാത്താപത്തിന്റെ തിണർപ്പുകലർന്ന കുറ്റസമ്മതങ്ങൾ. അവരുടെ തേങ്ങലുകൾ. അവരുടെ പിഴകൾ. അത് എല്ലാ അർത്ഥത്തിലും കുഞ്ഞച്ചൻ ഏറ്റുവാങ്ങി. അവർക്കു പാപവിമോചനം നല്കി.

കുമ്പസാരം കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ കുഞ്ഞച്ചൻ കണ്ടു, ചീരുകണ്ടനെ. അയാളോടൊപ്പം ഭാര്യ കുറുമ്പ. കുറുമ്പയുടെ എളിയിൽ അവരുടെ കുഞ്ഞ്.

കുഞ്ഞച്ചൻ അവരോടു ചിരിച്ചു. പള്ളിമുറ്റത്ത് ചിതറിയ ഇളവെയിൽപോലെ, എന്നിട്ട് അവരോടു പറഞ്ഞു: "എന്നോടൊപ്പം വരൂ."

കുഞ്ഞച്ചൻ അവരെയുംകൂട്ടി പള്ളിമുറിയിലേക്കു നടന്നു. കുഞ്ഞച്ചന്റെ അന്നത്തെ പ്രഭാതഭക്ഷണം ചീരുകണ്ടനോടും കുറുമ്പയോടുമൊപ്പമായിരുന്നു. ഹൃദയം പകുത്തുതരുന്നതുപോലെ തോന്നി ചീരുകണ്ടനും കുറുമ്പയ്ക്കുമത്. ഈ ലോകത്തിന്റെ സ്നേഹംമുഴുവൻ ഒരു പാത്രത്തിലാക്കി കുഞ്ഞച്ചൻ തങ്ങൾക്കു മുമ്പിലേക്കു വയ്ക്കുന്നു.

സുഗന്ധവാഹിയായ ഒരു ഇളംകാറ്റ്, തണുത്തുറഞ്ഞ നറുംനിലാവ്, കുളിരുറഞ്ഞ മഞ്ഞുവൃഷ്ടി തങ്ങളോട് എന്തു പ്രവർത്തിക്കുന്നുവോ അതുപോലെയാണ് കുഞ്ഞച്ചൻ തങ്ങളോടു പ്രവർത്തിക്കുന്നത് എന്ന് ചീരുകണ്ടനും കുറുമ്പയ്ക്കും തോന്നി.

ഒരു മഹാവൃക്ഷത്തിന്റെ തണലിലാണ് തങ്ങളിപ്പോൾ. തങ്ങൾക്കുചുറ്റും ഭൂമിയുടെ വിശുദ്ധി മുഴുവൻ പേറുന്ന വനപുഷ്പങ്ങൾ ചിരിക്കുന്നതുപോലെ.

ചീരുകണ്ടന്റെ മനം നിറഞ്ഞു. കുറുമ്പയുടെ കണ്ണുകളും. പോയകാലത്തിലെവിടെവച്ചും ഇങ്ങനെയൊരു സ്നേഹം, അലിവ് തങ്ങളനുഭവിച്ചിട്ടില്ല. കാരുണ്യത്തിന്റെ, ദയയുടെ ഒരു കൊടുമുടി തങ്ങൾക്കുമുൻപിൽ മാനംമുട്ടെ വളർന്നു നില്ക്കുന്നു.

കാപ്പി കഴിഞ്ഞ് അവർ പുറത്തേക്കിറങ്ങി. കുഞ്ഞച്ചൻ പറഞ്ഞു: "അന്നയുടെ കുഴിമാടത്തിൽ പോയി പ്രാർത്ഥിച്ചിട്ടു വാ. എന്നിട്ട് നമുക്ക് കുർബാനയിൽ പങ്കെടുക്കാം."

ചീരുകണ്ടനും കുടുംബവും സെമിത്തേരിയിലേക്കു നടന്നു. സെമിത്തേരിയിൽ അമ്മയുടെ കുഴിമാടത്തിനരുകിൽ എന്തു പ്രാർത്ഥിക്കണമെന്നറിയാതെ ചീരുകണ്ടൻ വിഷമിച്ചു. അയാൾക്കു പ്രാർത്ഥനകൾ വശമില്ലായിരുന്നു. പരേതാത്മാക്കളെ പിടിച്ചുകെട്ടാനുള്ള മന്ത്രവാദശകലങ്ങളല്ലാതെ, തുള്ളിയാട്ടങ്ങളല്ലാതെ, അവരുടെ ആത്മാക്കൾക്കുവേണ്ടിയുള്ള സൗഖ്യപ്രാർത്ഥനകൾ വശമുണ്ടായിരുന്നില്ല.

ചീരുകണ്ടന്റെ കണ്ണുകൾ നിറഞ്ഞു. രാമഞ്ഞുവീണു നനഞ്ഞ അന്നയുടെ കുഴിമാടത്തിലേക്ക് ചീരുകണ്ടന്റെ വ്യസനങ്ങൾ പെയ്തു.

അയാളുടെ മനസ്സിൽ ഒരു കരിമ്പനക്കാടുലഞ്ഞു. സ്നേഹം എന്ന വികാരം കടലാഴങ്ങളിൽ നിന്നെന്നവണ്ണം അയാളിലേക്കു നുരകുത്തി. മരണകാലത്തോളം താൻ അമ്മയെ സ്നേഹിച്ചിരുന്നില്ല. പക്ഷേ, ഇപ്പോൾ താൻ അമ്മയെ സ്നേഹിക്കുന്നു. അഥവാ അമ്മയോടുള്ള സ്നേഹം അനുഭവിക്കുന്നു. ഒരു നെരിപ്പോടുപോലെയായിരുന്നു അത്. സ്നേഹത്തിന്റെ ഒരു കനൽക്കൂട്ടം തന്റെയുള്ളിൽ എരിയുന്നു.


ഇത്രകാലം തന്റെ ജീവിതം സ്നേഹമില്ലാതെ മുഴങ്ങുന്ന ചിലമ്പുപോലെയായിരുന്നുവെന്ന് ചീരുകണ്ടൻ അറിഞ്ഞു. അത് വ്യർത്ഥവും പുകപോലെ അഴിഞ്ഞുപോകുന്നതുമായിരുന്നു. ചീരുകണ്ടൻ വിങ്ങി.

ചീരുകണ്ടനും കുറുമ്പയും സെമിത്തേരിയിൽനിന്നെത്തിയപ്പോഴേക്കും കുർബ്ബാനയ്ക്കുള്ള നേരമായിരുന്നു. ചെറിയ പള്ളിയാകെ ദളിത്ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. ഉപദേശി ദേവസ്യാ അവരെ പള്ളിയിലേക്കു കൂട്ടി.

അൾത്താരയിലാകെ വിളക്കുകാലുകളിൽ മെഴുകുതിരിനാളങ്ങൾ. ആകാശത്തിലേക്കു തുറന്ന കണ്ണുകളിൽ ലോകത്തിന്റെ സങ്കടങ്ങൾ മുഴുവൻ നിറച്ച് ഒരു മനുഷ്യരൂപം കുരിശിൽ പിടയുന്നു. താഴെ പൊന്നലുക്കുകൾ തുന്നിയ കുപ്പായത്തിനുള്ളിൽ കുഞ്ഞച്ചൻ കുർബാന അർപ്പിക്കുന്നു. പള്ളി നിറയുന്ന പ്രാർത്ഥനകൾക്കു നടുവിൽ പ്രാർത്ഥനയൊന്നുമറിയാതെ ചീരുകണ്ടനും കുറുമ്പയും നിശ്ശബ്ദം കുർബാന കണ്ടു.

കുർബാനയ്ക്കുശേഷംകുഞ്ഞച്ചൻ അവർക്കു ജ്ഞാനസ്നാനം നല്കി. ചീരുകണ്ടൻ മത്തായിയായും കുറുമ്പ കത്രീനയായും മകൻ അന്ത്രയോസായും പരിണാമപ്പെട്ടു. അവർക്കു ശേഷമായിരുന്നു മാരിയപ്പന്റെയും കുടുംബത്തിന്റെയും സ്നാപനം.

*(തുടരും)*




**ജൂലൈ 26**
**കൈത്താക്കാലം**
**രണ്ടാം ഞായർ**



നിയ 4:32–40
ഏശ 4:2–6
2 കോറി 3:4–12
ലൂക്കാ 15:11–32

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

# ഹൃദയത്തിലെഴുതണം സ്നേഹത്തിന്റെ നിയമം

**തി**രഞ്ഞെടുക്കപ്പെട്ട ജനതയ്ക്കുള്ള മഹത്തായ അനുഗ്രഹങ്ങളെക്കുറിച്ചാണ് നിയമാവർത്തനപ്പുസ്തകത്തിൽനിന്നുള്ള വായന. ദൈവസ്നേഹത്തിന്റെ അനന്യമായ പ്രകടനമായിരുന്നു ഇസ്രായേലിനോടുള്ളത് (നിയ 4,37; 7,13–15; 10,15). എല്ലാ ജനതകളിൽനിന്നും തിരഞ്ഞെടുത്ത് കർത്താവു സ്വന്തമാക്കിയ ജനത്തോടൊപ്പം അവിടന്ന് എപ്പോഴും എല്ലായിടത്തും ഉണ്ടായിരുന്നു. ഈജിപ്തിൽ അവിടന്നു പ്രവർത്തിച്ച അത്ഭുതങ്ങളെല്ലാം അതിന്റെ അടയാളമായിരുന്നു. തിരഞ്ഞെടുപ്പ് ഒരു അനുഗ്രഹമായിരിക്കുന്നതുപോലെ അത് ഒരു ഉത്തരവാദിത്വത്തിലേക്കുള്ള വിളിയാണെന്നും തിരഞ്ഞെടുത്തവനോടു വിധേയത്വമുണ്ടായിരിക്കണമെന്നും തിരുവചനം ഓർമ്മിപ്പിക്കുന്നു. നിയമങ്ങൾ അനുഷ്ഠിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ടുവേണം തിരഞ്ഞെടുക്കപ്പെട്ടവന്റേതായ കടമ നിർവഹിക്കുവാനും ഫലം പുറപ്പെടുവിക്കുവാനും.

തിരഞ്ഞെടുക്കപ്പെടുന്നവർ ഉത്തരവാദിത്വങ്ങൾ നിർവഹിച്ചുകൊണ്ട് ഫലങ്ങൾ പുറപ്പെടുവിക്കേണ്ടവരാണ്. എന്നാൽ, തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാതെ, തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ദൗത്യം മറക്കുമ്പോൾ ദൈവം അവരുടെ ചരിത്രത്തിൽ ഇടപെടുന്നുണ്ട്. അത്തരത്തിലുള്ള ഇടപെടലുകളായിരുന്നു ഇസ്രായേലിന്റെ ചരിത്രത്തിലുണ്ടായ വിപ്രവാസങ്ങൾ എന്ന് പിന്നീട് ഇസ്രായേൽജനം മനസ്സിലാക്കുന്നുണ്ട്. ഇസ്രായേലിന്റെ ജീവിതത്തിൽ വരാൻ പോകുന്ന ദൈവികഇടപെടലുകളെക്കുറിച്ചും അനന്തരഫലങ്ങളെക്കുറിച്ചും പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചിരുന്നു. അപ്രകാരമുള്ള ഒരു ഇടപെടലിനെക്കുറിച്ചാണ് ഏശയ്യാപ്രവാചകന്റെ പുസ്തകം മൂന്നും നാലും അധ്യായങ്ങളിൽ കാണുന്നത്. ഇസ്രായേലിന്റെ അവിശ്വസ്തതയും കർത്താവ് അവരുടെമേൽ നടത്തുന്ന വിധിയും മൂന്നാം അധ്യായത്തിൽ പറഞ്ഞതിനുശേഷം ഇസ്രായേലിൽനിന്നു കർത്താവു വളർത്തിയെടുത്ത ഒരു ശാഖയുണ്ടായിരിക്കുമെന്നതിനെക്കുറിച്ചും അവർക്കു ലഭിക്കാനിരിക്കുന്ന ദൈവപരിപാലനയെക്കുറിച്ചുമാണ് ഏശയ്യായുടെ പുസ്തകം നാലാം അധ്യാത്തിൽ നിന്നുമുള്ള ഇന്നത്തെ വായന. ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനായിരുന്നതുകൊണ്ട് അവിടന്ന് തിരഞ്ഞെടുത്തവരെ ഉപേക്ഷിക്കുകയില്ല. എന്നാൽ, മുന്തിരി വെട്ടിയൊരുക്കുന്നതുപോലെ അവരെ വെട്ടിയൊരുക്കി പുതിയ ശാഖ ഉണ്ടാകുവാൻ അവസരം നല്കി. കർത്താവു വളർത്തിയ മനോഹരവും മഹനീയവുമായ ശാഖ എന്നാണ് ആ ജനതയെ വിളിച്ചിരിക്കുന്നത്. ഏശയ്യപ്രവാചകന്റെ ഈ പ്രവചനം ഒന്നാമതായി വിപ്രവാസം കഴിഞ്ഞുവരുന്ന ജനതകളിലേക്കുള്ള സൂചനയാണെങ്കിലും വരാനിരിക്കുന്ന മിശിയാനികയുഗത്തിലേക്കുള്ള ഒരു പ്രവചനം കൂടിയാണ്.

മോശയിലൂടെ നിയമത്താൽ (തോറ നല്കിയതിലൂടെ) സ്ഥാപിതമായ പഴയഉടമ്പടി തേജോമയമായിരുന്നെങ്കിൽ മിശിഹായിലൂടെ സ്നേഹത്തിന്റെ നിയമത്താൽ സ്ഥാപിതമായ പുതിയ ഉടമ്പടി എത്രയോ തേജോമയമായിരിക്കും എന്നാണ് പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽനിന്നു വായിച്ചത്. ശിക്ഷാവിധിയുടെ നിയമത്തിന്റെ ശുശ്രൂഷയിൽനിന്ന് നീതിമത്കരണത്തിന്റെ, സ്നേഹത്തിന്റെ ശുശ്രൂഷയിലേക്കു നാം വിളിക്കപ്പെട്ടിരിക്കുന്നതിനാൽ ദൈവസന്നിധിയിൽ നല്ല പ്രത്യാശയും മനോധൈര്യവുമുള്ളവരായിക്കാം എന്നാണ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്. പഴയ ഉടമ്പടിയാൽ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന് എല്ലാ ജനതകളിലും വച്ച് വലിയ ഉത്തരവാദിത്വമുണ്ടായിരുന്നതുപോലെ മിശിഹായുടെ സ്നേഹത്തിന്റെ ഉടമ്പടിയാൽ തിരഞ്ഞെടുക്കപ്പെട്ടവർക്ക് എത്രയോ വലിയ ഉത്തരവാദിത്വമുണ്ട്. നിയമത്തിന്റെ ദാസന്മാർ എന്ന നിലയിൽനിന്ന് മിശിഹായുടെ സ്നേഹിതന്മാർ (യോഹ 15,15) എന്ന നിലയിലേക്കു വിളിക്കപ്പെട്ടവരാണ് നാം. മിശിഹാ നമ്മെ അപ്രകാരം തിരഞ്ഞെടുത്തിരിക്കുന്നത് ഫലം പുറപ്പെടുവിക്കുന്നതിനും ആ ഫലം നിലനില്ക്കുന്നതിനും വേണ്ടിയാണ് (യോഹ 15,16). സ്നേഹത്തിന്റെ നിയമം പാലിക്കേണ്ടവരും അതിന്റെ ഫലം പുറപ്പെടുവിക്കേണ്ടവരുമാണ് നാം ഓരോരുത്തരും. ആ ഫലം എന്നേക്കും നിലനില്ക്കുന്നതാണ്.



അപ്രകാരം സ്നേഹത്തിന്റെ ഫലം പുറപ്പെടുവിക്കുന്ന ഒരു പിതാവിന്റെ ചിത്രമാണ് ഇന്നത്തെ സുവിശേഷഭാഗത്തു നാം കാണുന്നത്. പൗലോസ് ശ്ലീഹാ ലേഖനത്തിൽ എഴുതിയിരിക്കുന്നു: അക്ഷരം കൊല്ലുന്നു; ആത്മാവ് ജീവിപ്പിക്കുന്നു (3,7). കല്ഫലകത്തിൽ എഴുതിയ അക്ഷരത്തിന്റെ (നിയമത്തിന്റെ) പിൻബലത്തിൽ നോക്കിയാൽ സ്വപിതാവിനെ ധിക്കരിച്ച് ഇറങ്ങിപ്പോയ ആ ഇളയപുത്രനെ അകറ്റിനിറുത്തിയാൽ മതി, തിരിച്ചുവന്നാലും ധിക്കാരിയെ ധിക്കാരിയായിക്കരുതിയാൽ മതി; കാരണം, നിയമത്തിന്റെ ശിക്ഷാവിധി അവന് അർഹതപ്പെട്ടതാണ്. എന്നാൽ, ഹൃദയഫലകത്തിലെഴുതിയ സ്നേഹത്തിന്റെ പിൻബലം അതായത്, മിശിഹായുടെ നിയമത്തിന്റെ പിൻബലം, അവനെ അകറ്റിനിർത്താൻ സമ്മതിക്കുകയില്ല; അവനു ശിക്ഷാവിധിയല്ല, രക്ഷയുടെ കരമാണു നല്കുന്നത്. ധിക്കാരിയായിരുന്നവൻ അനുതാപിയായപ്പോൾ അവനെ മാറോടുചേർക്കുന്ന സ്നേഹമാണ് പുതിയ ഉടമ്പടിയുടെ പാഠം. ആ സ്നേഹമാണ് മൃതനായിരുന്നവന് ജീവൻ നല്കുന്നത്; നഷ്ടപ്പെട്ടു പോകുന്നതിനെ കാത്തിരിക്കുന്നത്.

കൈത്താക്കാലം വിശ്വാസത്തിന്റെ ഫലം പുറപ്പെടുവിക്കുന്നതിനുള്ള സമയമാണ്. മിശിഹായിൽ വിശ്വസിക്കുന്നവർ മിശിഹായുടെ സ്നേഹത്തിന്റെ നിയമം ഹൃദയഫലകങ്ങളിൽ എഴുതുകയും ജീവിപ്പിക്കുന്ന ആത്മാവിന്റെ ഫലം നല്കുകയും ചെയ്യേണ്ട സമയം. കൊറോണാക്കാലം യഥാർത്ഥത്തിൽ നമ്മുടെ വിശ്വാസത്തെ ഒന്നു വിലയിരുത്തുവാനുള്ള അവസരമാണ്. നിയമത്തിന്റെ പേരിലുള്ള അനുഷ്ഠാനങ്ങൾക്ക് ആത്മാവിന്റെ, ആന്തരികതയുടെ പിൻബലമുണ്ടായിരുന്നോ എന്നു പരിശോധിക്കുവാനുള്ള അവസരം. മിശിഹായുമായുള്ള എന്റെ ബന്ധം, മിശിഹായിലുള്ള എന്റെ വിശ്വാസത്തിന്റെ ബാഹ്യപ്രകടനമായിരുന്ന ആചാരാനുഷ്ഠാനങ്ങൾ, നിയമത്തിന്റെ നിർബന്ധത്തിലായിരുന്നോ, സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നോ എന്ന് ആത്മശോധന ചെയ്യാൻ ഒരവസരം. നിയമത്തിന്റെ പേരിലായിരുന്നെങ്കിൽ അതു നഷ്ടപ്പെട്ടേക്കാം, സ്നേഹത്തിന്റെ പേരിലായിരുന്നെങ്കിൽ അതു നിലനില്ക്കും. കാരണം, അക്ഷരം കൊല്ലുന്നു; ആത്മാവ് ജീവിപ്പിക്കുന്നു. എന്നെന്നും നിലനില്ക്കുന്ന ആത്മാവിന്റെ ഫലം നല്കുന്നതിനു പുതിയ ഉടമ്പടിയുടെ സ്നേഹത്തിന്റെ നിയമം നമുക്കു ഹൃദയത്തിലെഴുതാം. എന്റെ ആരാധനയും ആചാരാനുഷ്ഠാനങ്ങളും നിയമത്തിന്റെയും നിർദേശത്തിന്റെയും പേരിലാകാതെ മിശിഹായോടുള്ള എന്റെ വ്യക്തിബന്ധത്തിന്റെ പ്രതിഫലനമാകട്ടെ, അപ്പോൾ അത് എന്നും നിലനില്ക്കും. □


അനുഗ്രഹസ്മരണ



ഒരു വിശ്വാസി

അനുഗ്രഹസ്മരണ



ഒരു വിശ്വാസി

അനുഗ്രഹസ്മരണ



ഒരു വിശ്വാസി

അനുഗ്രഹസ്മരണ



ഒരു വിശ്വാസി

# ദൈവം ഇനിയും മനുഷ്യനെ മടുത്തിട്ടില്ല



മാത്യു എം. കുര്യാക്കോസ്

**ജൂലൈ 11 നു കടന്നുപോയ ജനസംഖ്യാദിനത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യജീവന്റെ മഹത്ത്വത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുകയാണു ലേഖകൻ.**

**'Every child comes with the messege that God is not yet discouraged of man'**

'ഭൂമിയിലേക്കു പിറന്നുവീഴുന്ന ഓരോ കുഞ്ഞും നമുക്കു തരുന്ന സന്ദേശം; ദൈവം ഇനിയും മനുഷ്യനെ മടുത്തിട്ടില്ല എന്നുള്ളതാണ്' – എന്ന ടാഗോറിന്റെ പ്രസിദ്ധമായ വാക്കുകൾ മനുഷ്യനെ മറക്കുകയും മടുക്കുകയും അവനെ മർദ്ദിച്ചു മരണത്തിലേക്കു തള്ളിവിടുകയും ചെയ്യുന്ന എല്ലാ മനുഷ്യാധമൻമാർക്കും പ്രസ്ഥാനങ്ങൾക്കും വെല്ലിടിയായി മാറട്ടെ.

എല്ലാ വർഷവും ജൂലൈ 11 ലോകജനസംഖ്യാദിനമായി ആചരിക്കുന്നു. ലോകജനസംഖ്യ 500 കോടിയിലെത്തിയ ദിനത്തിന്റെ ഓർമയാണ് അത് പകർന്നു നൽകുന്നത്. കൃത്യമായി പറഞ്ഞാൽ, ലോകജനസംഖ്യ 500 കോടിയിലെത്തിയത് 1987 ജൂലൈ 11 നായിരുന്നു. 1989 ൽ ഐക്യരാഷ്ട്രസഭയുടെ ഭരണസമിതി എല്ലാവർഷവും ജൂലൈ 11 ലോകജനസംഖ്യാദിനമായി (World Population Day) ആചരിക്കുവാൻ തീരുമാനിച്ചു. ജനസംഖ്യാപ്രശ്നങ്ങളെക്കുറിച്ചും, സ്ത്രീപുരുഷസമത്വം, ദാരിദ്ര്യം, മനുഷ്യാവകാശം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ജനങ്ങൾക്കു ബോധവത്കരണം നടത്തുക എന്നതാണ് ഈ ദിനത്തിന്റെ ലക്ഷ്യം. ഇങ്ങനെയൊരു ജനസംഖ്യാദിനത്തിന്റെ തീയതി നിർദ്ദേശിച്ചത് മലയാളിയായ മുൻ ലോകബാങ്ക് ജനസംഖ്യാ ശാസ്ത്രജ്ഞനും ഇപ്പോൾ CDS-(Centre for Development Studies)ന്റെ ഓണററി പ്രൊഫസറുമായ ഡോ. കെ.സി. സക്കറിയ ആയിരുന്നു എന്നത് നമുക്ക് അഭിമാനകരമായ കാര്യമാണ്. ഇന്ന് ലോകജനസംഖ്യ 780 കോടിയിലെത്തി നിൽക്കുന്നു.

ക്രിസ്തുവിന്റെ കാലംമുതൽ 19-ാംനൂറ്റാണ്ടുവരെ ലോകജനസംഖ്യാവർദ്ധനവു താരതമ്യേന കുറവായിരുന്നു. നൂറുവർഷം കൊണ്ടാണ് ജനസംഖ്യ നൂറു കോടിയുടെ വർദ്ധനവ് കാണിച്ചിരുന്നത്. എന്നാൽ, വ്യാവസായിക വിപ്ലവത്തിനുശേഷം നാല്പതു വർഷംകൊണ്ട് ജനസംഖ്യാവർദ്ധന നൂറു കോടിയിലെത്തുകയും പിന്നീട് ഹരിതവിപ്ലവത്തിന്റെയും നൂതനസാങ്കേതികവിദ്യകളുടെയും വികസനപ്രക്രിയയിൽ പതിമ്മൂന്ന് പതിന്നാലു വർഷം കൂടുമ്പോൾ തന്നെ നൂറുകോടി ജനസംഖ്യാവർദ്ധന കാണിക്കുന്ന ഒരു ഘട്ടത്തിലെത്തി നിൽക്കുകയും ചെയ്തിരിക്കുന്നു.

ഓരോ പ്രദേശത്തെയും ജനസംഖ്യയെയും കാലാകാലങ്ങളിൽ ഉണ്ടാവുന്ന വർദ്ധനവിനെയും വ്യതിയാനത്തെയും കുറിച്ചു പഠിക്കുന്ന ശാസ്ത്രശാഖയ്ക്ക് സെമോഗ്രാഫി (ജനസംഖ്യാശാസ്ത്രം) എന്നാണു പറയുന്നത്. ജനസംഖ്യാവർദ്ധനവിനനുസരിച്ച് ജനങ്ങളുടെ സുസ്ഥിതിക്കാവശ്യമായ സാമ്പത്തികസ്രോതസ്സുകൾ കണ്ടെത്തി സുസ്ഥിരവികസനം സാധ്യമാക്കുവാൻ ഈ ശാസ്ത്രം ഗവൺമെന്റുകളെ സഹായിക്കുന്നു. യഥാർത്ഥത്തിൽ ഒരു രാഷ്ട്രത്തിന്റെ ഭാഗധേയങ്ങളെ നിർണ്ണയിക്കുന്ന അടിസ്ഥാനഘടകമാണ് ജനസംഖ്യ. വിദ്യാഭ്യാസം, ഗതാഗതം, വ്യവസായം, ആരോഗ്യം എന്നു വേണ്ട സർവ്വ മേഖലകളെയും സ്വാധീനിക്കുകയും പരിപുഷ്ടിപ്പെടുത്തുകയും ചെയ്യുന്ന രാഷ്ട്രസമ്പത്താണ് ജനങ്ങൾ. ഒരു രാഷ്ട്രത്തിന്റെ ശക്തി എന്നത് അവിടത്തെ ജനങ്ങളാണ്, ( Human Resource is the power) എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യാഗവൺമെന്റ് 'മാനവവിഭവശേഷി' മന്ത്രാലയം തന്നെ(Human Resource Development Ministry) വിഭാവനം ചെയ്തിരിക്കുന്നത്. അവിടെയാണ് കുടുംബവും വ്യക്തികളും പ്രസക്തമാവുന്നത്.

കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ ജനസംഖ്യയെയും സാമൂഹികസാമ്പത്തിക പരിണാമത്തെയും കുറിച്ചുള്ള കെ.ജെ. സഖറിയായുടെ പഠനം പ്രാധാന്യമർഹിക്കുന്നതാണ്. 2001-ൽ കേരളത്തിലെ ക്രിസ്ത്യാനികളുടെ ജനസംഖ്യ 59 ലക്ഷമായിരുന്നത് 2031 ആകുമ്പോൾ 58 ലക്ഷത്തിലേക്കു ചുരുങ്ങുമെന്നും ഹിന്ദുജനസംഖ്യ ഒരു കോടി 82 ലക്ഷത്തിൽനിന്ന് 2 കോടി 2 ലക്ഷത്തിലേക്കും മുസ്ലീം ജനസംഖ്യ 76 ലക്ഷത്തിൽനിന്ന് 92 ലക്ഷത്തിലേക്കും കുതിച്ചുയരുമെന്നുമുള്ള അദ്ദേഹത്തിന്റെ നിഗമനം ഗൗരവാർഹമാണ്. വിവാഹപ്രായം, ജനസംഖ്യാനിയന്ത്രണമാർഗ്ഗങ്ങൾ, നിയമാനുസൃതഗർഭച്ഛിദ്രം തുടങ്ങിയ കാരണങ്ങളാൽ ഇന്ത്യയിൽത്തന്നെ ഏറ്റവും താഴ്ന്ന ജനനനിരക്കുള്ള ഒരു സമൂഹമായി ക്രിസ്ത്യാനികൾ മാറിയെന്നും, അദ്ദേഹം കണ്ടെത്തുന്നു. കത്തോലിക്കരുടെ സാമൂഹികവിഷയങ്ങളിലെ മുൻഗണനാക്രമത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ ഈ ജനസംഖ്യാദിനത്തിൽ വിചിന്തന വിഷയമാവേണ്ടതാണ്.

ക്രിസ്ത്യൻ പുരോഹിതനും ബ്രിട്ടീഷ് സാമ്പത്തികശാസ്ത്രജ്ഞനുമായിരുന്ന Rev.Thomas Robert Malthus ന്റെ 1798 ലെ ജനസംഖ്യയെക്കുറിച്ചുള്ള 'An Essay on the Principle of Population' എന്ന പുസ്തകം മുന്നോട്ടുവയ്ക്കുന്ന ജനസംഖ്യാദുരന്തവും അതിനെതിരായി 'ഒരു കുഞ്ഞ് ജനിക്കുന്നത് വായും വയറും മാത്രമായിട്ടല്ല, കൈകളോടും കൂടിയാണ്' എന്നുപറഞ്ഞ് Edwin Canan മുന്നോട്ടു വച്ച് 'ഒപ്റ്റിമം തിയറി ഓഫ് പോപ്പുലേഷ'നും' Warren Thompson ന്റെ ജനസംഖ്യാപരിവർത്തനസിദ്ധാന്തവും (Demographic Transition Theory) 'The greatest happiness for the greatest number' എന്ന Jermy Bentham – ന്റെ വീക്ഷണവുമായി ശാസ്ത്രം മുന്നോട്ടു



ലേഖകൻ ഭാര്യ ആഷ്‌ലി ടെസ് ജോൺ, മക്കളായ കൃപ, ഹൃദ്യ, ശ്രേയ, ജോഷ്, സേറ എന്നിവരോടൊപ്പം

പോകുമ്പോൾ ദൈവം സൃഷ്ടിച്ച മനോഹരമായ ഈ പ്രപഞ്ചത്തിലെ ഏറ്റവും സുന്ദരവും ശ്രേഷ്ഠവും അദ്ഭുതകരവുമായ മനുഷ്യൻ എന്ന പ്രതിഭാസത്തെക്കുറിച്ചും അവന്റെ ജീവിതത്തെക്കുറിച്ചും ജീവനെക്കുറിച്ചുമുള്ള ചിന്തകളാണ് അഭികാമ്യം.

മനുഷ്യജീവന്റെ മഹത്ത്വത്തിനുവേണ്ടി നിലകൊണ്ട, അതിനുവേണ്ടി ജീവാർപ്പണം ചെയ്ത മഹാന്മാരുടെയും വിശുദ്ധന്മാരുടെയും സംഭാവനകൾ വലുതാണ്. എബ്രഹാംലിങ്കൺ, മദർ തെരേസ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ലോകത്തിനു മാതൃകകളാണ്. ഉദരത്തിലെ കുഞ്ഞിനെ രക്ഷിക്കാൻ സ്വന്തം ജീവൻ ബലിയായി നൽകിയ ഇറ്റലിയിലെ ഡോക്ടറായിരുന്ന വിശുദ്ധ ജീനാ ബറേറ്റ മോള ജീവസംരക്ഷണപ്രവർത്തനങ്ങൾക്കു പ്രചോദനമാണ്. കത്തോലിക്കാസഭയും മാർപാപ്പാമാരും ജീവനുവേണ്ടി നടത്തുന്ന ഇടപെടലുകൾ പ്രശംസനീയമാണ്. പ്രത്യേകിച്ച് ജോൺ 23-ാമൻ മാർപാപ്പാ, ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, ഫ്രാൻസിസ് മാർപാപ്പ എന്നിവരുടെ മനുഷ്യമഹത്ത്വത്തെക്കുറിച്ചും മനുഷ്യജീവനെക്കുറിച്ചുമുള്ള ചാക്രികലേഖനങ്ങളും ഡോക്യുമെന്റുകളും ശ്രദ്ധേയവും ചരിത്രത്തിൽ വലിയ സ്വാധീനം ചെലുത്തുന്നവയുമാണ്.

| 2020 |
| --- |
| ഇന്ത്യ ജനസംഖ്യ = 138 കോടി |
| കേരളം ജനസംഖ്യ = 3.47 കോടി |

ജീവസംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന പ്രോലൈഫ് പ്രസ്ഥാനം ആഗോളതലത്തിലും പ്രാദേശികതലങ്ങളിലും മനുഷ്യജീവനെയും മഹത്ത്വത്തെയും അപകീർത്തിപ്പെടുത്തുന്ന നിയമങ്ങൾക്കെതിരെയുള്ള യുദ്ധത്തിൽ സജീവമായി പങ്കുകൊള്ളുന്നു. ഗർഭച്ഛിദ്രവും ഗർഭച്ഛിദ്രക്ലിനിക്കുകളും നിയമാനുസൃതമായി വ്യാപകമാകുന്ന വർത്തമാനകാലത്തിൽ ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രസക്തി വലുതാണ്.

നോവലിസ്റ്റ് ആനന്ദ് പറഞ്ഞ വച്ചതുപോലെ വ്യക്തികളും വ്യവസായപ്രമുഖരും ഗവൺമെന്റുകളും രാജ്യങ്ങളും അവരുടെ സ്വാർത്ഥകൃത്യങ്ങൾകൊണ്ട് തങ്ങളുടെ ജീവിതത്തെ എന്നപോലെ മറ്റുള്ളവരുടെയും ജീവിതത്തെയും അപായപ്പെടുത്തുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. ഇതാണ് നാം ഭയക്കേണ്ടത്. ആണവായുധങ്ങൾ നിർമ്മിക്കുന്നതിൽ മുതലാളിത്തരാജ്യങ്ങൾ മാത്രമല്ല, ദരിദ്രരാജ്യങ്ങളും ഇന്നു മത്സരത്തിലാണ്. ഫുഡ് വെപ്പണുകളും ക്ലൈമറ്റ് വെപ്പണുകളും പിന്നിട്ട് ബയോ വെപ്പണുകളുടെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്തിൽ കോവിഡ് ജൈവായുധം രണ്ടു മാസത്തിനുള്ളിൽത്തന്നെ ലോകത്തുനിന്ന് അഞ്ചുലക്ഷത്തി എഴുപത്തിയോരായിരം പേരെ അപ്രത്യക്ഷമാക്കിക്കഴിഞ്ഞു. വരുംനാളുകളിൽ മരണത്തിന്റെ നിരക്കാണ് ജ്യോമെട്രിക്കൽ പാറ്റേണിൽ ഉയരാൻ പോകുന്നത് ജനനനിരക്കല്ല എന്ന ഓർമ്മപ്പെടുത്തൽ കാലം പങ്കുവയ്ക്കുന്നു.

ഹിറ്റ്ലറിന്റെ കൂട്ടക്കൊലയ്ക്കിരയായത് മൂന്നുകോടി ജനങ്ങൾ, 20 മില്യൻ ജനങ്ങളെ കൊന്നൊടുക്കി സ്റ്റാലിൻ, ചെങ്കിസ്ഖാൻ നാലുകോടി ജനങ്ങളെ, ടാമെർലിൻ 1.5 കോടി ജനങ്ങളെ... പട്ടികകൾ അവസാനിക്കുന്നില്ല. ഓരോ 20 മിനിറ്റിലും ഒരു സ്ത്രീ പീഡിപ്പിക്കപ്പെടുന്ന നാട്ടിൽ ജീവിക്കുന്ന നമുക്ക് അഭിമാനിക്കാൻ എന്തുണ്ടെന്നോർക്കണം. സ്വന്തം അമ്മയുടെ ശവശരീരത്തെപ്പോലും മാനിക്കാൻ കഴിയാത്ത, സ്വന്തം ഉദരത്തിലെ ജീവനെ മടികൂടാതെ കശാപ്പു ചെയ്യുന്ന, സഹജീവികളെ സയനൈഡ് ഉപയോഗിച്ച് കൊലപ്പെടുത്തുന്ന മരണസംസ്കാരം ഇന്ന് ലോകത്ത് താണ്ഡവമാടുമ്പോൾ ഇതെല്ലാം കണ്ടിട്ടും കേട്ടിട്ടും നിശ്ശബ്ദരാകുന്ന നല്ല മനുഷ്യരുടെ കാലം!... എഡ്മണ്ട് ബർക്ക് മുന്നിൽ വന്നുനിന്ന് ഒരു മന്ദസ്മിതത്തോടെ പറയുന്നു – തിന്മയുടെ വിജയത്തിന് ഏറ്റവും പ്രധാനമായത് നന്മ ചെയ്യുന്നവരുടെ നിശ്ശബ്ദതയാണ്.

**മനുഷ്യനാവശ്യമുള്ളത് പ്രകൃതി നൽകുന്നുണ്ട്,**
**അത്യാഗ്രഹത്തിനുള്ളതില്ലതാനും.**
**മഹാത്മാഗാന്ധി**

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Community
CMC PROVINCIAL HOUSE
JAYA MATHA PROVINCE
ST. THOMAS PRESS ROAD, PALA
Ph: 04822- 212229, 212226

വി. ചാവറ കുര്യാക്കോസ് ഏലിയാസ്

വി. എവുപ്രാസ്യാമ്മ

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

PROVINCIAL SUPERIOR & COMMUNITY
SACRED HEART CONGREGATION
S.H. PROVINCIAL HOUSE, PALA
Ph: 04822 - 215221, 212225

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ
1872–1935
(സഭാസ്ഥാപകൻ)

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
PROVINCIAL SUPERIOR & COMMUNITY

S.A.B.S. PROVINCIAL HOUSE
CHRIST HALL - PALA
Ph: 04822-215257, 215109

ധന്യൻ
മാർ തോമസ് കുര്യാളശേരി
(സഭാസ്ഥാപകൻ)
1873 – 1925

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
SUPERIOR GENERAL & COMMUNITY

SNEHAGIRI MISSIONARY SISTERS
S.M.S. GENERALATE
VELLAPPAD - PALA
Ph: 04822 - 216569

ഫാ. അബ്രാഹം കൈപ്പൻപ്ലാക്കൽ
(സഭാസ്ഥാപകൻ)

വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
DIRECTRESS GENERAL & COMMUNITY

MARY IMMACULATE SECULAR INSTITUTE (MISI)
LEGION HOME GENERALATE
VELLAPPAD - PALA Ph: 04822 - 211268

RNI No : 16998/68
Vol. 53 ■ No. 12 ■ Date of Publication 16 July 2020
■ Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment

വി. അൽഫോൻസാമ്മയുടെ തിരുനാളിന്
പ്രാർത്ഥനാനിർഭരമായ ആശംസകൾ...

Our Heavenly Patron



Since 1984
അൽഫോൻസാ
കണ്ണാശുപത്രി
SUPER SPECIALITY EYE CARE HOSPITALS
AEH
LEAD KINDLY LIGHT

CELEBRATING 36 YEARS IN EYE CARE
1984 - 2020

സേവന പാരമ്പര്യം • സാമൂഹിക പ്രതിബദ്ധത • സമ്പൂർണ്ണ പരിചരണം

WORLD CLASS FACILITIES
Affordable to ALL

- കാറ്ററാക്ട് സർവ്വീസസ് (Phaco with Alcon infinity & Manual Phaco)
- റെറ്റിനാ ക്ലിനിക് (Green Laser, OCT, FFA, B Scan)
- ഗ്ലോക്കോമ യൂണിറ്റ് (HFA, Yag Laser, Pachymetry)
- കോർണിയ യൂണിറ്റ് (Topography, C3R) & ലാസിക് (Medea)
- Squint & ഒക്കുലോപ്ലാസ്റ്റി
- കുട്ടികളുടെ നേത്രരോഗ വിഭാഗം
- കമ്മ്യൂണിറ്റി ഒഫ്താൽമോളജി
- ലോ വിഷൻ ക്ലിനിക്
- കോൺടാക്ട് ലെൻസ് ക്ലിനിക്
- ഒപ്ടിക്കൽ ഷോപ്പ്

FACULTY

Dr. Alex Baby MBBS,DO, DNB (OPH)
Cataract (Phaco), Glaucoma & Lasik Surgeon
Dr. Teena Alex MBBS,DNB (OPH)
Retina & Uvea Specialist
Dr. Sruthy K. John MBBS, DOMS, DNB
Paediatric Ophthalmologist
Dr. M.I. Mohan MBBS,MS (OPH)
Senior Consultant & Surgeon
Dr. Thomas Arun Varghese
MS, FRCS, MRCOphth, FAICO (Glaucoma)
Senior Surgeon & Neuro-Ophthalmologist
Dr. Aparna C. Varghese MBBS, DO, DNB, FRCS (Glasg), FAICO (Comprehensive Opthalmology)
Consultant Ophthalmologist
Dr. Philip Kuruvila DOMS,FOPAI,FORCE
Cataract, Squint & Oculoplasty (Visiting)
Dr. Girija R. Nair MBBS,DA
Anaesthesiologist
Dr. P.K. Chandy MBBS,MD
Physician
Dr. Sachin M. George MBBS, DNB, FRCS
Cornea Speciality & Keratoplasty
Dr. Ebitha K. Elias MBBS, MS, DNB
Ophthalmic Consultant
Dr. Anju Maria Thomas MBBS, DNB
Ophthalmic Consultant




കൊട്ടാരമറ്റം, പാലാ
Ph: 04822 212056, 9287212056




വിമല പബ്ലിക് സ്കൂളിനു സമീപം
കാഞ്ഞിരമറ്റം ബൈപാസ് റോഡ്, തൊടുപുഴ
Ph: 04862 229228, 8547857662

xvision ads

എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച പാലായിലെ ആശുപത്രിയിലും അവസാന ഞായറാഴ്ച തൊടുപുഴ ആശുപത്രിയിലും ബി.പി.എൽ വിഭാഗത്തിൽ പെട്ടവർക്കായി സൗജന്യ നേത്ര ശസ്ത്രക്രിയാ ക്യാമ്പുകൾ നടത്തുന്നു.
കുത്തിവയ്പ്പും തുന്നലുമില്ലാത്തതും വേദനരഹിതവുമായ ഫേക്കോ തിമിരശസ്ത്രക്രിയയാണ് ഈ ആശുപത്രികളിൽ ചെയ്യുന്നത്.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com